VOL NO: 06 I ISSUE 21
www.nerpatham.com
mail@nerpatham.com
2022 MAY 21 I ₹10

# നേർപഥം

വാരിക

## ക്വുർആനും ചരിത്രവും

പൗരന്റെ അടിസ്ഥാനവകാശങ്ങൾ വകവെച്ച് നൽകുന്നതിൽ തുടർച്ചയായി പരാജയപ്പെടുന്ന ഭരണകൂടം ജനശ്രദ്ധ തിരിച്ചുവിടാനായി കൊണ്ടിടുന്ന ‘പല്ലിവാൽ പ്രശ്നത്തിൽ’ പെട്ടതാണ് സ്കൂൾ യൂനിഫോമിൽ ഹിജാബ് ഉൾപ്പെടുമോ എന്ന ചർച്ച. ഒരുപാട് വിദ്യാർഥികളുടെ അക്കാദമിക ജീവിതവും കരിയറും നഷ്ടപ്പെടുത്തി എന്ന് മാത്രമല്ല വർഗീയ ധ്രുവീകരണത്തിന്റെ കനൽക്കടലിലേക്ക് നാടിനെ എടുത്തെറിയുകകൂടി ചെയ്യുന്നുണ്ട്, പുതിയ വിവാദവും വിധിയും.

# ഹിജാബ് വിധി: ഒരു വിശകലനം



- || മാതാപിതാക്കളെ ചേർത്തുപിടിക്കുക
- || തശഹ്ഹുദിലെ പ്രാർഥന; നാം അറിയേണ്ടത്
- || ജീവിതവിശുദ്ധിയുടെ ഇസ്‌ലാമിക പാഠങ്ങൾ


ഇനി പഠനം രസകരമാകും
peaceradio
e മദ്റസ
റെഗുലർ കോഴ്സ്
Class Tests
Activities
Star of the Week
Parent Review
Final Exam
Phone in Viva
Live Chat
പ്രക്ഷേപണം
ഇന്ത്യൻ സമയം
01:30 PM
നമ്മുടെ കൂട്ടുകാരെ രജിസ്റ്റർ ചെയ്യാൻ മറക്കരുത്
വീഡിയോ ക്ലാസുകൾ ലഭിക്കാൻ
zameel
Zameel
Online Library
സന്ദർശിക്കുക
പീസ് റേഡിയോ നിങ്ങളുടെ ഫോണിൽ ലഭിക്കുവാൻ
ANDROID APP ON Google play
Available on the App Store
Peace Radio
RadioForPeace

0278

നേർപഥം
വാരിക

2022 മെയ് 21
1443 ശവ്വാൽ 19
പുസ്തകം 06 / ലക്കം 21






Printed, published
& owned by
K. Sajjad

Printed at
Sprint Offset Printers,
Kozhikode

Published at
Kozhikod - 673002

Managing Editor:
Nasir Balusseri

Editor:
Usman Palakkazhi

Chief Editor:
Anil Primrose

Web Editor:
Haseeb Elayur

Design, Cover & Layout:
Musthafa Mannarottil



Nerpatham Weekly
PB No: 597
EKP Complex, Kallai Road
Kozhikkode 2, Kerala,India
Ph: 0495 4019437
mail@nerpatham.com
www.nerpatham.com
Facebook: www.facebook.com/
nerpatham weekly






കവർ സ്റ്റോറി

10

ഹിജാബ് വിധി;
ഒരു വിശകലനം
അലി മുഹമ്മദ് തയ്യിൽ
ജില്ല ജഡ്ജ് (റിട്ട)

05
മുഖമൊഴി
ക്വുർആനും ചരിത്രവും

06
ലേഖനം
രോഗവും മരുന്നും
ഇമാം ഇബ്നുൽ ക്വയ്യിം
അൽജൗസിയ്യ
വിവർത്തനം: ബിൻത് മുഹമ്മദ്

16
ലേഖനം
ജീവിതവിശുദ്ധിയുടെ
ഇസ്‌ലാമിക പാഠങ്ങൾ
ഉസ്മാൻ പാലക്കാഴി

18
ലേഖനം
മാതാപിതാക്കളെ
ചേർത്തുപിടിക്കുക
ഡോ. ടി. കെ യൂസുഫ്

23
ക്വുർആൻ ദർശനം
മുഹമ്മദ്
അബ്ദുർറഹ്മാനുബ്നു
നാസിറുസ്സഅ്ദി

26
ചരിത്രപഥം
പ്രവാചകന്റെ
വിവാഹങ്ങൾ
ഹുസൈൻ സലഫി

31
ലേഖനം
തശഹ്ഹുദിലെ പ്രാർഥന;
നാം അറിയേണ്ടത്
ദുൽക്കർഷാൻ അലനല്ലൂർ

34
കവിത
വെറുപ്പിന്റെ
തെറിപ്പാട്ട്
സുലൈമാൻ പെരുമുക്ക്

## ഇസ്‌ലാം സ്ത്രീകൾക്ക് സുരക്ഷിതത്വവും ആദരവും നൽകിയ മതം

# ജാമിഅ അൽഹിന്ദ് രണ്ടാം കോൺവൊക്കേഷന് സമാപനം

വേങ്ങര: സ്ത്രീകൾക്കും കുട്ടികൾക്കും സുരക്ഷിതത്വവും ആദരവും നൽകിയ മതമാണ് ഇസ്‌ലാമെന്ന് ജാമിഅ അൽഹിന്ദ് അൽഇസ്‌ലാമിയ രണ്ടാം കോൺവൊക്കേഷൻ സമാപന സമ്മേളനം അഭിപ്രായപ്പെട്ടു. വിദ്യാഭ്യാസത്തെ തൊഴിൽ നേടാനുള്ള മാർഗം മാത്രമായി കാണാതെ; അതുകൊണ്ട് സാമൂഹിക ഉന്നമനവും പാർശ്വവൽക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ പരിഷ്ക്കരണവും ലക്ഷ്യമാക്കാൻ നമുക്ക് കഴിയണം. ഓരോ മതത്തിന്റെയും വിശ്വാസവും ആചാരാനുഷ്ഠാനങ്ങളും തീരുമാനിക്കേണ്ടത് അതത് മതങ്ങളുടെ പ്രമാണങ്ങളാണ്.

പൊതുസമൂഹത്തിന്റെ സൈ്വര്യജീവിതത്തെയും സാമൂഹ്യബന്ധങ്ങളെയും പോറലേൽപിക്കാത്ത കാലത്തോളം ഓരോ മതവിഭാഗത്തിന്റെയും വിശ്വാസവും ആചാരവും ചോദ്യം ചെയ്യപ്പെടുന്നത് ഏത് മതവും വിശ്വസിക്കാനുള്ള സ്വാതന്ത്ര്യം അനുവദിച്ചുതരുന്ന ഭരണഘടനാതത്ത്വങ്ങളോടുള്ള വെല്ലുവിളിയാണ്.

മതങ്ങൾക്കകത്തും പുറത്തും പരസ്പര ബഹുമാനത്തോടെയുള്ള ചർച്ചകളും വിമർശനങ്ങളും നടക്കുന്നതിന് പകരം ഓരോ വിശ്വാസത്തിന്റെയും യുക്തി പൊതുസമൂഹത്തിന് മൊത്തത്തിൽ ബോധ്യപ്പെട്ടാലേ അത് രാജ്യത്ത് അംഗീകരിക്കാനാകൂ എന്ന നിലപാട് ഇന്ത്യയെപ്പോലുള്ള ബഹുമത സമൂഹരാജ്യത്തിന് ചേർന്നതല്ല.

54 ഹികമിമാർ അവരുടെ സ്ഥാന വസ്ത്രമണിഞ്ഞ് സദസ്സിലെ പ്രത്യേക ഇരിപ്പിടത്തിൽ ഇരിക്കുന്ന പ്രൗഢമായ വേദിയും ഫൈസൽ മൗലവി നടത്തിയ സനദ് ദാന പ്രഭാഷണവും മറ്റു പണ്ഡിതന്മാരുടെയും അതിഥികളുടേയും സാന്ദർഭികമായ മൊഴിമുത്തുകളും കോൺവെക്കേഷനെ ഉജ്ജ്വലമാക്കി. കാലാവസ്ഥ പ്രതികൂലമായിട്ടും പരിപാടിയുടെ പ്രൗഢിക്ക് യാതൊരു കുറവും വന്നില്ല. കോവിഡ് കാരണം സ്ഥാപനത്തിൽ ഒരുമിച്ചുചേരാൻ ഇതുവരെ സാധിക്കാത്തതിന്റെ വിഷമം കോൺവൊക്കേഷനിൽ ജാമിഅയെ സ്നേഹിക്കുന്നവർ നികത്തുകയായിരുന്നു.

പൊതുസമ്മേളനം വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ. അബ്ദുല്ലത്വീഫ് മദനി നിർവഹിച്ചു. വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന വൈസ് പ്രസിഡന്റ് അബൂബക്കർ സലഫി അധ്യക്ഷത വഹിച്ചു. മന്ത്രി വി. അബ്ദുൽ റഹ്മാൻ മുഖ്യാതിഥിയായി സംസാരിച്ചു. എം.എൽ.എമാരായ പി.കെ കുഞ്ഞാലിക്കുട്ടി, ടി.വി ഇബ്രാഹീം, മദ്രസാ ക്ഷേമനിധി ബോർഡ് ചെയർമാൻ എം.പി അബ്ദുൽ ഗഫൂർ എന്നിവർ പങ്കെടുത്തു.

അൽമഹാറാ അവാർഡ് ദാനം അബ്ദുല്ലത്വീഫ് കാതിബ് നിർവഹിച്ചു. കെ. താജുദ്ദീൻ സ്വലാഹി, അർശദ് അൽഹികമി, ത്വൽഹത്ത് സ്വലാഹി, ടി.കെ അശ്റഫ്, നബീൽ രണ്ടത്താണി, ഹനീഫ ഓടക്കൽ, അബ്ദുൽ ഖാദിർ പറവണ്ണ എന്നിവർ സംസാരിച്ചു.

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ, ഹുസൈൻ സലഫി, ഹാരിസ് ഇബ്നു സലീം, ശമീർ മദീനി, അബ്ദുല്ലത്വീഫ് സുല്ലമി എന്നിവർ സംസാരിച്ചു. ശൈഖ് അബ്ദുല്ലത്വീഫ് അൽകാതിബ്, ശൈഖ് മുഹമ്മദ് അബ്ദുൽ സലാം മദനി എന്നിവർ സനദ് ദാനം നിർവഹിച്ചു.

ജാമിഅ ചെയർമാൻ കൂടിയായ പി.എൻ അബ്ദുല്ലത്വീഫ് മദനി പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. ജാമിഅ അൽഹിന്ദ് ഡയറക്ടർ ഫൈസൽ മൗലവി പുതുപറമ്പ് സനദ്ദാന പ്രഭാഷണം നടത്തി.

സമ്മേളനത്തിന്റെ ഭാഗമായി തലമുറ സംഗമം, അവാർഡ് ദാനം, സ്കൂൾ ഓഫ് ഖുർആൻ സംഗമം എന്നിവ സംഘടിപ്പിച്ചു.

# ക്വുർആനും ചരിത്രവും

മനുഷ്യൻ വ്യക്തിപരമായും ഒരു സമൂഹമെന്ന നിലയിലും പിന്നിട്ടുപോന്ന വിവിധ അവസ്ഥകളിലേക്കും ചിന്താപരവും പ്രവൃത്തിപരവുമായ സ്ഥിതിവിശേഷങ്ങളിലേക്കും വെളിച്ചം വീശുന്നവയാണ് ക്വുർആനിലെ ചരിത്രപരാമർശങ്ങൾ. വിവിധ ജനവിഭാഗങ്ങൾ, രാഷ്ട്രങ്ങൾ, അവ പിന്നിട്ടുവന്ന നാൾവഴികൾ, ആ ജനവിഭാഗങ്ങൾക്ക് സ്രഷ്ടാവിനോടുണ്ടായിരുന്ന ബന്ധത്തിന്റെ സ്വഭാവങ്ങൾ, അവയിലേക്ക് നിയോഗിക്കപ്പെട്ട ദൂതന്മാരും അവർക്ക് നേരിടേണ്ടിവന്ന ദുരനുഭവങ്ങളും അവരുടെ പ്രബോധിത സമൂഹത്തിന്റെ സ്ഥിതിഗതികളും ദൂതരോടുള്ള അവരുടെ സമീപനങ്ങളും... എന്നിങ്ങനെ ക്വുർആൻ അനാവൃതമാക്കുന്ന ചരിത്ര വസ്തുതകൾ നിരവധിയാണ്. പൂർവകാലത്തിന്റെ അനുഭവ പാരാവാരത്തിൽനിന്ന് മാനവരാശി അറിയേണ്ടതും ഉൾക്കൊള്ളേണ്ടതുമായ കാര്യങ്ങളെ ആവിഷ്കരിക്കുന്നവയാണ് ക്വുർആനിലെ ആവർത്തിക്കപ്പെട്ടവയും അല്ലാത്തവയുമായ എല്ലാ ചരിത്ര പരാമർശങ്ങളും. വൃഥാവിവരണവും കാൽപനികതയും കാവ്യാത്മകതയും ലക്ഷ്യമാക്കി ആവിഷ്ക രിക്കപ്പെട്ടിട്ടുള്ളവയല്ല ക്വുർആനിലെ ഒരൊറ്റ ചരിത്രപരാമർശവും. കൃത്യമായ പാഠം ഉരുത്തിരിച്ചെടുക്കുവാൻ കഴിയുന്ന തരത്തിൽ ലക്ഷ്യാധിഷ്ഠിതമായ വ്യക്തതയോടെ മാത്രമാണ് ഓരോ ചരിത്ര പരാമർശവും ക്വുർആനിൽ ക്രമീകരിക്കപ്പെട്ടിരിക്കുന്നത് എന്നത് പ്രത്യേക ശ്രദ്ധയർഹിക്കുന്നു.

ചരിത്രത്തിന്റെ വസ്തുതകളെയും അനുഭവാംശങ്ങളെയും കോർത്തിട്ടിരിക്കുന്നത് കാലത്തിന്റെ ഇഴകളിലാണ്. ചരിത്രത്തിന്റെ സുപ്രധാന ഭാഗമായി കാലം കടന്നുവരുന്നു. കാലത്തിന്റെ പശ്ചാത്തല പരിസരത്ത് ദൈവികതീരുമാനത്തിന്റെ അണുവിട തെറ്റാത്ത സംഭവശൃംഖലകൾ കടന്നുവന്നു പോയിക്കൊണ്ടിരിക്കുന്നതാണ് ചരിത്രത്തിന്റെ മൗലികമായ സ്വഭാവം. അതുകൊണ്ടുതന്നെ ചരിത്രത്തിന്റെ ആകെതുകയിൽ കാലം അവഗണിക്കാനാവാത്ത ഒരു പ്രധാന ഘടകമാണ്. ക്വുർആനിലെ ചരിത്രപരാമർശങ്ങളിലും സൂചനകളിലും കാലത്തിന് നൽകുന്ന പരിഗണന പ്രത്യേകം ശ്രദ്ധേയമാണ്. അതോടൊപ്പം തന്നെ കാലത്തെ മാത്രം അതിന്റെ ചരിത്ര പശ്ചാത്തലപരമായ പ്രാധാന്യം പരിഗണിച്ചുകൊ ണ്ട് പരാമർശിക്കുന്ന ഇടങ്ങളും ക്വുർആനിലുണ്ട്. ക്വുർആനിലെ ഒരു അധ്യായത്തിന്റെ പേരുതന്നെ 'അൽ അസ്വ്ർ' അഥവാ 'കാലം' എന്നാണ്. "കാലത്തെ തന്നെ സത്യം! തീർച്ചയായും മനുഷ്യൻ നഷ്ടത്തിൽ തന്നെയാകുന്നു; വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും, സത്യം കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ക്ഷമ കൈക്കൊള്ളാൻ അന്യോന്യം ഉപദേശിക്കുകയും ചെയ്തവരൊഴികെ" (103:1-3).


മനുഷ്യന്റെ പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കിയാണ് അവൻ വിലയിരുത്തപ്പെടുന്നത് എന്നും മനുഷ്യന്റെ വിജയവും പരാജയവും അവന്റെ കർമങ്ങളുമായി ബന്ധപ്പെട്ടിരിക്കുന്നു എന്നുമുള്ള പാഠം വളരെ ലളിതമായി പറഞ്ഞുതരികയാണ് ഈ ചെറിയ അധ്യായം.

പൂർവ പ്രവാചകന്മാരുടെ ജീവിതാനുഭവങ്ങൾ, അവരുടെ ജനതയിൽനിന്നുണ്ടായ പ്രശ്നങ്ങൾ, പ്രതികരണങ്ങൾ, അവരുടെ പ്രവൃത്തികളുടെ ഫലങ്ങൾ എന്നിവയെക്കുറിച്ചുള്ള വിവരണങ്ങൾക്ക് ക്വുർആനിൽ പരാമർശിക്കപ്പെട്ട വിശേഷണം 'ഖസ്വസ്' എന്നാണ്. കഥകൾ, അനുഭവവിവരണങ്ങൾ, പാഠാത്മക സൂചനകൾ, ചരിത്രപാഠങ്ങൾ എന്നീ അർഥങ്ങൾ 'ഖസ്വസി'ന് ക്വുർആൻ പണ്ഡിതർ നൽകിയിട്ടുണ്ട്. ക്വുർആൻ 7:176 വചനത്തിന്റെ അന്ത്യം ഇപ്രകാരമാണ്: '...അതിനാൽ (അവർക്ക്) ഈ കഥ വിവരിച്ചുകൊടുക്കൂ. അവർ ചിന്തിച്ചെന്നുവരാം' (7: 176).

വേദഗ്രന്ഥത്തിൽ അവഗാഹം നേടിയിട്ടും ഭൗതിക നേട്ടങ്ങളിൽ ആകൃഷ്ടനായി അവിശ്വാസത്തിലേക്കും അധാർമികതയിലേക്കും വഴുതിപ്പോയ, ഇസ്റാഈല്യരിലെ ഒരു വേദപണ്ഡിതനെക്കുറിച്ച് പരാമർശിച്ച ശേഷമാണ് ക്വുർആൻ മേൽപറഞ്ഞ ഉദ്ബോധനം നടത്തിയിരിക്കുന്നത്. ചിന്തിച്ച് പാഠമുൾക്കൊള്ളുവാനാണ് ക്വുർആൻ ചരിത്ര വസ്തുതകൾ പറഞ്ഞുതരുന്നത് എന്നർഥം.

ലേഖനം






# രോഗവും മരുന്നും ④

ഇമാം ഇബ്നുൽ ക്വയ്യിം അൽജൗസിയ്യ
ക്രോഡീകരണം: ഉസ്താദത്ത് ഈമാൻ ഉബൈദ്
വിവർത്തനം: ബിൻത് മുഹമ്മദ്

**പാഠം 9**

**പാപങ്ങൾ ഹൃദയത്തിലും ശരീരത്തിലും കുഴപ്പങ്ങൾ ഉണ്ടാക്കുന്നതാണ്**

മനുഷ്യന് മറ്റു സൃഷ്ടികളെക്കാൾ ശ്രേഷ്ഠത അല്ലാഹു നൽകിയിരിക്കുന്നു. കാര്യങ്ങൾ ഉറ്റാലോചിച്ച് മനസ്സിലാക്കുവാനുള്ള ബുദ്ധി അല്ലാഹു മലക്കുകൾക്ക് പോലും നൽകിയിട്ടില്ല. അത്രമാത്രം വിലമതിക്കപ്പെട്ടവരാണ് മനുഷ്യർ. പക്ഷേ, നമ്മൾ മനുഷ്യർ നമ്മുടെതന്നെ വില തിരിച്ചറിയുന്നില്ല. പരിശുദ്ധ ക്വുർആനിൽ അല്ലാഹു പറയുന്നു:

“തീർച്ചയായും ആദം സന്തതികളെ നാം ആദരിക്കുകയും, കടലിലും കരയിലും അവരെ നാം വാഹനത്തിൽ കയറ്റുകയും, വിശിഷ്ടമായ വസ്തുക്കളിൽനിന്ന് നാം അവർക്ക് ഉപജീവനം നൽകുകയും, നാം സൃഷ്ടിച്ചിട്ടുള്ളവരിൽ മിക്കവരെക്കാളും അവർക്ക് നാം സവിശേഷമായ ശ്രേഷ്ഠത നൽകുകയും ചെയ്തിരിക്കുന്നു” (അൽഇസ്റാഅ് 70).

മറ്റൊരിടത്ത് പറയുന്നു: “അത്തിയും ഒലീവും സീനാപർവതവും നിർഭയത്വമുള്ള ഈ രാജ്യവും തന്നെയാണെ സത്യം, തീർച്ചയായും മനുഷ്യനെ നാം ഏറ്റവും നല്ല ഘടനയോടുകൂടി സൃഷ്ടിച്ചിരിക്കുന്നു. (സൂറതുത്തീൻ 1-4).

ഈ മഹത്തായ സ്ഥാനം നിലനിർത്തുന്നതിനും ഉയർത്തുന്നതിനും പാപങ്ങളിൽ മുഴുകിപ്പോകാതെ നിരന്തരം അല്ലാഹുവിലേക്ക് പശ്ചാത്തപിച്ച് മടങ്ങാൻ നാം പരിശ്രമിക്കേണ്ടതാണ്. അല്ലാഹുവിന്റെ മാർഗത്തിൽനിന്നും നാം തിരിഞ്ഞുകളഞ്ഞാൽ പാപങ്ങളിൽ അകപ്പെട്ടുപോകുന്നതാണ്. പശ്ചാത്തപിച്ച് മടങ്ങിയില്ലെങ്കിൽ അല്ലാഹുവിന്റെയടുക്കൽ നാം നിന്ദ്യന്മാരായിത്തീരുകയും ചെയ്യും. ഹസനുൽ ബസ്വരി (റഹ്) പറയുന്നു: “സ്വന്തം വില മനസ്സിലാക്കാത്തവരാണ് പാപങ്ങൾ ചെയ്തു കൂട്ടുന്നത്. അല്ലാഹുവിന്റെ അടുക്കൽ അവരുടെ വില താണുപോവുകയും ചെയ്യും. അല്ലാഹുവിന്റെ അടുക്കൽ വിലമതിക്കപ്പെട്ടവർ എപ്പോഴും സുരക്ഷിതരായിരിക്കും. അല്ലാഹുവിന്റെ കണ്ണിൽ നിന്ദ്യരായവർക്ക് വില നൽകാൻ ആർക്കും സാധിക്കുന്നതല്ല. അല്ലാഹു പറയുന്നു: ആരെ അല്ലാഹു നിന്ദിതനും അപമാനിതനും ആക്കിയോ അവന് പിന്നെ മഹത്വമേകുന്നവനാരുമില്ല (അൽഹജ്ജ് 18)”

അല്ലാഹു നിന്ദിച്ചവനെ ആരെങ്കിലും പുകഴ്ത്തിയാൽ പുകഴ്ത്തുന്നവന് എന്തെങ്കിലും ആവശ്യം സാധിക്കുവാൻ ഉണ്ടാകും. അല്ലെങ്കിൽ അയാളിൽനിന്ന് എന്തെങ്കിലും നാശം ഭയന്നിട്ടാകും. അല്ലാതെ അയാൾ അതിന് അർഹനായതുകൊണ്ടല്ല.

ഒരു അടിമ പാപങ്ങളിൽ നിരന്തരം ഏർപ്പെട്ട് കഴിയുമ്പോൾ അയാൾക്ക് പാപം ഒരു സാധാരണ കാര്യമായിത്തീരും. നന്നാകണ

> **ഒരു അടിമ പാപങ്ങളിൽ നിരന്തരം ഏർപ്പെട്ട് കഴിയുമ്പോൾ അയാൾക്ക് പാപം ഒരു സാധാരണ കാര്യമായിത്തീരും. നന്നാകണമെന്നോ പശ്ചാത്തപിച്ച് മടങ്ങണമെന്നോ അയാൾക്ക് തോന്നുകപോലുമില്ല. കുറവുകളുള്ള ഒരു ജീവിതവുമായി കുറേകാലം ജീവിച്ചാൽ ആ കുറവുകളുമായി ജീവിക്കാൻ അയാൾ പരിശീലിക്കുന്നതാണ്. ഒരു നല്ല ഹൃദയത്തിനുടമയായവൻ ഒരു തെറ്റ് ചെയ്താൽ പെട്ടെന്നുതന്നെ അതിന്റെ പ്രയാസം അദ്ദേഹത്തിന്റെ മനസ്സിൽ ശക്തമാകും. ഉദാ: നമ്മൾ സ്വന്തം മാതാവിനോട് മോശമായി സംസാരിച്ചുപോയാൽ പിന്നെ നമുക്ക് ഉറക്കം വരില്ല. പക്ഷേ, സ്വന്തം മാതാവിനോട് നിരന്തരം കയർക്കുന്ന ഒരാൾക്ക് ഒരു കുറ്റബോധവും തോന്നുകയുമില്ല.**

മെന്നോ പശ്ചാത്തപിച്ച് മടങ്ങണമെന്നോ അയാൾക്ക് തോന്നുകപോലുമില്ല. കുറവുകളുള്ള ഒരു ജീവിതവുമായി കുറേകാലം ജീവിച്ചാൽ ആ കുറവുകളുമായി ജീവിക്കാൻ അയാൾ പരിശീലിക്കുന്നതാണ്. ഒരു നല്ല ഹൃദയത്തിനുടമയായവൻ ഒരു തെറ്റ് ചെയ്താൽ പെട്ടെന്നുതന്നെ അതിന്റെ പ്രയാസം അദ്ദേഹത്തിന്റെ മനസ്സിൽ ശക്തമാകും. ഉദാ: നമ്മൾ സ്വന്തം മാതാവിനോട് മോശമായി സംസാരിച്ചുപോയാൽ പിന്നെ നമുക്ക് ഉറക്കം വരില്ല. പക്ഷേ, സ്വന്തം മാതാവിനോട് നിരന്തരം കയർക്കുന്ന ഒരാൾക്ക് ഒരു കുറ്റബോധവും തോന്നുകയുമില്ല.

ആകയാൽ നാം അല്ലാഹുവിനോട് നിരന്തരം പാപമോചനം തേടണം. കാരണം, നമ്മുടെ ഏത് പാപമാണ് നമുക്ക് ശീലമായി പോയതെന്ന് നമുക്ക് അറിയുവാൻ സാധിച്ചെന്നുവരില്ല. നമ്മുടെ ഹൃദയത്തിലെ രോഗങ്ങൾ നമ്മൾ തിരിച്ചറിയേണ്ടതാണ്. താൻ ഒരു രോഗിയാണെന്ന് അറിയാതിരിക്കലാണ് ഒരാളുടെ നാശത്തിന്റെ ഏറ്റവും വലിയ അടയാളം. തന്റെ പാപം നിസ്സാരമാണെന്ന് എത്രകണ്ട് ഒരുവൻ കരുതുന്നുവോ അത്രകണ്ട് അത് അല്ലാഹുവിന്റെ കണ്ണിൽ വലുതായിരിക്കും. അപ്പോൾ ശിക്ഷയും അതനുസരിച്ച് വ്യത്യസ്തമായിരിക്കും.

ഒരു വിശ്വാസി തന്റെ പാപങ്ങളെ തന്റെ ശിരസ്സിന് മുകളിൽ സ്ഥിതിചെയ്യുന്ന ഒരു പർവതമായി കാണുകയും അത് തനിക്ക് മുകളിൽ വീണേക്കുമോ എന്ന ഭയം സദാ പുലർത്തുകയും ചെയ്യുന്നതാണ്. എന്നാൽ ഒരു പാപി തന്റെ പാപത്തെ തന്റെ മൂക്കിൻതുമ്പിൽ ഇരിക്കുന്ന ഒരു ഈച്ചയെപോലെ മാത്രമെ കരുതുന്നുള്ളൂ. അതിനെ സാധാരണമട്ടിൽ തട്ടിക്കളയുന്നതാണ്.

നമ്മൾ സദാ അല്ലാഹുവിന്റെയടുക്കൽ പാപങ്ങൾ ഏറ്റുപറയുകയും ഒരു യാചകനെപ്പോലെ പാപമോചനം തേടുകയും സൽകർമങ്ങൾ ചെയ്യുവാനുള്ള തൗഫീക് ചോദിക്കുകയും വേണം.

ഒരാൾ ഒരു പാപം ചെയ്താൽ അതിന്റെ ദൂഷ്യം അയാളുടെ ചുറ്റുപാടുകളെയും സ്വാധീനിക്കും. മനുഷ്യരിലും മൃഗങ്ങളിലും വസ്തുവകകളിലും പാപങ്ങളുടെ കുഴപ്പങ്ങൾ പ്രതിഫലിക്കുന്നതാണ്. അതെ, നമ്മുടെ യന്ത്രങ്ങൾ പ്രവർത്തിക്കുന്നില്ലങ്കിൽ, ഇണ നമ്മോട് കോപത്തിലാണെങ്കിൽ, നമ്മുടെ മക്കൾ നമ്മെ അനുസരിക്കുന്നില്ലങ്കിൽ, നമ്മുടെ തൊഴിലാളികൾ പ്രശ്നമുണ്ടാക്കുന്നെങ്കിൽ, നമ്മൾ നമ്മളിലേക്ക് തന്നെ തിരിഞ്ഞ് സ്വയം പരിശോധിക്കേണ്ട സമയമായി എന്ന് മനസ്സിലാക്കുക. നാം അല്ലാഹുവിലേക്ക് പശ്ചാത്തപിച്ച് മടങ്ങുകയും ചെയ്യുക.

അല്ലാതെ കണ്ണേറിനെയോ മാരണത്തെയോ പഴിക്കുന്നതിൽ ഒരു കാര്യവുമില്ല. നാം നമ്മിലേക്ക് തന്നെ നോക്കുകയും പാപമോചനം തേടുകയുമാണ് ചെയ്യേണ്ടത്. പക്ഷേ, നാം നമ്മുടെ അവസ്ഥയെ ശരിയായ നിലയിൽ വിശകലനം ചെയ്യുന്നില്ല എന്നതാണ് നമുക്കുള്ള പ്രശ്നം. വീട്ടിലെ യന്ത്രങ്ങൾക്ക് കേടു പറ്റിയാൽ നമ്മൾ അതിന്റെ കേടുപാടുകൾ തീർക്കാൻ തിടുക്കം കൂട്ടും. പക്ഷേ, അത് നമ്മുടെ പാപങ്ങൾ നിമിത്തമാണെന്ന തിരിച്ചറിവ് ഉണ്ടാകാറില്ല. പാപമോചനതേട്ടം നടത്തുകയുമില്ല. അല്ലാഹു നമ്മുടെ പാപങ്ങളെല്ലാം പൊറുത്ത് നൽകട്ടെ. ആമീൻ

അഹങ്കാരം, അസൂയ മുതലായ ഹൃദയരോഗമുള്ളവർ നിറഞ്ഞ ഒരു പരിസരം നമുക്ക് എപ്പോഴും ദോഷകരമായിരിക്കും. പരസ്പര വിട്ടുവീഴ്ചയും നന്മയും നിറഞ്ഞ ഭവനങ്ങൾ സമാധാനത്തിന്റെ കേന്ദ്രങ്ങളായി മാറും.

അല്ലാഹു അറിയിക്കുന്നു: മനുഷ്യകരങ്ങൾ പ്രവർത്തിച്ചതിന്റെ ഫലമായി കടലിലും കരയിലും നാശം പ്രകടമായിരിക്കുന്നു. ജനങ്ങൾ പ്രവർത്തിച്ച തിന്മകളിൽ ചിലതിന്റെ രുചിയറിയുന്നതിന് വേണ്ടിയാണ് ഇപ്രകാരം ചെയ്യുന്നത്. ഇതിലൂടെ അവർ നന്മയിലേക്ക് മടങ്ങാൻ സാധ്യതയുണ്ട്.

"മനുഷ്യരുടെ കൈകൾ പ്രവർത്തിച്ചത് നിമിത്തം കരയിലും കടലിലും കുഴപ്പം വെളിപ്പെട്ടിരിക്കുന്നു. അവർ പ്രവർത്തിച്ചതിൽ ചിലതിന്റെ ഫലം അവർക്ക് ആസ്വദിപ്പിക്കുവാൻ വേണ്ടിയത്രെ അത്. അവർ ഒരുവേള മടങ്ങിയേക്കാം" (റൂം 41).

**പാഠം 10**

**പാപങ്ങളുടെ ചില പരിണിത ഫലങ്ങൾ**

ഒരു കാര്യം പാപമാണെന്ന് അല്ലാഹു നമ്മോട് പറഞ്ഞാൽ അത് നൂറുശതമാനവും ഹാനികരവും ദുഷിച്ചതുമായിരിക്കും. നിഷിദ്ധമാണെന്ന് അറിഞ്ഞിട്ടും നാം പാപങ്ങളിൽ അകപ്പെട്ടുപോകാൻ കാരണം, പിശാച് അതിനെ മനോഹരമായി നമുക്ക് മുമ്പിൽ അവതരിപ്പിക്കു

> **ഒരു കാര്യം പാപമാണെന്ന് അല്ലാഹു നമ്മോട് പറഞ്ഞാൽ അത് നൂറുശതമാനവും ഹാനികരവും ദുഷിച്ചതുമായിരിക്കും. നിഷിദ്ധമാണെന്ന് അറിഞ്ഞിട്ടും നാം പാപങ്ങളിൽ അകപ്പെട്ടുപോകാൻ കാരണം, പിശാച് അതിനെ മനോഹരമായി നമുക്ക് മുമ്പിൽ അവതരിപ്പിക്കുന്നതാണ്. എന്നാൽ നാം അതിലേക്ക് വീണുപോകുന്ന ആ നിമിഷംതന്നെ അതിന്റെ ദൂഷ്യഫലങ്ങൾ നമുക്ക് ചുറ്റും വ്യാപിക്കും. പാപങ്ങളുടെ ദുഷ്ഫലങ്ങൾ പരലോകത്തിൽ മാത്രമല്ല, ഇഹലോകത്തും ഉണ്ടാകുന്നതാണെന്ന് നാം മനസ്സിലാക്കുക. ഈ ദുഷ്ഫലങ്ങളുടെ വ്യാപ്തി എത്രത്തോളമാണെന്ന് അല്ലാഹുവിന് മാത്രമെ നിശ്ചയമുള്ളൂ.**

ന്നതാണ്. എന്നാൽ നാം അതിലേക്ക് വീണുപോകുന്ന ആ നിമിഷം തന്നെ അതിന്റെ ദൂഷ്യഫലങ്ങൾ നമുക്ക് ചുറ്റും വ്യാപിക്കും. പാപങ്ങളുടെ ദുഷ്ഫലങ്ങൾ പരലോകത്തിൽ മാത്രമല്ല, ഇഹലോകത്തും ഉണ്ടാകുന്നതാണെന്ന് നാം മനസ്സിലാക്കുക. ഈ ദുഷ്ഫലങ്ങളുടെ വ്യാപ്തി എത്രത്തോളമാണെന്ന് അല്ലാഹുവിന് മാത്രമെ നിശ്ചയമുള്ളൂ. എങ്കിലും പരിശുദ്ധ ക്വുർആനിലും ഹദീസുകളിലും പാപത്തിന്റെ വിവിധങ്ങളായ ഭൗതിക ദുഷ്ഫലങ്ങൾ വിവരിച്ചിട്ടുണ്ട്. അതിൽ ചിലത് ഇവിടെ കൊടുക്കുകയാണ്:

**1. അറിവ് തടയപ്പെടുന്നു**

നബി(സ്വ) അരുളി: "ഒരാൾക്ക് അല്ലാഹു നന്മ ഉദ്ദേശിച്ചാൽ അല്ലാഹു അവന് മതത്തിൽ ശരിയായ ഗ്രാഹ്യം നൽകുന്നതാണ്" (ബുഖാരി).

എന്നാൽ പാപം കാരണം ശരിയായ അറിവും ഗ്രാഹ്യവും നഷ്ടപ്പെടുന്നതാണ്. ചിലപ്പോൾ അറിവ് നാം സമ്പാദിച്ചേക്കാം. പക്ഷേ, അത് ശരിയായ രീതിയിൽ മനസ്സിലാക്കുന്നതിനും ഉൾക്കൊള്ളുന്നതിനും നമ്മുടെ പാപങ്ങൾ തടസ്സം നിൽക്കുന്നതാണ്. ഉദാഹരണത്തിന്, ഹൃദയരോഗങ്ങളായ അഹങ്കാരം, അസൂയ എന്നിവ വിജ്ഞാനത്തിന് വലിയ തടസ്സമാണ്. കാരണം ശരിയായ അറിവ്, വെറും മസ്തിഷ്കം കൊണ്ട് മാത്രം കരസ്ഥമാക്കാൻ കഴിയുന്നതല്ല. അറിവ് അല്ലാഹുവിൽനിന്നുള്ള വെളിച്ചമാണ്. അത് അല്ലാഹു തന്നെയാണ് നമ്മുടെ ഹൃദയത്തിലേക്ക് ഇട്ടുതരുന്നത്. പാപങ്ങൾ ഈ വെളിച്ചത്തെ കെടുത്തിക്കളയും. ചില നന്മകൾ പാപങ്ങൾ നിമിത്തം നമുക്ക് തടയപ്പെടുന്നതുമാണ്. ഉദാഹരണത്തിന്, അറിവിന്റെ സദസ്സുകളിൽ പങ്കെടുക്കണമെന്ന് ആഗ്രഹമുണ്ടായിരിക്കും. പക്ഷേ, നമ്മുടെ പാപങ്ങൾ അതിൽനിന്ന് നമ്മെ തടഞ്ഞു നിർത്തും. ആകയാൽ ഇസ്തിഗ്ഫാർ സ്ഥിരമായി നടത്തുക. അല്ലാഹു നമ്മെ ഉപകാരപ്രദമായ അറിവുകൊണ്ട് അനുഗ്രഹിക്കും.

**2. ഐഹിക വിഭവങ്ങൾ തടയപ്പെടും**

തക്വ അഥവാ സൂക്ഷ്മത നമ്മെ അല്ലാഹുവിനെ അനുസരിക്കുന്നതിലേക്ക് നയിക്കും. അത് നമുക്ക് ധനം, സൗഖ്യം പോലുള്ള ഐഹിക വിഭവങ്ങൾ എളുപ്പമാക്കും. തക്വയുടെ വിപരീതമായ അശ്രദ്ധ, നമ്മെ പാപങ്ങളിലേക്ക് നയിക്കും. അത് ഐഹിക വിഭവങ്ങളെ നമ്മിൽനിന്നും അകറ്റും. നമുക്ക് നഷ്ടങ്ങൾ സംഭവിക്കുമ്പോൾ സ്വയം നിരീക്ഷിക്കുക. തെറ്റ് കണ്ടെത്തി ഉടൻ ആത്മാർഥമായ പശ്ചാത്താപം നടത്തുക.

**3. അല്ലാഹുവിൽ നിന്നും ഹൃദയം അകന്നുപോവും**

ഇസ്തിഗ്ഫാർ ചെയ്യാതെ പാപങ്ങൾ തുടരുമ്പോൾ നാം അറിയാതെ അല്ലാഹുവിൽനിന്ന് അകന്നു പോകും. പ്രാർഥനാവേളകളിൽ മനസ്സിൽ നിർവികാരത നിറയും. അല്ലാഹുവിന്റെ കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും ഉഷ്മളത നമുക്ക് അനുഭവപ്പെടില്ല. ഇപ്രകാരം ഒരു അവസ്ഥ അനുഭവപ്പെട്ടാൽ അല്ലാഹുവിലേക്ക് പശ്ചാത്തപിച്ച് മടങ്ങുക. നമ്മുടെ പാപങ്ങൾ എന്താണെന്ന് ചിലപ്പോൾ നമുക്ക് ഓർമയുണ്ടായി എന്നു വരില്ല. എങ്കിലും നാം ഇസ്തിഗ്ഫാർ ചെയ്യണം. റസൂൽ(സ്വ) ഒരു ദിവസം എഴുപത് തവണയെങ്കിലും ഇസ്തിഗ്ഫാർ നടത്തിയിരുന്നു. അപ്പോൾ നമ്മൾ എത്രമാത്രം അത് ചെയ്യേണ്ടതുണ്ട് എന്ന് ചിന്തിച്ച് നോക്കുക.



**4. സച്ചരിതരായ ജനങ്ങളിൽനിന്നും അകൽച്ച സംഭവിക്കും**

നമ്മുടെ പാപങ്ങൾ നമ്മുടെ പരിസരത്തെയും ദുഷിപ്പിക്കും. നമ്മുടെ ഹൃദയത്തിൽ ഒരു ശൂന്യത അനുഭവപ്പെടും. അത് നമ്മുടെ പെരുമാറ്റത്തിലും പ്രതിഫലിക്കും. അത് സച്ചരിതരായ ജനങ്ങളുമായുള്ള ഇടപാടുകളിൽ പ്രകടമാകും. അങ്ങനെ ഹൃദയംകൊണ്ട് അവരിൽനിന്നും അകന്നുപോകും. ഈ അവസ്ഥ നമ്മൾ വളരെ വേഗം തിരിച്ചറിയുകയും പാപമോചനതേട്ടം നടത്തി അല്ലാഹുവിലേക്ക് മടങ്ങുകയും ചെയ്യേണ്ടതാണ്. അല്ലാത്ത പക്ഷം നല്ല കൂട്ടുകെട്ടിൽനിന്നുണ്ടാകുന്ന സദ്ഫലങ്ങൾ നമുക്ക്

**ഇസ്തിഗ്ഫാർ ചെയ്യാതെ പാപങ്ങൾ തുടരുമ്പോൾ നാം അറിയാതെ അല്ലാഹുവിൽ നിന്ന് അകന്നു പോകും. പ്രാർഥനാവേളകളിൽ മനസ്സിൽ നിർവികാരത നിറയും. അല്ലാഹുവിന്റെ കാരുണ്യത്തിന്റെയും സ്നേഹത്തിന്റെയും ഉഷ്മളത നമുക്ക് അനുഭവപ്പെടില്ല. ഇപ്രകാരം ഒരുവസ്ഥ അനുഭവപ്പെട്ടാൽ അല്ലാഹുവിലേക്ക് പശ്ചാത്തപിച്ച് മടങ്ങുക. നമ്മുടെ പാപങ്ങൾ എന്താണെന്ന് ചിലപ്പോൾ നമുക്ക് ഓർമയുണ്ടായി എന്നു വരില്ല. എങ്കിലും നാം ഇസ്തിഗ്ഫാർ ചെയ്യണം.**

നഷ്ടപ്പെടുകയും ക്രമേണ പിശാചിന്റെ കൂട്ടരോട് നാം കൂടുതൽ അടുത്തുപോവുകയും ചെയ്യും.

**5. സ്വന്തം കുടുംബം മാനസികമായി അകലുന്നതാണ്**

തനിക്ക് ചുറ്റും കുടുംബക്കാർ എല്ലാവരും ഉണ്ടായിരിക്കും. എന്നിട്ടും താൻ ഒറ്റപ്പെട്ടതായി അനുഭവപ്പെടുന്നതാണ്. പാപിയെ ഒരു തരം വിഷാദം പിടികൂടും. പാപി സ്വയം വെറുക്കുകയും പലപ്പോഴും ആത്മഹത്യയിലേക്ക് പോലും നീങ്ങുകയും ചെയ്യുന്നതാണ്. ശരിക്കും പിശാച് ആഗ്രഹിക്കുന്നതും ഇതുതന്നെയാണ്. നാം സദാസമയവും അല്ലാഹുവിൽ അഭയം തേടേണ്ടതാണ്.

സച്ചരിതരായ മുൻഗാമികളിൽ പെട്ട ഒരു മഹാൻ പറയുകയുണ്ടായി: 'ഞാൻ അല്ലാഹുവിനോട് അനുസരണക്കേട് കാണിച്ചാൽ അതിന്റെ പരിണിതഫലം എന്റെ ഭാര്യയിലും എന്റെ മൃഗത്തിൻമേലും ഞാൻ കാണുന്നതാണ്. ഉദാഹരണത്തിന്, നമ്മുടെ വാഹനം പ്രവർത്തിക്കാതിരുന്നാൽ, ഇണ നമ്മോട് കോപത്തിലാണെങ്കിൽ നാം ഉടൻ അല്ലാഹുവിനോട് പാപമോചനം തേടുക. നമ്മുടെ പോരായ്മകൾ മനസ്സിലാക്കി അത്



നന്നാക്കുവാൻ ശ്രമിക്കുക. അല്ലാഹു നമ്മുടെ കാര്യങ്ങൾ എല്ലാം നന്നാക്കുന്നതാണ്.'

അതെ, നാം മറ്റുള്ളവരെ തിരുത്തുന്നതിന് പകരം സ്വയം തിരുത്തിയാൽ അവസ്ഥ നന്നാകുന്നതാണ്. അല്ലാഹു അറിയിക്കുന്നു: "ഒരു ജനത സ്വന്തത്തിൽ മാറ്റം വരുത്തുന്നതുവരെ അല്ലാഹു അവരുടെ അവസ്ഥയിൽ മാറ്റം വരുത്തുന്നതല്ല" (റഅ്ദ് 11).

**പാഠം11**

**പാപത്തിന്റെ ചില ദുഷ്ഫലങ്ങൾ**

പാപങ്ങൾ കാരണം ഇഹലോകത്തുതന്നെ സംഭവിക്കുന്ന അഞ്ച് നാശനഷ്ടങ്ങളാണ് കഴിഞ്ഞ പാഠത്തിൽ വിവരിക്കപ്പെട്ടത്. മറ്റുചിലതു കൂടി മനസ്സിലാക്കുക:


നമ്മുടെ പാപങ്ങൾ, നമ്മുടെ പല നല്ല കാര്യങ്ങൾക്കും തടസ്സമുണ്ടാക്കും. വരുമാനത്തിൽ പ്രയാസം, കച്ചവടത്തിൽ നഷ്ടം, ജോലിക്ക് ഞെരുക്കം, മക്കളുടെ വിവാഹത്തിന് തടസ്സം എന്നിങ്ങനെ കാര്യങ്ങൾ ഒന്നും ശരിയാകാതെ വരും. എന്നാൽ പാപങ്ങളുടെയും അനുസരണക്കേടിന്റെയും നേർവിപരീതമാണ് തക്‌വ. അതായത്, പാപങ്ങളിൽ വീണുപോകാതെ സൂക്ഷ്മത പാലിക്കുന്നതിൽകൂടി ഉണ്ടാകുന്നത്. തക്‌വ ഒരു ശീലമാക്കിയാൽ അല്ലാഹു നമ്മുടെ കാര്യങ്ങൾ എളുപ്പമാക്കിത്തരുന്നതാണ്. കാരണം തക്‌വയുള്ളവർ അല്ലാഹുവിങ്കൽ വളരെ ആദരണീയരാണ്. അല്ലാഹു പറയുന്നു: "അല്ലാഹുവിന്റെയടുത്ത് നിങ്ങളിലേറ്റവും ആദരണീയർ നിങ്ങളിൽ കൂടുതൽ സൂക്ഷ്മതയുള്ളവരാണ്" (ഹുജുറാത്ത് 13).

ചില സമയങ്ങളിൽ നമ്മൾ ഒരു വരിയിൽ എന്തിനെങ്കിലും കാത്തുനിൽക്കുകയാകും. അടുത്ത വരി എളുപ്പത്തിൽ മുമ്പോട്ട് നീങ്ങുന്നത് കണ്ട്, നമ്മൾ അതിൽ പോയി നിൽക്കും. അപ്പോൾ അത് വേഗത്തിൽ മുമ്പോട്ട് നീങ്ങാതാകും. ഇത് വെറുതെ അങ്ങനെ സംഭവിക്കുന്നതല്ല. കാര്യങ്ങൾ ബുദ്ധിമുട്ടിലായി തീരുന്നുണ്ടെങ്കിൽ അതിനുകാരണം നമ്മുടെ പാപങ്ങളാണ്. തക്‌വ കാര്യങ്ങൾ എളുപ്പമാക്കിത്തരുന്നു. അല്ലാഹു പറയുന്നു: "അല്ലാഹുവിനോട് ആരെങ്കിലും ഭയഭക്തി പുലർത്തിയാൽ അല്ലാഹു അവന്റെ കാര്യങ്ങൾ എളുപ്പമാക്കുന്നതാണ്" (ത്വലാക് 4).

നബി(സ്വ) അരുളി: "എവിടെയായിരുന്നാലും നീ അല്ലാഹുവിനെ സൂക്ഷിക്കുക. ദുഷ്കർമ്മങ്ങൾ ഉണ്ടായിപ്പോയാൽ ഉടനടി സൽകർമങ്ങളിൽ ഏർപ്പെടുക. നന്മ തിന്മയെ തുടച്ചുമാറ്റുന്നതാണ്. ജനങ്ങളോട് സൽസ്വഭാവത്തോടെ ബന്ധപ്പെടുക" (തിർമിദി).

നമ്മുടെ പ്രശ്നങ്ങൾക്ക് മറ്റാരെയും പഴിച്ചതുകൊണ്ട് കാര്യമില്ല. നമ്മിലേക്കുതന്നെ നാം നോക്കുക. കാര്യങ്ങൾ ശരിയല്ലെങ്കിൽ -അത് സ്വന്തം കച്ചവടം, ഭാര്യ, മക്കൾ, ആരോഗ്യം എന്തുമാകട്ടെ- അല്ലാഹുവിലേക്ക് പശ്ചാത്തപിച്ച് മടങ്ങുക, അവനോട് മാപ്പിരക്കുക.

*(തുടരും)*




പൗരന്റെ അടിസ്ഥാനവകാശങ്ങൾ വകവെച്ച് നൽകുന്നതിൽ തുടർച്ചയായി പരാജയപ്പെടുന്ന ഭരണകൂടം ജനശ്രദ്ധ തിരിച്ചുവിടാനായി കൊണ്ടിട്ട 'പല്ലിവാൽ പ്രശ്നത്തിൽ' പെട്ടതാണ് സ്കൂൾ യൂനിഫോമിൽ ഹിജാബ് ഉൾപ്പെടുമോ എന്ന ചർച്ച. ഒരുപാട് വിദ്യാർഥികളുടെ അക്കാദമിക ജീവിതവും കരിയറും നഷ്ടപ്പെടുത്തി എന്ന് മാത്രമല്ല, വർഗീയ ധ്രുവീകരണത്തിന്റെ കനൽക്കടലിലേക്ക് നാടിനെ എടുത്തെറിയുകകൂടി ചെയ്യുന്നുണ്ട്, പുതിയ വിവാദവും വിധിയും.

കവർ സ്റ്റോറി

# ഹിജാബ് വിധി; ഒരു വിശകലനം

അലി മുഹമ്മദ് തയ്യിൽ, ജില്ലാ ജഡ്ജ് (റിട്ട)

ഇന്ത്യയിൽ പൊതുവെ വലിയ ചർച്ചകൾക്കും വിവാദങ്ങൾക്കും ഇട നൽകിയിട്ടുള്ള ഒരു കോടതിവിധിയാണ് ബഹു: കർണാടക ഹൈക്കോടതിയുടെ ഹിജാബ് സംബന്ധമായ വിധി. ഒരുപറ്റം മുസ്‌ലിം പെൺകുട്ടികൾ അവർക്ക് അവരുടെ മതവിശ്വാസത്തിന്റെ ഭാഗമായി ഹിജാബ് ധരിക്കാനുള്ള അവകാശം വിദ്യാലയ അധികൃതർ നിഷേധിച്ചതിനെതിരെയാണ് കോടതിയെ സമീപിച്ചത്. ഹിജാബ് ധരിക്കുക എന്നത് തങ്ങളുടെ മതവിശ്വാസപ്രകാരമുള്ള അനിവാര്യമായ ഒരു ആചാരമാണെന്നും അതിനുള്ള അവകാശം ഭരണഘടന ഉറപ്പു നൽകുന്ന മൗലിവകാശമാണെന്നും അനുഛേദം ഇരുപത്തിഅഞ്ച് പ്രകാരവും മറ്റു പ്രസക്തങ്ങളായ അനുച്ഛേദങ്ങൾ പ്രകാരവും തങ്ങളിൽ അത് നിക്ഷിപ്തമാണെന്നും ആയിരുന്നു ചുരുക്കത്തിൽ അവരുടെ വാദം.

എതിർകക്ഷികളായ സ്കൂൾ അധികൃതരും സർക്കാരും അതിന്റെ വിവിധ വകുപ്പ് തലവൻമാരും ഈ വാദത്തെ നിശിതമായി എതിർത്തുകൊണ്ട് അവരുടെ വാദമുഖങ്ങൾ അവതരിപ്പിക്കുകയുണ്ടായി . അവരുടെ വാദങ്ങൾ ചുരുക്കത്തിൽ ഇങ്ങനെയായിരുന്നു: ഭരണഘടനയുടെ ഇരുപത്തിയഞ്ചാം അനുഛേദമോ മറ്റു അനുഛേദങ്ങളായ, ഹരജിക്കാർ ചൂണ്ടിക്കാണിച്ച 14,15,16,19 എന്നീ അനുഛേദങ്ങളോ പരിപൂർണമായ അവകാശം ഹരജിക്കാർക്ക് കൊടുക്കുന്നില്ല. ഈ അവകാശങ്ങൾക്കെല്ലാം ഭരണകൂടത്തിന് ന്യായയുക്തമായ നിയന്ത്രണങ്ങൾ ഏർപ്പെടുത്താവുന്നതാണ്. ഹിജാബ് നിരോധിച്ചുകൊണ്ടുള്ള സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചുള്ളത് വിദ്യാഭ്യാസത്തിലൂടെ ശാസ്ത്രീയവും മതേതരവുമായ ഒരു ചിന്താഗതി ഊട്ടിയുറപ്പിക്കുവാനാണെന്നും ഭരണഘടനാപരമായ മതേതരത്വവും അനുഛേദം 39,51 എന്നീ അനുഛേദങ്ങൾ ഉദ്ഘോഷിക്കുന്ന തത്ത്വങ്ങളും പ്രയോഗവൽക്കരിക്കുവാനും സമൂഹത്തിൽ

സമാധാനവും ശാന്തതയും നിലനിർത്തുവാനുമൊക്കെയാണ് യൂണിഫോം നിർദേശിച്ചിട്ടുള്ളത് എന്നും യൂനിഫോം എടുത്തുകളഞ്ഞാൽ അത് വ്യക്തിയുടെ അന്തസ്സിനെയും സ്ത്രീകളുടെ വ്യക്തിപരമായ തിരഞ്ഞെടുപ്പിനുള്ള അധികാരത്തെയും ഹനിക്കുന്നതായിരിക്കുമെന്നുമൊക്കെയായിരുന്നു എതിർ കക്ഷികളുടെ വാദത്തിന്റെ ചുരുക്കം.

ബഹുമാനപ്പെട്ട കോടതി പിന്നീട് ചോദ്യങ്ങൾ ഫോർമുലേറ്റ് ചെയ്തുകൊണ്ട് ഇന്ത്യൻ ഭരണഘടന ഉയർത്തിപ്പിടിക്കുന്ന മഹത്തായ മതേതരമൂല്യങ്ങളെപ്പറ്റി വാചാലമായി വിവരിക്കുന്നുണ്ട്.

ബഹുമാനപ്പെട്ട സുപ്രീംകോടതി വിധികളുടെയും അതുപോലുള്ള മറ്റു ആധികാരിക രേഖകളുടെയും വെളിച്ചത്തിൽ പാശ്ചാത്യഭരണഘടനകളുടെയും ഭരണകൂടങ്ങളുടെയും കമ്യൂണിസ്റ്റ് ഭരണകൂടങ്ങളുടെയും മതേതര സങ്കൽപങ്ങളിൽനിന്ന് തീർത്തും വ്യത്യസ്തമായി വ്യക്തികൾക്ക് മതം വിശ്വസിക്കാനും ആചരിക്കാനും പ്രചരിപ്പിക്കുവാനുമൊക്കെയുള്ള സ്വതന്ത്രമായ അടിസ്ഥാന അവകാശങ്ങളെ ഉദ്ഘോഷിക്കുന്ന ഇന്ത്യൻ ഭരണഘടനയുടെയും ഭരണവ്യവസ്ഥയുടെയുമൊക്കെ മഹത്ത്വവും വ്യത്യസ്തതയും ഊന്നിപ്പറയുന്നു. എല്ലാമതങ്ങളെയും സംസ്കാരങ്ങളെയും ഉൾകൊള്ളാനും അവയുടെയെല്ലാം നിലനിൽപിനും വളർച്ചക്കുമുള്ള അവകാശത്തെ അംഗീകരിക്കാനുമുള്ള ഇന്ത്യയുടെ പരമ്പരാഗതമായ സ്വഭാവത്തെയും കഴിവിനെയുമൊക്കെ എടുത്തുപറയുന്നു. അതോടൊപ്പം അനുഛേദം 51ൽ പറയുന്ന മതം, ഭാഷ, വർഗം എന്നീ വ്യത്യാസങ്ങൾക്കതീതമായ ഒരുമയും പൊതുസാഹോദര്യവും വളർത്തിക്കൊണ്ടുവരുവാനും സ്ത്രീയുടെ അന്തസ്സിനെ ഹനിക്കുന്ന തരത്തിലുള്ള എല്ലാ ആചാരങ്ങളെയും നിരാകരിക്കുവാനുമുള്ള പൗരന്റെ കടമയെ സൂചിപ്പിച്ചുകൊണ്ട് കർണാടക സർക്കാരിന്റെ വിവാദപരമായ 1983ലെ ഈ കേസിലെ ഹരജിക്കാർ ചോദ്യം ചെയ്ത നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾക്കു മേൽ പറഞ്ഞ അനുഛേദത്തിന്റെ വെളിച്ചത്തിൽ ന്യായികരണങ്ങളുണ്ട് എന്നും നിരീക്ഷിക്കുന്നു.

ഭരണഘടനയുടെ അനുഛേദം 25 ഉദ്ധരിച്ച ശേഷം വിവിധ കോടതി വിധികളുടെയും മഹാന്മാരുടെ പ്രസ്താവനകളുടെയും വെളിച്ചത്തിൽ കോടതി അതിവിശാലമായ വിവരണങ്ങൾ നൽകുന്നു. മതത്തെ പ്പറ്റിയും മതാചാരങ്ങളെപറ്റിയുമൊക്കെയുള്ള പലരുടെയും വീക്ഷണങ്ങൾ എടുത്തുപറയുന്നു. ഇതോടൊപ്പം ബഹുമാനപ്പെട്ട കോടതി അമേരിക്കൻ ഭരണഘടനയിലെയും ആസ്ത്രേലിയൻ ഭരണഘടനയിലെയും പോലെ ഇന്ത്യൻ ഭരണഘടനയിലെ അനുഛേദം 25ൽ പറയുന്ന മതസ്വാതന്ത്ര്യം സമ്പൂർണമല്ലെന്നും യുക്തി സഹമായ നിയന്ത്രണങ്ങൾ (reasonable restrictions)ക്കു വിധേയമാണ് എന്ന കാര്യവും എടുത്തുപറയുന്നു. ഇരുപത്തിയഞ്ചാം അനുഛേദം പൊതുസമാധാനം, ധാർമികത, പൊതു ആരോഗ്യം ഭരണഘടന നൽകുന്ന മറ്റു മൗലികാവകാശങ്ങൾ എന്നിവക്കു വിധേയമാണ് എന്ന കാര്യവും എടുത്തു പറയുന്നു. മാത്രമല്ല ഇരുപത്തിയഞ്ചാം അനുഛേദത്തിന്റെ രണ്ടാം ഉപഅനുഛേദത്തിൽ വിവരിച്ചിട്ടുള്ള മതത്തോടനുബന്ധിച്ച സാമ്പത്തികവും പണസംബന്ധമായതും രാഷ്ട്രീയപരമായതുമായ മറ്റുമതേതര പ്രവർത്തനങ്ങളെ നിയന്ത്രിക്കാനുള്ള ഭരണകൂടത്തിന്റെ അധികാരത്തെയും എടുത്തുപറയുന്നു.

ബഹുമാനപ്പെട്ട കോടതി വളരെ വിശാലമായും കോടതിവിധികളടക്കമുള്ള ആധികാരിക ഉദ്ധരണി കളുടെ വെളിച്ചത്തിലും വിവരിച്ചിട്ടുള്ള കാര്യങ്ങൾ യാതൊരു തർക്കത്തിനും വകയില്ലാത്തവയാണ്. മനുഷ്യസാഹോദര്യം വ്യക്തിയുടെ അഭിമാനം, സമത്വം, സ്ത്രീസ്വാതന്ത്ര്യം, അന്തസ്സ് തുടങ്ങിയ എല്ലാ മഹത്തായ മൂല്യങ്ങളുടെയും നിലനിൽപിനായി അവയെല്ലാം നടപ്പിൽ വരുത്തേണ്ടതിലേക്കുള്ള നിയമനിർമാണങ്ങളെയും ആ വഴിയുള്ള സാമൂഹ്യപരിഷ്കാരങ്ങളെയുമൊക്കെ ഈ ഇരുപത്തഞ്ചാം അനുഛേദത്തെ പരിമിതപ്പെടുത്തിക്കൊണ്ടുള്ള അതിലെ ഉപഅനുഛേദങ്ങളും ക്ലോസുകളും സാധിതമാക്കുന്നു, അല്ലെങ്കിൽ അത്തരം മഹത്തായ ലക്ഷ്യങ്ങൾക്കു

**ഒരുപറ്റം മുസ്‌ലിം പെൺകുട്ടികൾ അവർക്ക് അവരുടെ മതവിശ്വാസത്തിന്റെ ഭാഗമായി ഹിജാബ് ധരിക്കാനുള്ള അവകാശം വിദ്യാലയ അധികൃതർ നിഷേധിച്ചതിനെതിരെയാണ് കോടതിയെ സമീപിച്ചത്. ഹിജാബ് ധരിക്കുക എന്നത് തങ്ങളുടെ മതവിശ്വാസപ്രകാരമുള്ള അനിവാര്യമായ ഒരു ആചാരമാണെന്നും അതിനുള്ള അവകാശം ഭരണഘടന ഉറപ്പു നൽകുന്ന മൗലിവകാശമാണെന്നും അനുഛേദം ഇരുപഞ്ച് പ്രകാരവും മറ്റു പ്രസക്തങ്ങളായ അനുച്ഛേദങ്ങൾ പ്രകാരവും തങ്ങളിൽ അത് നിക്ഷിപ്തമാണെന്നും ആയിരുന്നു ചുരുക്കത്തിൽ അവരുടെ വാദം.**

**ബഹുമാനപ്പെട്ട സുപ്രീംകോടതി വിധികളുടെയും അതുപോലുള്ള മറ്റു ആധികാരിക രേഖകളുടെയും വെളിച്ചത്തിൽ പാശ്ചാത്യഭരണഘടനകളുടെയും ഭരണകൂടങ്ങളുടെയും കമ്യൂണിസ്റ്റ് ഭരണകൂടങ്ങളുടെയും മതേതര സങ്കൽപങ്ങളിൽനിന്ന് തീർത്തും വ്യത്യസ്തമായി വ്യക്തികൾക്ക് മതം വിശ്വസിക്കാനും ആചരിക്കാനും പ്രചരിപ്പിക്കുവാനുമൊക്കെയുള്ള സ്വതന്ത്രമായ അടിസ്ഥാന അവകാശങ്ങളെ ഉദ്ഘോഷിക്കുന്ന ഇന്ത്യൻ ഭരണഘടനയുടെയും ഭരണവ്യവസ്ഥയുടെയുമൊക്കെ മഹത്ത്വവും വ്യത്യസ്തയും ഊന്നിപ്പറയുന്നു. എല്ലാമതങ്ങളെയും സംസ്കാരങ്ങളെയും ഉൾകൊള്ളാനും അവയുടെയെല്ലാം നിലനിൽപിനും വളർച്ചക്കുമുള്ള അവകാശത്തെ അംഗീകരിക്കാനുമുള്ള ഇന്ത്യയുടെ പരമ്പരാഗതമായ സ്വഭാവത്തെയും കഴിവിനെയുമൊക്കെ എടുത്തുപറയുന്നു. അതോടൊപ്പം അനുച്ഛേദം 51ൽ പറയുന്ന മതം, ഭാഷ, വർഗം എന്നീ വ്യത്യാസങ്ങൾക്കതീതമായ ഒരുമയും പൊതുസാഹോദര്യവും വളർത്തിക്കൊണ്ടുവരുവാനും സ്ത്രീയുടെ അന്തസ്സിനെ ഹനിക്കുന്ന തരത്തിലുള്ള എല്ലാ ആചാരങ്ങളെയും നിരാകരിക്കുവാനുമുള്ള പൗരന്റെ കടമയെ സൂചിപ്പിച്ചുകൊണ്ട് കർണാടക സർക്കാരിന്റെ വിവാദപരമായ 1983ലെ  ഈ കേസിലെ ഹരജിക്കാർ ചോദ്യം ചെയ്ത നിയമത്തിലെ ബന്ധപ്പെട്ട വകുപ്പുകൾക്കു മേൽ പറഞ്ഞ അനുച്ഛേദത്തിന്റെ വെളിച്ചത്തിൽ ന്യായീകരണങ്ങളുണ്ട് എന്നും നിരീക്ഷിക്കുന്നു.**

വേണ്ടി അനുച്ഛേദം ഇരുപത്തിയഞ്ചിൽ പറയുന്ന മതസ്വാതന്ത്ര്യം നിയന്ത്രണവിധേയമാക്കപ്പെട്ടതാണ് എന്നെല്ലാം ബഹുമാനപ്പെട്ട കോടതി വളരെ വിശദമായി വിവരിക്കുന്നു. മേൽ പറഞ്ഞപോലെ ഇവയൊക്കെ അവിതർക്കിതമായ കാര്യങ്ങളാണ്.

പക്ഷേ, ഇവിടെ ചൂണ്ടിക്കാണിക്കാനുള്ള കാര്യം ഈ കേസിൽ പരിഗണനാവിധേയമായ ഹിജാബ് വിഷയം ഈ വിശദീകരണങ്ങളുടെ വെളിച്ചത്തിൽ എത്ര പ്രസക്തമാണ് എന്നതാണ്. നമ്മുടെ ഭരണഘടന ഉദ്ഘോഷിക്കുന്നതും ബഹുമാനപ്പെട്ട കോടതി പരാമർശിച്ചതുമായ മഹത്തായ മൂല്യങ്ങൾക്ക് എന്തു ഇടിവാണ് സ്കൂളികളിലും കോളേജുകളിലുമൊക്കെ പെൺകുട്ടികൾക്ക് അവരുടെ മതവിശ്വാസത്തിന്റെ ഭാഗമായി ഹിജാബ് ധരിക്കാനുള്ള അവകാശം നൽകിയാൽ ഉണ്ടാകാൻ പോകുന്നത് എന്ന് വ്യക്തമാക്കപ്പെടുന്നില്ല. ഹിജാബ് ധാരണത്തിനുള്ള അവകാശത്തിനുവേണ്ടി കോടതിയെ സമീപിച്ച ഹരജിക്കാർ അവർക്കു ഭരണഘടനാദത്തമായ അവകാശമാണ് ആവശ്യപ്പെടുന്നത്, മറ്റാരിലെങ്കിലും ഇത് അടിച്ചേൽപിക്കാനല്ല.സ്ത്രീസ്വാതന്ത്ര്യത്തെയും സ്ത്രീയുടെ അന്തസ്സിനെയും മറ്റു വ്യക്തികളുടെസ്വാതന്ത്ര്യത്തെയും അതുപോലുള്ള -കോടതി പരാമർശിച്ച-ഭരണാഘടനാ മുല്യങ്ങളെയും എങ്ങനെയാണ് ഇതു ബാധിക്കുക എന്നത് സാമാന്യബുദ്ധിക്ക് മനസ്സിലാകാത്ത കാര്യമാണ്.

യൂനിഫോമിന്റെ ആവിർഭാവത്തെയും ആവശ്യകതെയുമൊക്കെ സംബന്ധിച്ചു ചരിത്രപരമായും അല്ലാതെയും പല മഹദ് വ്യക്തികളെയും അധികാര രേഖകളെയും ഉദ്ധരിച്ചുകൊണ്ട് ബഹുമാനപ്പെട്ട കോടതി വിശദമായി വിവരിക്കുന്നുണ്ട്. അതൊക്കെയും യാതൊരു തർക്കവുമില്ലാത്ത കാര്യങ്ങളുമാണ്. പക്ഷേ, ഇവിടെ ഇതൊരു യൂനിഫോമിനനുകൂലമായും പ്രതികൂലമായും ഉള്ള ഒരു തർക്കമായാണ് കോടതി കാണുന്നത്. വാസ്തവത്തിൽ ഇതിലെ ഹരജിക്കാർ തങ്ങൾ യൂനിഫോമിനെതിരാണ് എന്നോ അതു തങ്ങൾ ധരിക്കില്ല എന്നോ തങ്ങൾക്കോ മറ്റുകുട്ടികൾക്കോ അതു നിർബന്ധമാക്കാൻ പാടില്ലെന്നോ അല്ല വാദിക്കുന്നത്. യൂനിഫോം തങ്ങൾ ധരിക്കുന്നതോടൊപ്പം അതേ യൂനിഫോമിന്റെ നിറമുള്ള ഒരു ഹിജാബ് (തലയിലെ തട്ടം) ധരിക്കാനുള്ള സ്വാതന്ത്ര്യം വേണമെന്ന പരിമിതമായ ഒരാവശ്യം മാത്രമെ അവർക്കുള്ളൂ. അതെങ്ങനെയാണ് സമത്വഭാവനക്കോ സ്ത്രീസ്വാതന്ത്ര്യത്തിനോ  സ്ത്രീയുടെ അന്തസ്സിനോ അതുപോലുള്ള മൂല്യങ്ങൾക്കോ ഒക്കെ എതിരാവുന്നത്? വാസ്തവത്തിൽ ഇത്തരം മൂല്യങ്ങളുടെ തിളക്കം കൂട്ടുകയാണ് ഇതുകൊണ്ടുണ്ടാവുക എന്ന് മനസ്സിലാക്കാവുന്നതേയുള്ളൂ. വസ്ത്രധാരണത്തിൽ അൽപം പോലും വ്യത്യാസം അനുവദിക്കാത്ത യൂനിഫോമിറ്റിയാണ് നിഷ്കർഷിക്കുന്നതെങ്കിൽ അത്രത്തോളം കണിശമാക്കേണ്ടതിന്റെ ആവശ്യകത ഒട്ടും മനസ്സിലാകുന്നില്ല. ഈ വിഷയകമായി കലാലയങ്ങളെ സമൂഹത്തിന്റെ ഒരു പരിച്ഛേദമായി കോടതി എവിടെയോ പരാമർശിച്ചതായി കാണുന്നുണ്ട്. അങ്ങനെ കൃത്രിമമായ ഒരു യുനിഫോമിറ്റി (ഏകീകൃതസ്വഭാവം) നമ്മുടെ സമൂഹത്തിൽ പ്രത്യേകിച്ചും, ഇന്ത്യൻ സാഹചര്യത്തിൽ ഒരിക്കലും സാധ്യമല്ല എന്ന് മാത്രമല്ല അത് ആശാസ്യവുമല്ല; അതും നമ്മുടെ ഭരണഘടന വ്യക്തികൾക്ക് നൽകുന്ന മഹത്തായ മൗലികാവകാശങ്ങളുടെ വെളിച്ചത്തിൽ. നാനാത്വത്തിൽ ഏകത്വമാണ് നമ്മുടെ മുഖമുദ്രയും അഭിമാനവും എന്ന് നാം മറന്നുപോകരുത്. അപ്പോൾ സമൂഹത്തിന്റെ പരിച്ഛേദമായ വിദ്യാലയങ്ങളിലും ഇന്ത്യയുടെ മഹത്തായ ഈ പൊതുസ്വാഭാവത്തെയാണ്  പ്രതിഫലിപ്പിക്കേണ്ടത്.

വിശുദ്ധ ഖുർആനിലെ ഹിജാബ് സംബന്ധമായ നിർദേശങ്ങളിലേക്ക് കോടതി കടന്നുചെല്ലുന്നുണ്ട്. ഇതോടനുബന്ധിച്ച് വളരെ വിചിത്രമായ ഒരു കാര്യം ചൂണ്ടികാണിക്കേണ്ടതുണ്ട്. ഖുർആനിലെ ഹിജാബ് സംബന്ധമായ നിർദേശങ്ങളിലേക്ക് കടക്കുന്നതിനുമുമ്പ് ബഹുമാനപ്പെട്ട കോടതി അത്തരം കാര്യങ്ങൾ മനസ്സിലാക്കേണ്ടതിലേക്കും വിശദീകരിക്കേണ്ടതിലേക്കുമൊക്കെയുള്ള ഒരു അവലംബ തത്ത്വമായി  അബ്ദുള്ള യൂസുഫലിയുടെ വിശുദ്ധ



ഖുർആൻ പരിഭാഷയിൽനിന്ന് രണ്ടാം അധ്യായത്തിലെ 256ാം സൂക്തം ഉദ്ധരിക്കുന്നുണ്ട്. (മതത്തിന്റെ കാര്യത്തിൽ നിർബന്ധമില്ല എന്നു തുടങ്ങുന്ന സൂക്തം). മതത്തിന്റെ അനുഷ്ഠാനങ്ങൾ മതവിശ്വാസികളിൽ കർശനമായി നിർബന്ധമാക്കപ്പെട്ടവയല്ല എന്ന ഒരു ധ്വനി നൽകാനും അതുവഴി ഹിജാബ് ധാരണം തുടങ്ങിയവ അത്ര കണിശമായി പാലിക്കേണ്ടതല്ല എന്ന് സൂചിപ്പിക്കാനുമാണ് ഈ സൂക്തം ബഹുമാനപ്പെട്ട കോടതി ഉദ്ധരിച്ചതായി കാണുന്നത്. യഥാർഥത്തിൽ മതം എന്നത് ഒരാളിലും അടിച്ചേൽപിക്കേണ്ടതല്ല എന്നതാണ് ഈ സൂക്തത്തിന്റെ വിവക്ഷ എന്നത് വളരെ വ്യക്തമായ ഒരു കാര്യമാണ് . അല്ലാതെ മതവിശ്വാസവും  ആചാരങ്ങളും മതവിശ്വാസികൾ ഇഷ്ടമുണ്ടെങ്കിൽ പുലർത്തിയാൽ മതി എന്നല്ല. തുടർന്നുള്ള ഭാഗങ്ങൾ ഇക്കാര്യം കൂടുതൽ വ്യക്തമാക്കുന്നുണ്ട്. സന്മാർഗം ദുർമാർഗത്തിൽ നിന്നും വേർതിരിഞ്ഞ് കിടപ്പുണ്ടെന്നും സന്മാർഗത്തെ പുൽകിയവൻ ശക്തമായ വിജയപാശത്തെയാണ് മുറുകെ പിടിച്ചിട്ടുള്ളത് എന്നുമാണ് അതു പറയുന്നത്. മതം ബലം പ്രയോഗിച്ചു മറ്റുള്ളവരെക്കൊണ്ട് സ്വീകരിപ്പിക്കേണ്ടതല്ല എന്ന് വ്യക്തമാക്കുന്ന ഒരു സൂക്തത്തെ മതവിശ്വാസി മതശാസനകൾ പാലിക്കാൻ ബാധ്യസ്ഥനല്ല എന്ന രീതിയിൽ ഒരിക്കലും വ്യാഖ്യാനിക്കാവുന്നതല്ല. ഈ സൂക്തത്തെ  അബ്ദുല്ല യൂസുഫലി തുടർന്നു വിശദീകരിച്ചതിനെ നല്ല അഭിനന്ദന വാചകങ്ങളോടെ കോടതി അംഗീകരിച്ച് ഉദ്ധരിക്കുന്നുണ്ട്. അവിടെ വ്യാഖ്യാതാവ് വിവരിക്കുന്നത് കോടതി ഉദ്ധരിച്ച വാചകങ്ങൾ പ്രകാരമാണെങ്കിലും ഇത്രമാത്രമാണ് നിർബന്ധമെന്നത് മതവുമായി യോജിക്കുന്നതല്ല. കാരണം മതമെന്നത് വിശ്വാസത്തെയും അതിനുള്ള ഇച്ഛയെയും ആശ്രയിച്ചാണിരിക്കുന്നത്. ബലം പ്രയോഗിച്ച് അടിച്ചേൽപിച്ചാൽ  ഇവ നിരർഥകമായിത്തീരും. വ്യാഖ്യാതാവിന്റെ ആ വിവരണത്തിൽനിന്നും മതവിശ്വാസിക്ക് മതശാസനകൾ നിർബന്ധമല്ല എന്നല്ല മനസ്സിലാവുന്നത്; മതം സ്വീകരിക്കാനും സ്വീകരിക്കാതിരിക്കാനും മനുഷ്യന് സ്വാതന്ത്ര്യമുണ്ട് എന്നാണ്.

ഈ സൂക്തം ഉദ്ധരിച്ചുകൊണ്ട് കോടതി പറയുന്നത്, ഇത് പ്രവാചകന്റെ വാക്കാണ് എന്ന നിലയിലാണ്. ഇത് വിശുദ്ധ ഖുർആനിലെ സൂക്തമാണ്; പ്രവാചകന്റെ വാചകമല്ല എന്നത് തർക്കമറ്റതാണ്. സത്യവിശ്വാസിനികളായ സ്ത്രീകളോട്  അവരുടെ ദൃഷ്ടികൾ താഴ്ത്തുവാനും മറ്റുമുള്ള കൽപനകളോടൊപ്പം അവരുടെ മക്കനകൾ കുപ്പായങ്ങൾക്ക് മീതെ താഴ്ത്തിയിടാൻ അനുശാസിക്കുന്ന 24ാം അധ്യായത്തിലെ 31 ാം സൂക്തവും പ്രവാചക പത്നിമാരോടും സത്യവിശ്വാസിനികളായ മറ്റു സ്ത്രീകളോടും അവരുടെ മൂടുപടങ്ങൾ അവരുടെമേൽ താഴ്ത്തിയിടുവാൻ കൽപിക്കുന്ന 33ാം അധ്യാത്തിലെ 59ാം  സൂക്തവും ബഹുമാനപ്പെട്ട കോടതി ഉദ്ധരിക്കുന്നു. ഈ സൂക്തങ്ങളിൽ നിന്നെല്ലാം ഹിജാബ് സംബന്ധമായ നിർദേശം നിർബന്ധമായ നിലക്കാണ് എന്ന് വ്യക്തമാകുന്നുണ്ട്. പക്ഷേ, ബഹുമാനപ്പെട്ട കോടതി ഹിജാബിന്റെ ചരിത്രവും ആവിർഭാവ സ്വഭാവവും മറ്റുപലതും വിശദീകരിച്ചുകൊണ്ട് കണ്ടെത്തുന്നത്; വിശുദ്ധ ഖുർആനിൽതന്നെ ആന്തരികമായി വേണ്ടത്ര ഘടകങ്ങളുണ്ട് ഹിജാബ് നിർബന്ധമല്ല, ഐച്ഛികം മാത്രമാണ് എന്ന വാദഗതിയെ ന്യായീകരിക്കാൻ എന്നാണ്. കോടതിയുടെ ഈ നിരീക്ഷണം വിശുദ്ധ ഖുർആനിലെ, കോടതി ഉദ്ധരിച്ച സൂക്തങ്ങൾകൊണ്ട്തന്നെ ശരിയായിട്ടുള്ളതായില്ല എന്ന് പറയേണ്ടിവരുന്നു. മാത്രമല്ല ഇസ്‌ലാമിലെ മതശാസനകൾ നിർബന്ധമായവ തന്നെ പ്രവാചക നിർദേശങ്ങൾ കൊണ്ടും സ്ഥിരപ്പെട്ടവയുണ്ട്. കോടതിയുടെ മുൻപറഞ്ഞ നിരീക്ഷണത്തിന് അവലംബമായി ഇവിടെയും കോടതി വ്യാഖ്യാതാവിനെ ഉദ്ധരിക്കുന്നുണ്ട്. അത് ഇപ്രകാരമാണ്: ഈ നിയമം നിരുപാധികമല്ല, ഏതെങ്കിലും കാരണവശാൽ പാലിക്കാൻ കഴിഞ്ഞില്ലെങ്കിൽ ദൈവം വളരെ പൊറുക്കുന്നവനും കരുണാനിധിയുമാണ്. വിശ്വാസിയുടെ കഴിവിനപ്പുറമായി അനിവാര്യമായ സാഹചര്യങ്ങളിൽ

**നമ്മുടെ ഭരണഘടന ഉദ്ഘോഷിക്കുന്നതും ബഹുമാനപ്പെട്ട കോടതി പരാമർശിച്ചതുമായ മഹത്തായ മൂല്യങ്ങൾക്ക് എന്തു ഇടിവാണ് സ്കൂളികളിലും കോളേജുകളിലുമൊക്കെ പെൺകുട്ടികൾക്ക് അവരുടെ മതവിശ്വാസത്തിന്റെ ഭാഗമായി ഹിജാബ് ധരിക്കാനുള്ള അവകാശം നൽകിയാൽ ഉണ്ടാകാൻ പോകുന്നത് എന്ന് വ്യക്തമാക്കപ്പെടുന്നില്ല. ഹിജാബ് ധാരണത്തിനുള്ള അവകാശത്തിനുവേണ്ടി കോടതിയെ സമീപിച്ച ഹരജിക്കാർ അവർക്കു ഭരണഘടനാദത്തമായ അവകാശമാണ് ആവശ്യപ്പെടുന്നത്, മറ്റാരിലെങ്കിലും ഇത് അടിച്ചേൽപിക്കാനല്ല.**

മതശാസനകളിൽ ഇളവുകൾ നൽകാറുണ്ട് എന്നത് ഈ സാഹചര്യത്തോട് ചേർത്തുവക്കാവുന്ന ഒരു ന്യായീകരണമല്ല. പന്നിമാംസം ഖുർആൻ നിഷിദ്ധമാക്കിയതാണ്. പക്ഷേ, ജീവൻ നിലനിർത്താൻ മറ്റൊന്നും ലഭ്യമല്ലാത്തതുപോലുള്ള അനിവാര്യമായ സാഹചര്യങ്ങളിൽ വിശ്വാസിക്ക് പന്നിമാസം അനുവദനീയമാണ് എന്നാണ് മതവിധി. ഈ ഇളവ് ചൂണ്ടിക്കാണിച്ചുകൊണ്ട് ആരെങ്കിലും പന്നിമാസം ഇസ്‌ലാമിൽ നിഷിദ്ധമല്ല എന്ന് പറഞ്ഞാൽ അതെത്ര ബാലിശമായിരിക്കും!

ഹിജാബിന്റെത് യഥാർഥത്തിൽ മതപരമായ ഒരു ശാസനയല്ല എന്നും അതു സാംസ്‌കാരികമായിട്ടുള്ള (കൾച്ചറൽ) ഒരു രീതിയാണെന്നും കോടതി നിരീക്ഷിക്കുന്നു. അതിനടിസ്ഥാനമായി കോടതി കാണുന്ന കാരണങ്ങൾ ഹിജാബ് ഇസ്‌ലാമിൽ ഒരു നിർദേശമായി വരുന്നതിനു മുമ്പുതന്നെ അറേബ്യയിലും മറ്റും ഈ രീതി നിലവിലുണ്ടായിരുന്നു എന്നും മറ്റു പല സമൂഹങ്ങളും ഇത് അനുവർത്തിച്ചിരുന്നു എന്നുമൊക്കെയാണ്. മതത്തിൽ ഒരു കാര്യം അനുശാസിച്ചാൽ അത് അതിന് മുമ്പ് മറ്റുപല സമൂഹങ്ങളിലും നിലനിന്നിരുന്നതാണ് എന്നതുകൊണ്ട് മാത്രം മതശാസനകളുടെ സ്വഭാവം നഷ്ടപ്പെടുകയില്ല. നിർബന്ധമാക്കപ്പെട്ട വ്രതാനുഷ്ഠാനം വിശുദ്ധ ഖുർആൻ മുസ്‌ലിംകളോട് അനുശാസിക്കുമ്പോൾതന്നെ അത് മുമ്പുള്ള സമൂഹങ്ങൾക്കും കൽപിക്കപ്പെട്ടതായിരുന്നു എന്ന കാര്യം വ്യക്തമാക്കുന്നുണ്ട്. അതുകൊണ്ട് അതൊരു മതശാസനയല്ലെന്നോ നിർബന്ധമായതല്ലന്നോ ആരും തന്നെ അർഥമാക്കുന്നില്ല. അതുപോലെ തന്നെയാണ് മറ്റു പല മതശാസനകളും. വസ്ത്രധാരണത്തിന്റെ കാര്യത്തിലും ഇതുതന്നെയാണ് സ്ഥിതി.

**ഹിജാബിന്റെത് യഥാർഥത്തിൽ മതപരമായ ഒരു ശാസനയല്ല എന്നും അതു സാംസ്‌കാരികമായിട്ടുള്ള (കൾച്ചറൽ) ഒരു രീതിയാണെന്നും കോടതി നിരീക്ഷിക്കുന്നു. അതിനടിസ്ഥാനമായി കോടതി കാണുന്ന കാരണങ്ങൾ ഹിജാബ് ഇസ്‌ലാമിൽ ഒരു നിർദേശമായി വരുന്നതിനു മുമ്പുതന്നെ അറേബ്യയിലും മറ്റും ഈ രീതി നിലവിലുണ്ടായിരുന്നു എന്നും മറ്റു പല സമൂഹങ്ങളും ഇത് അനുവർത്തിച്ചിരുന്നു എന്നുമൊക്കെയാണ്. മതത്തിൽ ഒരു കാര്യം അനുശാസിച്ചാൽ അത് അതിന് മുമ്പ് മറ്റുപല സമൂഹങ്ങളിലും നിലനിന്നിരുന്നതാണ് എന്നതുകൊണ്ട് മാത്രം മതശാസനകളുടെ സ്വഭാവം നഷ്ടപ്പെടുകയില്ല.**

ബഹുമാനപ്പെട്ട സുപ്രീംകോടതി സൈറാബാനു (മുത്ത്വലാഖ്) കേസിൽ മുത്ത്വലാഖിനെ നിരോധിച്ച കാര്യം ഈ കേസിൽ കോടതി ഉദ്ധരിക്കുകയും അതിനെ ഈ കേസിൽ കോടതി സൂചിപ്പിച്ച സാഹചര്യങ്ങളുമായി താരതമ്യം ചെയ്തുകൊണ്ട് ഹിജാബ് ധാരണത്തെയും വിലയിരുത്തുകയും ഹിജാബ് നിരോധനത്തെ അതിന്റെ വെളിച്ചത്തിൽ ന്യായീകരിക്കാൻ ശ്രമിക്കുന്നതായും കാണുന്നത് രണ്ട് കേസുകളിലെ വിഷയങ്ങളോടും സാഹചര്യങ്ങളോടും പൊരുത്തപ്പെട്ടുപോകുന്നില്ല എന്ന് മനസ്സിലാക്കാവുന്നതാണ്. ഒന്നിൽ സ്ത്രീകൾ നേരിടുന്ന അനീതിതന്നെ ചർച്ചാവിഷയമായി ഉയർന്നുകാണുമ്പോൾ മുസ്‌ലിം പണ്ഡിതന്മാർക്കോ മുസ്‌ലിംകൾക്ക് പൊതുവെയോ തർക്കമില്ലാത്തതും തീർത്തും നിരുപദ്രവകരവുമായതും മുസ്‌ലിം സ്ത്രീകൾ തന്നെ തങ്ങളുടെ മൗലിവകാശമായി ഉന്നയിച്ചിട്ടുള്ളതുമായ ഹിജാബ് ധാരണത്തിനുള്ള അവകാശത്തെ ആദ്യത്തേതുമായി സമീകരിച്ചുകൊണ്ട് ഹിജാബ് നിരോധനത്തിനുള്ള ന്യായീകരണം കാണുകയാണ്..

ബിജോയ് ഇമ്മാനുവൽ കേസിലെ സുപ്രീംകോടതി വിധി ഉദ്ധരിച്ചുകൊണ്ട് ഈ കേസിൽ അതുബാധകമാകുന്നില്ല എന്ന കോടതിയുടെ നിരീക്ഷണം ശരിയായില്ല എന്ന് പറയേണ്ടിവരുന്നു. പ്രസ്തുത കേസ് ക്രിസ്ത്യൻ മതസമൂഹത്തിലെ യഹോവ സാക്ഷികൾ എന്ന ഒരു പ്രത്യേക വിഭാഗത്തിന്റെ വിശ്വാസവുമായി ബന്ധപ്പെട്ടതായിരുന്നു. ആ വിഭാഗത്തിലെ മൂന്ന് വിദ്യർഥികൾ അവരുടെ വിശ്വാസത്തിന്റെ ഭാഗമെന്ന നിലയിൽ സ്‌കൂൾ പ്രാർഥനാവേളയിൽ ദേശീയഗാനം ആലപിക്കുന്നതിന് വിസമ്മതിച്ചു. മദ്രാസ് ഹൈകോടതി അത് അംഗീകരിച്ചില്ലെങ്കിലും ബഹുമാനപ്പെട്ട സുപ്രീംകോടതി ആ കുട്ടികളുടെ വിശ്വാസത്തെ മാനിച്ചുകൊണ്ട് അവരുടെ ആ പ്രവൃത്തിയെ അംഗീകരിക്കുകയും പ്രസ്തുത വിധി ദുർബലപ്പെടുത്തുകയുമാണ് ചെയ്തത്. വാസ്തവത്തിൽ ആ കേസിൽ ഉൾപ്പെട്ട കുട്ടികളുടെ നിലപാട് ഈ കേസിലെ വിദ്യാർഥിനികളുടേതിനെക്കാൾ ഗൗരവമേറിയതായിരുന്നു എന്ന് പറയാവുന്നതാണ്. എന്നിട്ടുപോലും ബഹുമാനപ്പെട്ട സുപ്രീംകോടതി ആ വിദ്യാർഥികളുടെ നിലപാടിനെ വിശ്വാസസംരക്ഷണത്തിനുള്ള അവരുടെ മൗലികാവകാശമായി അംഗീകരിക്കുകയാണുണ്ടായത്. പക്ഷേ, ഈ കേസിൽ കോടതി ആ വിധിയെ ഇതിലെ ഹരജിക്കാർക്ക് അനുകൂലമായി കാണുന്നില്ല. കോടതിയുടെ നിലപാടിനുള്ള ന്യായീകണമായി ബഹുമാനപ്പെട്ട കോടതി നൽകുന്ന ചില സൂചനകൾ വിചിത്രമായി തോന്നുന്നു. ബിജോയ് ഇമ്മാനുവൽ കേസിൽ ഉൾപ്പെട്ട വിദ്യാർഥികൾ മറ്റു നിലയ്ക്ക് നിയമത്തെ അനുസരിക്കുന്നവരായിരുന്നു എന്നും അവർ ദേശീയഗാനാലാപാനത്തെ തടസ്സപ്പെടുത്തിയിരുന്നില്ല എന്നും മറ്റുള്ളവർ അത് ആലപിക്കുമ്പോൾ ശല്യം ചെയ്തിരുന്നില്ല എന്നുമൊക്കെയാണ് അത്. ഇത് വ്യംഗമായി സൂചിപ്പിക്കുന്നത് മറ്റൊന്നാണ്. ഹിജാബ് ധാരണാവകാശം ഉന്നയിക്കുന്ന ഈ കേസിൽ ഉൾപ്പെട്ട വിദ്യാർഥിനികൾ മറ്റു രീതിയിൽ വലിയ അച്ചടക്കലംഘനം നടത്തുന്നവരാണെന്നും യൂനിഫോം




ധരിക്കുന്ന മറ്റുകുട്ടികളെയും വിദ്യാലയത്തിന്റെ പൊതുഅച്ചടക്കത്തെയും അവർ തടസ്സപ്പെടുത്തുകയാണ് എന്നുമൊക്കെയാണ് അത്! ഇത് കേസിൽതന്നെ ലഭ്യമായ യാഥാർഥ്യങ്ങൾക്കു വിരുദ്ധമായ നിഗമനങ്ങളാണ് എന്ന് വളരെ വ്യക്തമായി മനസ്സിലാക്കാവുന്നതാണ്.

മതവിശ്വാസികൾക്ക് ഭരണഘടനാ അനുഛേദം 25ന്റ സംരക്ഷണം ലഭിക്കണമെങ്കിൽ പ്രസ്തുത ആചാരം മതത്തിന്റെ ഒരു അനിവാര്യമായ ഘടകമായിരിക്കണം എന്ന് സുപ്രീംകോടതി വിധികളും മറ്റും ഉദ്ധരിച്ചുകൊണ്ട് കോടതി വിശദീകരിക്കുന്നുണ്ട്. കോടതി തന്നെ ഉദ്ധരിച്ച വിശുദ്ധ ക്വുർആൻ ശാസനകൾ കൊണ്ടും പ്രവാചകനിർദേശങ്ങൾ കൊണ്ടുമൊക്കെ തന്നെ ഹിജാബ് ധാരണം മുമ്പ് സൂചിപ്പിച്ചപോലെ നിർബന്ധമായ ഒരു മതാചാരമാണ് എന്ന് കാണാവുന്നതാണ്. ഇതു സംബന്ധമായി ബഹു: കോടതി ഉദ്ധരിക്കുന്ന കേരള ഹൈകോടതിയിലെ ബഹു: ജസ്റ്റിസ് മുഷ്താഖിന്റെ ഒരു വിധിയിൽ തന്നെ ഹിജാബ് ധാരണം വിശുദ്ധ ക്വുർആനും പ്രവാചകവചനങ്ങളും (ഹദീസ്) നിർബന്ധമായി നിർദേശിച്ച ഒരു കാര്യമാണെന്ന് കാണുന്നു. പക്ഷേ, ഇവിടെ കോടതി ആ വിധിയിൽനിന്നുതന്നെ ഇത് നിർബന്ധമല്ലാത്തതായി വ്യത്യാസപ്പെടുത്തി വായിച്ചെടുക്കാൻ ശ്രമിക്കുന്നത് ആ വിധിയിലെ ഒരു വാചകത്തെ ആശ്രയിച്ചുകൊണ്ടാണ്. മുസ്‌ലിംകൾക്കിടയിൽ ഇക്കാര്യത്തിൽ വ്യത്യസ്തമായ അഭിപ്രായമുണ്ടാകാനുള്ള സാധ്യതയുണ്ട് എന്ന വാചകമാണ് അത്. മതത്തിലെ പല ആചാരാനുഷ്ഠാനുങ്ങളെ സംബന്ധിച്ചും മതവിശ്വാസികൾക്കിടയിൽതന്നെ അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടാകാനുള്ള സാധ്യത സാമാന്യമായി സർവാംഗീകൃതവും അടിസ്ഥാനപ്രമാണങ്ങൾ ഉദ്ഘോഷിക്കുന്നതുമായ ആചാരാനുഷ്ഠാനങ്ങളെ നിരാകരിക്കാനുള്ള ഒരു കാരണമല്ല. നമ്മുടെ മഹത്തായ ഭരണഘടന, പ്രത്യേകിച്ച് അനുഛേദം 25 മതവിശ്വാസം പുലർത്താനും ആചരിക്കാനുമൊക്കെ നൽകുന്ന മൗലികാവകാശം ഓരോ വിഭാഗത്തിനുമെന്ന പോലെ വ്യക്തികൾക്കുമാണ് എന്ന് മനസ്സിലാക്കേണ്ടതാണ്.

ഭരണഘടന നൽകുന്ന മൗലിവകാശങ്ങൾ ഭരണഘടനയുടെതന്നെ അടിസ്ഥാനമൂല്യങ്ങളായ വ്യക്തിസ്വാതന്ത്ര്യ, വ്യക്തിയുടെ അന്തസ്സ്, തുല്യത തുടങ്ങിയവയെ ലംഘിക്കുന്ന വിധത്തിലാവാൻ പാടില്ല എന്ന തത്ത്വം കോടതി ഈ കേസിൽ സുപ്രീകോടതിയുടേതടക്കമുള്ള ഇതു സംബന്ധമായ നിരീക്ഷണങ്ങൾ ഉദ്ധരിച്ചുകൊണ്ട് എടുത്തുപറയുന്നുണ്ട്.പക്ഷേ, ആ നിരീക്ഷണങ്ങളെല്ലാം അതതു കേസുകളിൽ ഉൾപ്പെട്ട വിഷയങ്ങളുമായി യോജിക്കുന്നവയായിരുന്നു എന്ന് മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഇവിടെ ഒരു പറ്റം വിദ്യാർഥിനികൾക്ക് അവരുടെ മതവിശ്വാസപ്രകാരം വിദ്യാലയങ്ങളിൽ യൂനിഫോമിന് വിരുദ്ധമാവാത്ത രീതിയിൽ അതേനിറത്തിലുള്ള ഒരു ഹിജാബ് കൂടി ധരിക്കാനുള്ള അവകാശം നൽകിയാൽ മേൽപറഞ്ഞ ഭരണഘടനാമൂല്യങ്ങൾക്ക് എന്തു കോട്ടമാണ് സംഭവിക്കുക എന്ന് ഒട്ടും മനസ്സിലാവുന്നില്ല.

മൗലിവകാശങ്ങളെ നിയന്ത്രിക്കുന്നതരത്തിലുള്ള ന്യായയുക്തമായ നിയന്ത്രണങ്ങൾ (റീസണബിൾ റെസ്ട്രിക്ഷൻസ്) ഭരണകൂടം കൊണ്ടുവരുമ്പോൾ ഏതൊരു ലക്ഷ്യം മുൻ നിർത്തിയാണോ പ്രസ്തുത നിയന്ത്രണങ്ങൾ കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത് ആ ലക്ഷ്യവുമായി ഈ നിയന്ത്രണങ്ങൾക്ക് യുക്തി ഭദ്രമായ ഒരു ബന്ധം (റേഷണൽ നെക്സസ്) വേണമെന്നാണ് നിയമം. ഏതെങ്കിലും തരത്തിലുള്ള ഒരു ബന്ധം ഉണ്ടായാൽ പോരാ. ഇവിടെ അത്തരത്തിലുള്ള ഒരു ബന്ധം ചൂണ്ടിക്കാണിക്കപ്പെട്ടിട്ടില്ല.

ഇസ്‌ലാമിലെ മതവിധികളെയും ആചാരാനുഷ്ഠാനങ്ങളെയുമൊക്കെ സംബന്ധിച്ചുള്ള പ്രായോഗികവും യഥാർഥവുമായ ഒരു ചിത്രം കോടതിയിൽ അവതരിപ്പിക്കുന്നതിൽ വന്ന വീഴ്ചയാണോ അതല്ല ഇവയെ യഥാവിധി മനസ്സിലാക്കാൻ ബഹു: കോടതിക്കു കഴിയാതെപോയതാണോ ഇങ്ങനെ ഒരു വിധി ഈ കേസിൽ ഉണ്ടാവാൻ കാരണം എന്നതറിയില്ല. ഏതായാലും ബഹു: സുപ്രീം കോടതിയിൽ കേസ് എത്തിയ സ്ഥിതിയ്ക്ക് ശുഭപ്രതീക്ഷയോടെ കാത്തിരിക്കാം. ■

**കോടതി തന്നെ ഉദ്ധരിച്ച വിശുദ്ധ ക്വുർആൻ ശാസനകൾ കൊണ്ടും പ്രവാചകനിർദേശങ്ങൾകൊണ്ടുമൊക്കെ തന്നെ ഹിജാബ് ധാരണം മുമ്പ് സൂചിപ്പിച്ചപോലെ നിർബന്ധമായ ഒരു മതാചാരമാണ് എന്ന് കാണാവുന്നതാണ്. ഇതുസംബന്ധമായി ബഹു: കോടതി ഉദ്ധരിക്കുന്ന കേരള ഹൈകോടതിയിലെ ബഹു: ജസ്റ്റിസ് മുഷ്താഖിന്റെ ഒരു വിധിയിൽ തന്നെ ഹിജാബ് ധാരണം വിശുദ്ധ ക്വുർആനും പ്രവാചകവചനങ്ങളും (ഹദീസ്) നിർബന്ധമായി നിർദേശിച്ച ഒരു കാര്യമാണെന്ന് കാണുന്നു. പക്ഷേ, ഇവിടെ കോടതി ആ വിധിയിൽനിന്നുതന്നെ ഇത് നിർബന്ധമല്ലാത്തതായി വ്യത്യാസപ്പെടുത്തി വായിച്ചെടുക്കാൻ ശ്രമിക്കുന്നത് ആ വിധിയിലെ ഒരു വാചകത്തെ ആശ്രയിച്ചുകൊണ്ടാണ്. മുസ്‌ലിംകൾക്കിടയിൽ ഇക്കാര്യത്തിൽ വ്യത്യസ്തമായ അഭിപ്രായമുണ്ടാകാനുള്ള സാധ്യതയുണ്ട് എന്ന വാചകമാണ് അത്.**



# ജീവിതവിശുദ്ധിയുടെ ഇസ്‌ലാമിക പാഠങ്ങൾ 3

ഉസ്മാൻ പാലക്കാഴി
: 9656292244

ഒരു മനുഷ്യന്ന് സ്വന്തം മാനസാന്തരത്തെ തന്നെത്തന്നെ ബോധ്യപ്പെടുത്താനുള്ള ദൃഢചിത്തതയുണ്ടെങ്കിൽ ദൈവിക കടാക്ഷത്തിന്റെ കവാടം അവന് നിഷേധിക്കപ്പെടുന്നില്ല. സ്രഷ്ടാവിന്റെ വിട്ടുവീഴ്ചയും ഔദാര്യവും പരിവർത്തനോന്മുഖമായ ഏതൊരു മനസ്സിനെയും ശക്തിപ്പെടുത്തുന്നതും സാന്ത്വനിപ്പിക്കുന്നതുമാണ്.

അല്ലാഹു പറയുന്നു: "അവർ പ്രവർത്തിച്ചതിൽനിന്ന് ഏറ്റവും ചീത്തയായതുപോലും അല്ലാഹു അവരിൽനിന്ന് മായ്ച്ചുകളയും. അവർ പ്രവർത്തിച്ചതിൽ ഏറ്റവും ഉത്തമമായതനുസരിച്ച് അവർക്കവൻ പ്രതിഫലം നൽകുകയും ചെയ്യും" (ക്വുർആൻ 39:35).

ചെറിയ തെറ്റുകൾ ക്ഷമിക്കുകയും വലിയ തെറ്റുകൾ മാപ്പാക്കാതിരിക്കുകയും ചെയ്യുക എന്നത് സൃഷ്ടികളുടെ ശീലമാണ്. എന്നാൽ സ്രഷ്ടാവ് ഏറ്റവുംവലിയ തെറ്റുകൾപോലും ക്ഷമിക്കുകയും മനുഷ്യരാശിക്ക് അവരുടെ വ്യക്തി-സമൂഹ ജീവിതത്തിൽ വരുത്തുന്ന പരിവർത്തനങ്ങളുടെ അടിസ്ഥാനത്തിൽ പാപമോചനത്തിന്നവരെ അർഹരാക്കുകയും ചെയ്യും. ഏറ്റവും ഉത്തമമായതനുസരിച്ച് പ്രതിഫലം നിശ്ചയിക്കുന്ന സ്രഷ്ടാവ് ചീത്തയായ പ്രവൃത്തിയെ മായ്ച്ചുകളയുകയാണ് ചെയ്യുന്നത്. പാപമോചനത്തിനായുള്ള ആഗ്രഹത്തിന്റെ അടിസ്ഥാനത്തിൽ മനുഷ്യൻ തന്റെ പ്രവൃത്തികളെ പു നഃക്രമീകരിക്കുകയാണിതിന്ന് ആവശ്യം.

"എന്നാൽ പശ്ചാത്തപിക്കുകയും വിശ്വസിക്കുകയും സൽകർമം പ്രവർത്തിക്കുകയും ചെയ്തവർ ഇതിൽനിന്ന് ഒഴിവാകുന്നു. അവർ സ്വർഗത്തിൽ പ്രവേശിക്കുന്നതാണ്. അവർ ഒട്ടും അനീതിക്ക് വിധേയരാവുകയില്ല" (ക്വുർആൻ 19:60).

പശ്ചാത്താപവും വിശ്വാസവും സൽപ്രവൃത്തിയും തമ്മിൽ ബന്ധപ്പെട്ടിരിക്കുന്നു എന്നാണ് ഈ വചനത്തിന്റെ പൊരുൾ. വിശ്വാസജന്യമായ പ്രവൃത്തിയിലൂടെയാണ് പശ്ചാത്താപം സാധൂകരിക്കപ്പെടു ന്നത്. തെറ്റുകളുടെയും തിന്മകളു

ടെയും സ്വാധീനത്തിൽനിന്നുള്ള മോചനമാർഗങ്ങളാണ് സൽപ്രവർത്തനങ്ങൾ. മാനസികമായി പരിവർത്തനം സംഭവിച്ചുകഴിഞ്ഞാൽ ബാഹ്യമായ പരിവർത്തനവും സ്വാഭാവികമാണ്. ഹൃദയം മലിനമായിരിക്കുമ്പോൾ മലിന വൃത്തികൾ ചെയ്യുന്നതുപോലെ, ഹൃദയം യഥാർഥത്തിൽ പരിവർത്തിതമായിക്കഴിഞ്ഞുവെങ്കിൽ പ്രവർത്തനങ്ങളും പരിവർത്തിതമായിത്തീരുകതന്നെ ചെയ്യും.

“പശ്ചാത്തപിക്കുകയും വിശ്വസിക്കുകയും സൽകർമം പ്രവർത്തിക്കുകയും ചെയ്തവരൊഴികെ. അത്തരക്കാർക്ക് അല്ലാഹു തങ്ങളുടെ തിന്മകൾക്ക് പകരം നന്മകൾ മാറ്റി കൊടുക്കുന്നതാണ്. അല്ലാഹു ഏറെ പൊറുക്കുന്നവനും കരുണാനിധിയുമായിരിക്കുന്നു. വല്ലവനും പശ്ചാത്തപിക്കുകയും സൽകർമം പ്രവർത്തിക്കുകയും ചെയ്യുന്നപക്ഷം അല്ലാഹുവിങ്കലേക്ക് ശരിയായനിലയിൽ മടങ്ങുകയാണ് അവൻ ചെയ്യുന്നത്” (25:70-71).

മനുഷ്യൻ പാപവൃത്തികളുടെ മാർഗത്തിലൂടെ സ്രഷ്ടാവിൽ നിന്ന് അകന്നുപോയാൽ, സ്രഷ്ടാവിന്റെ പ്രീതി വീണ്ടെടുക്കാനുള്ള മാർഗം പശ്ചാത്താപമാണ്. പശ്ചാത്താപമെന്നത് ഉപരിപ്ലവമായിട്ടുള്ള ഏറ്റുപറച്ചിലോ കുമ്പസാരം പോലുള്ള ചടങ്ങുകളോ അല്ല. തന്റെ വ്രണിതഹൃദയവും തപിക്കുന്ന മനസ്സും സ്രഷ്ടാവിനു മുന്നിൽ തുറന്നുവച്ച് ചെയ്തുപോയ തിന്മകളിൽനിന്നുമുള്ള എന്നെന്നേക്കുമുള്ള അകൽച്ചയുടെയും വിശ്വാസദാർഢ്യതയുള്ള തീരുമാനം



സ്രഷ്ടാവിനെ അറിയിച്ചുകൊണ്ട് സ്വന്തം പ്രവർത്തനങ്ങളെ ദൈവികതാൽപര്യങ്ങൾക്കനുസൃതമായി പുനഃക്രമീകരിക്കുക എന്നതാണ് പശ്ചാത്താപം. ആത്മാർഥമായ ഖേദം, തുടർന്നുള്ള നല്ലജീവിതം എന്നീ ഘടകങ്ങൾ ഒഴിവാക്കിക്കൊണ്ടുള്ള വായകൊണ്ടുള്ള ഏറ്റുപറച്ചിൽ പശ്ചാത്താപമായിരിക്കില്ല.

പരിവർത്തനത്തിനും ജീവിതവിശുദ്ധികൈവരിക്കുന്നതിനുമുള്ള ഖുർആനിന്റെ ആഹ്വാനം വ്യക്തവും ശക്തവുമാണ്. ജീവിതത്തെ അതിന്റെ കൃത്യവും വ്യക്തവുമായ സരണിയിലൂടെ മുന്നോട്ടു നയിക്കുന്നതിനുള്ള തീരുമാനം പ്രഖ്യാപിക്കുകയാണ് പശ്ചാത്താപത്തിലൂടെയും ജീവിതവിമലീകരണത്തിലൂടെയും വ്യക്തികൾ ചെയ്യുന്നത്. ഇത്തരമൊരു പശ്ചാത്താപം സ്വയം വീണ്ടെടുപ്പാണ്.

ഒരു വലിയ ഭാഗ്യത്തിന് മനുഷ്യനെ അർഹനാക്കുവാൻ കഴിയുന്നതാണ് പശ്ചാത്താപം. ഖുർആനിന്റെ വിവിധ സമൂഹങ്ങളുടെയും ജനവിഭാഗങ്ങളുടെയും കഥകളും സംഭവങ്ങളും ചൂണ്ടിക്കാട്ടിയുള്ള പ്രഖ്യാപനങ്ങളിലും പരലോകത്തെക്കുറിച്ചും സ്വർഗനരകങ്ങളെക്കുറിച്ചുള്ള ഓർമപ്പെടുത്തലുകളിലുമെല്ലാം ദുർവൃത്തരും വഴിതെറ്റിയവരുമായ ജനവിഭാഗങ്ങളോടുള്ള തിരിച്ചുവരവിന്റെ ആഹ്വാനങ്ങൾ കാണാം. ധിക്കാരികളായ ജനവിഭാഗങ്ങളുടെയും വ്യക്തികളുടെയും ദൃഷ്ടാന്തങ്ങളും ഉദാഹരണങ്ങളും ചൂണ്ടിക്കാണിക്കുമ്പോൾ ‘നിങ്ങൾ അവരെപ്പോലെയാകരുത്’ എന്ന താക്കീത് അതിലടങ്ങിയിട്ടുണ്ട്. മുസ്‌ലിം കുടുംബങ്ങളിൽ ജനിച്ച് വളരുന്നവർക്ക് അവരുടെ മതപരമായ മാർഗദർശനത്തിന് അവലംബിക്കാനുള്ള ഗ്രന്ഥം എന്ന നിലയിൽ മാത്രമല്ല, ആഗോള മാനവതയെ ജാതിമതവർഗവർണഭാഷദേശങ്ങൾക്കതീതമായി സ്രഷ്ടാവിന്റെ വഴിയിലേക്ക് നയിക്കുന്ന വിമോചനത്തിന്റെ വഴികാട്ടി എന്ന നിലയിൽകൂടിയാണ് ഖുർആൻ സ്വീകരിക്കപ്പെടേണ്ടത്.

മനുഷ്യസ്വഭാവത്തിൽ അതീവ ഗാഢമായി സ്ഥിതിചെയ്യുന്ന നിരവധി ജന്മാർജിത പ്രവണതകളെക്കുറിച്ച് ആധുനിക വ്യക്തിപഠനങ്ങൾ സൂചിപ്പിക്കുണ്ട്. ഈ പ്രവണതകളെ നന്മതിന്മകളുടെ വഴികളിലേക്ക് തിരിച്ചുവിടുന്നത് ജീവിതസാഹചര്യങ്ങളും പ്രവർത്തന മേഖലകളുമാണ്. ഇവയുടെ തെരഞ്ഞെടുപ്പിൽ ശ്രദ്ധ പാലിക്കുവാൻ വ്യക്തികൾക്ക് ബാധ്യതയുണ്ട്. എത്രതന്നെ ശ്രദ്ധിച്ച് ജീവിച്ചാലും സാഹചര്യങ്ങളുടെ സമ്മർദമോ, ദേഹേച്ഛകളുടെ പ്രേരണയോ തിന്മകളിൽ അകപ്പെടുത്തിയെന്നുവരാം. ഇത്തരം ഘട്ടങ്ങളിൽ സ്വയം വീണ്ടെടുപ്പിനും നന്മയിലേക്കുള്ള തിരിച്ചുപോക്കിനും ശക്തമായ വഴികാട്ടിയാണാവശ്യം. ഖുർആൻ പോലെ ഇക്കാര്യത്തിൽ ഫലപ്രദമായ മറ്റൊരു വഴികാട്ടിയും മനുഷ്യരാശിക്ക് ലഭ്യമല്ല.

വ്യക്തിയെ ഭൂതകാലത്തിൽനിന്ന് പൂർണമായും വേർതിരിക്കുകയും പുതിയൊരു സരണിയിലൂടെ ജീവിതത്തെ നയിക്കാനുള്ള പ്രേരണ അയാളിൽ ചെലുത്തുകയും ചെയ്തുകൊണ്ട് വിമലീകരണത്തിന്റെ പ്രായോഗിക പദ്ധതി ഖുർആൻ അവതരിപ്പിക്കുന്നു. ഖുർആനിന്റെ ഭാഷയിലെ പശ്ചാത്താപം, വ്യക്തികൾ സ്വന്തം തെറ്റുകൾ ഏറ്റുപറഞ്ഞ് വിലപിക്കുന്ന ബലഹീനത മാത്രമല്ല, വിശുദ്ധീകരണത്തിന്റെ വഴിയിലൂടെ സ്വന്തം വ്യക്തിത്വത്തെ പുതുക്കിപ്പണിയുന്ന ഒരു മാനസിക പ്രവർത്തനം കൂടിയാണ്. വിശ്വാസ പാന്ഥാവിലുള്ള അചഞ്ചലമായ ബോധ്യമാണ് ആ മാനസിക പ്രവർത്തനത്തിന്റെ അടിത്തറ. പുതിയ ജീവിതപാതയിലൂടെ മുന്നേറാനുള്ളഒരുക്കമാണ് അതിന്റെ ഫലം. പുതിയ വ്യക്തിയും പുതിയജീവിതവും അതുവഴി ജീവിതത്തെ അർഥവത്താക്കുന്ന ശരിയായ വിമോചനവുമാണ് ഖുർആൻ നിർദേശിക്കുന്നത്. ജീവിതവിമലീകരണത്തിനാവശ്യമായ ഏറ്റവും പ്രായോഗിക മാർഗദർശനമാണ് ഖുർആൻ നൽകുന്നത്. അത് സ്വീകരിക്കാനുള്ള സന്നദ്ധതയോടെ വ്യക്തികൾ സമീപിക്കണമെന്നു മാത്രം. ■



# മാതാപിതാക്കളെ ചേർത്തുപിടിക്കുക

ഡോ. ടി. കെ യൂസുഫ്
:9349798262

മാതാപിതാക്കളും മക്കളും നമ്മുടെ ജീവിതത്തിലെ അവിഭാജ്യഘടകങ്ങളാണെങ്കിലും മാതാപിതാക്കളോടുള്ള കടമകളും ബാധ്യതകളും മാത്രം ക്വുർആനും സുന്നത്തും ആവർത്തിച്ച് അനുശാസിക്കുന്നത് എന്തുകൊണ്ടാണ്? മക്കളെ നോക്കുക എന്നത് ജന്തുസഹജമായ ഒരു നൈസർഗിക വികാരമാണ്. ഈ പ്രപഞ്ചത്തിലെ സർവ ജീവികളും അവയുടെ കുഞ്ഞുങ്ങളോട് കരുണ കാണിക്കുകയും അവയെ പരിപാലിക്കുകയും ചെയ്യുന്നുണ്ട്. എന്നാൽ ഈ ഭൂമിയിലെ ഒരു ജീവിയും അതിന്റെ മാതാപിതാക്കളെ പരിചരിക്കുന്നതായി കാണാൻ സാധ്യമല്ല. ഒരു വിശ്വാസി അല്ലാഹുവിനെ ആരാധിക്കുക എന്ന കടമ നിർവഹിച്ചുകഴിഞ്ഞാൽ പിന്നെ അവൻ ശ്രദ്ധിക്കേണ്ടത് മാതാപിതാക്കളോടുള്ള ബാധ്യതകളാണ്.

അല്ലാഹു പറയുന്നു: “തന്നെയല്ലാതെ നിങ്ങൾ ആരാധിക്കരുതെന്നും മാതാപിതാക്കൾക്ക് നൻമ ചെയ്യണമെന്നും നിന്റെ രക്ഷിതാവ് വിധിച്ചിരിക്കുന്നു. അവരിൽ (മാതാപിതാക്കളിൽ) ഒരാളോ അവർ രണ്ടുപേരും തന്നെയോ നിന്റെ

**ഇസ്‌ലാമിലെ സുപ്രധാന കർമമായ നമസ്കാരം കഴിഞ്ഞാൽ അല്ലാഹുവിന് ഏറ്റവും ഇഷ്ടം മാതാപിതാക്കളോട് പുണ്യം ചെയ്യലാണ്. അല്ലാഹുവിന്റെ മാർഗത്തിലുള്ള ധർമസമരം പോലും അതിന് ശേഷമാണ്. യുദ്ധത്തിന് അനുമതി ചോദിച്ചു വന്ന ഒരാൾക്ക് പ്രായമായ മാതാപിതാക്കളുള്ളത് കാരണം പ്രവാചകൻ അനുമതി നിഷേധിച്ചിട്ടുണ്ട്.**



അടുക്കൽവെച്ച് വാർധക്യം പ്രാപിക്കുകയാണെങ്കിൽ അവരോട് നീ ഛെ എന്ന് പറയുകയോ, അവരോട് കയർക്കുകയോ ചെയ്യരുത്. അവരോട് നീ മാന്യമായ വാക്ക് പറയുക" (അൽഇസ്റാഅ് 23).

മാതാപിതാക്കളെ സംബന്ധിച്ചേടത്തോളം അവർക്ക് ആരോഗ്യമുള്ള സമയത്ത് ആവർ ആരുടെയും ഔദാര്യം സ്വീകരിക്കാൻ താൽപര്യപ്പെടുകയില്ല, എന്ന് മാത്രമല്ല മക്കളുടെ സന്തോഷത്തിന് അവർ ജീവിതം തന്നെ ബലി കഴിക്കാൻ തയ്യാറായിരിക്കും. എന്നാൽ വാർധക്യം ബാധിക്കുമ്പോൾ അവർക്ക് പരസഹായം ആവശ്യമായിവരും, മാത്രമല്ല; അവരുടെ പെരുമാറ്റത്തിൽ അനിഷ്ടകരമായ പലതും കാണപ്പെടുകയും ചെയ്യും. 'ഛെ' എന്ന് പറയിപ്പിക്കുന്ന രീതിയിലായിരിക്കും ചിലപ്പോൾ അവരുടെ പെരുമാറ്റം. അത് കൊണ്ടാണ് അവരോട് പുണ്യം ചെയ്യുന്നതിനും വാക്കിലും നോക്കിലും അവരെ നോവിപ്പിക്കാതിരിക്കാനും കൽപിക്കുന്നത്.

മാതാപിതാക്കളോട് പുണ്യം ചെയ്യാൻ കൽപിച്ചതിനോട് അനുബന്ധമായി ഖുർആൻ പറയുന്നത് മാതാവ് പ്രയാസത്തോടെ ഗർഭം ചുമക്കുകയും നൊന്തു പ്രസവിക്കുകയും ചെയ്യുവെന്നാണ്. അല്ലാഹു പറയുന്നു:

"മനുഷ്യന് തന്റെ മാതാപിതാക്കളുടെ കാര്യത്തിൽ നാം അനുശാസനം നൽകിയിരിക്കുന്നു-ക്ഷീണത്തിനുമേൽ ക്ഷീണവുമായിട്ടാണ് മാതാവ് അവനെ ഗർഭം ചുമന്നു നടന്നത്. അവന്റെ മുലകുടി നിർത്തുന്നതാകട്ടെ രണ്ടുവർഷം കൊണ്ടുമാണ്- എന്നോടും നിന്റെ മാതാപിതാക്കളോടും നീ നന്ദി കാണിക്കൂ. എന്റെ അടുത്തേക്കാണ് (നിന്റെ) മടക്കം" (ലുക്മാൻ 14).

"തന്റെ മാതാപിതാക്കളോട് നല്ലനിലയിൽ വർത്തിക്കണമെന്ന് നാം മനുഷ്യനോട് അനുശാസിച്ചിരിക്കുന്നു. അവന്റെ മാതാവ് പ്രയാസപ്പെട്ടുകൊണ്ട് അവനെ ഗർഭം ധരിക്കുകയും പ്രയാസപ്പെട്ടുകൊണ്ട് അവനെ പ്രസവിക്കുകയും ചെയ്തു..." (അൽഅഹ്ഖാഫ് 15).

ഇസ്‌ലാമിലെ ആരാധനാകർമങ്ങൾ പരിശോധിക്കുകയാണെങ്കിൽ; അവയിൽ അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ടത് നമസ്കാരം യഥാസമയത്ത് നിർവഹിക്കലാണ്, അത് കഴിഞ്ഞാൽ അവന് പ്രിയപ്പെട്ടത് മാതാപിതാക്കളോടുള്ള പുണ്യംചെയ്യൽ തന്നെയാണ്.

ഇബ്നു മസ്ഊദി(റ)ൽനിന്നും നിവേദനം: "ഞാൻ അല്ലാഹുവിന്റെ ദൂതരോട് ചോദിച്ചു: 'ഏത് കർമമാണ് അല്ലാഹുവിന് ഏറ്റവും ഇഷ്ടപ്പെട്ടത്?' അദ്ദേഹം പറഞ്ഞു: 'നമസ്കാരം അതിന്റെ സമയത്ത് നിർവഹിക്കൽ.' ഞാൻ ചോദിച്ചു: 'പിന്നെ എന്താണ്?' അദ്ദേഹം പറഞ്ഞു: 'മാതാപിതാക്കളോടുള്ള പുണ്യം.' ഞാൻ ചോദിച്ചു: 'പിന്നെ എന്താണ്?' അദ്ദേഹം പറഞ്ഞു: 'അല്ലാഹുവിന്റെ മാർഗത്തിലുള്ള ധർമസമരം' (ബുഖാരി).

ഈ ഹദീസ് പ്രകാരം ഇസ്‌ലാമിലെ സുപ്രധാന കർമമായ നമസ്കാരം കഴിഞ്ഞാൽ അല്ലാഹുവിന് ഏറ്റവും ഇഷ്ടം മാതാപിതാക്കളോട് പുണ്യം ചെയ്യലാണ്. അല്ലാഹുവിന്റെ മാർഗത്തിലുള്ള ധർമസമരം പോലും അതിന് ശേഷമാണ്. യുദ്ധത്തിന് അനുമതി ചോദിച്ചു വന്ന ഒരാൾക്ക് പ്രായമായ മാതാപിതാക്കളുള്ളത് കാരണം പ്രവാചകൻ അനുമതി നിഷേധിച്ചിട്ടുണ്ട്.

ഒരാൾ നബി(സ്വ)യുടെ അടുക്കൽ വന്നു, എന്നിട്ട് പറഞ്ഞു: 'അല്ലാഹുവിന്റെ പ്രതിഫലം ആഗ്രഹിച്ചു കൊണ്ട് ഹിജ്റക്ക് വേണ്ടി -അല്ലെങ്കിൽ ജിഹാദിന് വേണ്ടി- ഞാൻ താങ്കളോട് ഉടമ്പടി ചെയ്യുന്നു.' അപ്പോൾ നബി(സ്വ) ചോദിച്ചു: 'നിന്റെ മാതാപിതാക്കളിൽ ആരെങ്കിലും ജീവിച്ചിരിപ്പുണ്ടോ?' അദ്ദേഹം പറഞ്ഞു: 'അതെ, അവർ രണ്ടുപേരുമുണ്ട്.' നബി(സ്വ) ചോദിച്ചു: 'നീ അല്ലാഹുവിൽനിന്നും പ്രതിഫലം ആഗ്രഹിക്കുന്നുണ്ടോ?' അദ്ദേഹം പറഞ്ഞു: 'അതെ.' അപ്പോൾ നബി(സ്വ) പറഞ്ഞു: 'എങ്കിൽ നീ നിന്റെ മാതാപിതാക്കളിലേക്ക് മടങ്ങിച്ചെന്ന് അവരുമായുള്ള സഹവാസം നന്നാക്കുക' (മുസ്‌ലിം).

പ്രായമായ മാതാപിതാക്കളെ സംരക്ഷിക്കുന്നത് സ്വർഗപ്രവേശനത്തിന് നിമിത്തമാകും. അത് അവഗണിക്കുന്നവരുടെ കാര്യം കഷ്ടമാണ് എന്നാണ് പ്രവാചകൻ പറഞ്ഞിട്ടുള്ളത്.

നബി(സ്വ) പറഞ്ഞു: "നിന്ദ്യനാകട്ടെ, നിന്ദ്യനാകട്ടെ, നിന്ദ്യനാകട്ടെ! ഒരാൾക്ക് തന്റെ മാതാപിതാക്കളെ വാർധക്യത്തിൽ ലഭിച്ചു; അവരിൽ ഒരാളെയോ അല്ലെങ്കിൽ രണ്ടുപേരെയുമോ. എന്നിട്ടും അവൻ സ്വർഗത്തിൽ പ്രവേശിച്ചില്ല" (മുസ്‌ലിം).



മാതാപിതാക്കളോടുള്ള പുണ്യം അവരുടെ ജീവിതകാലത്ത് മാത്രം പരിമിതമല്ല; അവരുടെ മരണ ശേഷവും അത് തുടരേണ്ടതുണ്ട്.

ഒരിക്കൽ ഒരാൾ വന്ന് നബി(സ്വ)യോട് ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, മാതാപിതാക്കളുടെ മരണ ശേഷം എനിക്ക് അവരുടെ മേൽ വല്ല പുണ്യവും അവശേഷിക്കുന്നുണ്ടോ?' നബി(സ്വ) പറഞ്ഞു: 'അതെ, അവരുടെമേലുള്ള പ്രാർഥന, അവർക്ക് വേണ്ടിയുള്ള പാപമോചന പ്രാർഥന, അവരുടെ കരാറുകൾ നിറവേറ്റൽ, അവരുടെ ഭാഗത്തുനിന്നുള്ള കുടുംബബന്ധം ചേർക്കൽ, അവരുടെ സുഹൃത്തുക്കളെ ആദരിക്കൽ' (അബൂദാവൂദ്).

ഈ ഹദീസിന്റെ അടിസ്ഥാനത്തിലാണ് ഒരിക്കൽ ഇബ്നു ഉമർ(റ) ഒരു അപരിഷ്കൃത അറബിയെ വഴിയിൽ വെച്ച് കണ്ടപ്പോൾ അദ്ദേഹത്തെ കഴുതപ്പുറത്ത് കയറ്റുകയും തലപ്പാവ് നൽകി ആദരിക്കുകയും ചെയ്തത്.

മാതാപിതാക്കളോട് പുണ്യം ചെയ്യുന്നത് ദീർഘായുസ്സിനും ഉപജീവനവർധനവിനും നിമിത്തമായിത്തീരുമെന്നാണ് ഹദീസുകൾ സൂചിപ്പിക്കുന്നത്.

നബി(സ്വ) പറഞ്ഞു: "ആരെങ്കിലും തന്റെ ആയുസ്സ് വർധിക്കു

**മാതാപിതാക്കളെ സംബന്ധിച്ചേടത്തോളം അവർക്ക് ആരോഗ്യമുള്ള സമയത്ത് ആവർ ആരുടെയും ഔദാര്യം സ്വീകരിക്കാൻ താൽപര്യപ്പെടുകയില്ല, എന്ന് മാത്രമല്ല മക്കളുടെ സന്തോഷത്തിന് അവർ ജീവിതം തന്നെ ബലി കഴിക്കാൻ തയ്യാറായിരിക്കും. എന്നാൽ വാർധക്യം ബാധിക്കുമ്പോൾ അവർക്ക് പരസഹായം ആവശ്യമായിവരും, മാത്രമല്ല; അവരുടെ പെരുമാറ്റത്തിൽ അനിഷ്ടകരമായ പലതും കാണപ്പെടുകയും ചെയ്യും. 'ഛെ' എന്ന് പറയിപ്പിക്കുന്ന രീതിയിലായിരിക്കും ചിലപ്പോൾ അവരുടെ പെരുമാറ്റം. അത് കൊണ്ടാണ് അവരോട് പുണ്യം ചെയ്യുന്നതിനും വാക്കിലും നോക്കിലും അവരെ നോവിപ്പിക്കാതിരിക്കാനും കൽപിക്കുന്നത്.**



**മാതാപിതാക്കളിൽ മാതാവിനോടാണ് കൂടുതൽ കടപ്പാട് എന്ന് സൂചിപ്പിക്കുന്ന ധാരാളം ഹദീസുകൾ കാണാൻ കഴിയും. 'മാതാപിതാക്കളിൽ എന്റെ സഹവാസത്തിന് ഏറ്റവും അർഹതപ്പെട്ടത് ആര്' എന്ന ചോദ്യത്തിന് 'നിന്റെ മാതാവ്' എന്നാണ് നബി(സ്വ) മൂന്നു പ്രവശ്യം പറഞ്ഞത്. നാലാം പ്രാവശ്യമാണ് 'നിന്റെ പിതാവ്' എന്നു പറഞ്ഞത്. ഒരാൾ തന്റെ മാതാവിനെ ചുമലിലേറ്റി കഅ്ബയെ ത്വവാഫ് ചെയ്യുകയായിരുന്നു. ഇബ്നു ഉമറിനോട് അദ്ദേഹം ചോദിച്ചു: 'ഇത് മാതാവിനോടുള്ള പ്രത്യുപകാരമാകില്ലേ?' അദ്ദേഹം പറഞ്ഞു: 'ഇല്ല ഒരു നോവിനും നെടുവിർപ്പിനും ഇത് പകരമാകുകയില്ല. എങ്കിലും കുറച്ച് ചെയ്യുന്നവർക്കും അല്ലാഹു കൂടുതൽ പ്രതിഫലം നൽകും.'**

ന്നതും ഉപജീവനം വർധിക്കുന്നതും ഇഷ്ടപ്പെടുന്നുവെങ്കിൽ അവൻ തന്റെ മാതാപിതാക്കളോട് പുണ്യം ചെയ്യട്ടെ. അവൻ കുടുംബബന്ധം ചേർക്കട്ടെ" (അഹ്മദ്).

മാതാപിതാക്കളോട് നന്മ ചെയ്യുന്നതിലൂടെ ഒരാൾക്ക് രോഗശമനവും പ്രാർഥനാസാഫല്യവും നേടാനാവുമെന്നാണ് ഉവൈസ് ബിൻ ആമിറിന്റെ സംഭവത്തിൽ നിന്നും ഗ്രഹിക്കാൻ കഴിയുന്നത്. ഉമർ(റ) യമനിൽനിന്നും വരുന്ന യാത്രാസംഘങ്ങളോട് നിങ്ങളുടെ കൂട്ടത്തിൽ ഉവൈസ് ബിൻ ആമിർ ഉണ്ടോ എന്ന് അന്വേഷിക്കാറുണ്ടായിരുന്നു. അങ്ങനെ ഒരിക്കൽ ഉവൈസ് അദ്ദേഹത്തിന്റെ അടുക്കൽ വന്നു. ഉമർ(റ) ചോദിച്ചു: 'നീ ഉവൈസ്ബിൻ ആമിർ ആണോ?' അദ്ദേഹം പറഞ്ഞു: 'അതെ.' 'താങ്കൾ മുറാദ്, ഖർന് ഗോത്രങ്ങളിൽ നിന്നാണോ?' അദ്ദേഹം പറഞ്ഞു: 'അതെ.' 'താങ്കൾക്ക് വെള്ളപ്പാണ്ട് ഉണ്ടായിരുന്നുവോ? എന്നിട്ട് ഒരു ദിർഹമിന്റെ അത്ര വലിപ്പമൊഴികെ ബാക്കിയുള്ളതെല്ലാം സുഖപ്പെട്ടുവോ?' അദ്ദേഹം പറഞ്ഞു: 'അതെ.' 'താങ്കൾക്ക് മാതാവുണ്ടോ?' അദ്ദേഹം പറഞ്ഞു: 'അതെ.' ഉമർ(റ) പറഞ്ഞു: 'നബി(സ്വ) പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്; യമനിലെ സംഘങ്ങളോടൊപ്പം ഉവൈസ് ബിൻ ആമിർ നിങ്ങളിലേക്ക് വരും. അദ്ദേഹം മുറാദിൽനിന്നും പിന്നെ ഖർനിൽനിന്നും (ഗോത്രവും ഉപഗോത്രവും) ആയിരിക്കും. അദ്ദേഹത്തിന് വെള്ളപ്പാണ്ടുണ്ടായിരുന്നു. അതിൽനിന്നും ദിർഹമിന്റെ ഭാഗമൊഴിച്ച് ബാക്കിയെല്ലാം സുഖമായി. അദ്ദേഹത്തിന് ഒരു മാതാവുണ്ട്; അദ്ദേഹം മാതാവിനോട് പുണ്യം ചെയ്യുന്നവനാണ്. അദ്ദേഹം അല്ലാഹുവിന്റെ പേരിൽ ശപഥം ചെയ്താൽ അത് നിറവേറും. അദ്ദേഹത്തെകൊണ്ട് നിനക്ക് പാപമോചനം തേടാൻ നിനക്ക് സാധിച്ചാൽ നീ അപ്രകാരം ചെയ്യുക' (ഹാകിം).

ഉമർ(റ) അദ്ദേഹത്തോട് തനിക്കുവേണ്ടി പാപമോചനം തേടാൻ ആവശ്യപ്പെട്ടു. അപ്പോൾ അദ്ദേഹം ഉമറിന് വേണ്ടി പാപമോചനം തേടി. പിന്നീട് ഉമർ(റ) അദ്ദേഹത്തോട് ചോദിച്ചു: 'താങ്കൾ ഇനി എങ്ങോട്ടാണ് പോകുന്നത്?' അദ്ദേഹം പറഞ്ഞു: 'കൂഫയിലേക്ക്.' ഉമർ(റ) പറഞ്ഞു: 'ഞാൻ അവിടുത്തെ ഗവർണർമാർക്ക് എഴുതാം. അവർ താങ്കൾക്ക് ഗുണം ചെയ്യും.' അദ്ദേഹം പറഞ്ഞു: 'വേണ്ട, മണ്ണുപുരണ്ട ജനങ്ങൾക്കിടയിൽ കഴിയുന്നതാണ് എനിക്ക് കൂടുതൽ ഇഷ്ടം.'

ഈ സംഭവത്തിൽനിന്നും മാതാവിന് പുണ്യം ചെയ്തത് നിമിത്തമുണ്ടായ മഹത്തായ അനുഗ്രഹങ്ങളാണ് നമുക്ക് മനസ്സിലാക്കാൻ കഴിയുന്നത്. ഒന്നാമതായി, ഒരു മാറാവ്യാധിയായ വെള്ളപ്പാണ്ടിൽനിന്നും അദ്ദേഹത്തിന് ശമനം ലഭിച്ചു. ഒരു ദൃഷ്ടാന്തമെന്നോണം ഒരു നാണയത്തിന്റെ വലിപ്പത്തിലുള്ള ഒരു അടയാളം അവശേഷിച്ചു. മറ്റൊന്ന് അദ്ദേഹത്തിന്റെ പ്രാർഥനക്ക് അല്ലാഹു ഉത്തരം നൽകുന്ന ഒരു സ്ഥിതിവിശേഷമുണ്ടായി. നബി(സ്വ) തന്റെ ജീവിതകാലത്ത് കാണാത്ത ഒരാളെ കുറിച്ച് അത്തരത്തിൽ ഒരു പ്രവചനം നടത്തി എന്നതും മറ്റൊരു അത്ഭുതമാണ്.

മാതാപിതാക്കളിൽ മാതാവിനോടാണ് കൂടുതൽ കടപ്പാട് എന്ന് സൂചിപ്പിക്കുന്ന ധാരാളം ഹദീസുകൾ കാണാൻ കഴിയും. 'മാതാപിതാക്കളിൽ എന്റെ സഹവാസത്തിന് ഏറ്റവും അർഹതപ്പെട്ടത് ആര്' എന്ന ചോദ്യത്തിന് 'നിന്റെ മാതാവ്' എന്നാണ് നബി(സ്വ) മൂന്നു പ്രവശ്യം പറഞ്ഞത്. നാലാം പ്രാവശ്യമാണ് 'നിന്റെ പിതാവ്' എന്നു പറ



ഞ്ഞത്. ഒരാൾ തന്റെ മാതാവിനെ ചുമലിലേറ്റി കഅ്ബയെ ത്വവാഫ് ചെയ്യുകയായിരുന്നു. ഇബ്നു ഉമറിനോട് അദ്ദേഹം ചോദിച്ചു: 'ഇത് മാതാവിനോടുള്ള പ്രത്യുപകാരമാകില്ലേ?' അദ്ദേഹം പറഞ്ഞു: 'ഇല്ല ഒരു നോവിനും നെടുവിർപ്പിനും ഇത് പകരമാകുകയില്ല. എങ്കിലും കുറച്ച് ചെയ്യുന്നവർക്കും അല്ലാഹു കൂടുതൽ പ്രതിഫലം നൽകും.'

മാതാപിതാക്കൾക്ക് പുണ്യം ചെയ്യുന്നത് പ്രതിഫലാർഹമാണെങ്കിൽ അവരോട് മോശമായി പെരുമാറുന്നതിനെ കൊടിയ പാപമായിട്ടാണ് ഇസ്‌ലാം എണ്ണുന്നത്. തന്നെയുമല്ല അതിന്റെ ശിക്ഷ ദുൻയാവിൽ വെച്ചുതന്നെ ലഭിക്കുകയും ചെയ്യും.

നബി(സ്വ) പറഞ്ഞു: 'എല്ലാ പാപങ്ങളും; അതിൽനിന്നും അല്ലാഹു ഉദ്ദേശിച്ചത് അന്ത്യദിനംവരെ പിന്തിക്കും, മാതാപിതാക്കളോട് ധിക്കാരം കാണിച്ചതിന് ഒഴികെ. അത് ചെയ്തവന് അല്ലാഹു മരണത്തിന് മുമ്പ് ജീവിതത്തിൽ വെച്ചുതന്നെ പെട്ടെന്ന് നൽകും' (ഹാകിം).

പാപങ്ങളിൽ ഏററവും ഗുരുതരമായതാണ് മാതാപിതാക്കളോടുള്ള അനുസരണക്കേട് എന്നാണ് ഹദീസുകൾ വ്യക്തമാക്കുന്നത്. നബി(സ്വ) പറഞ്ഞു: 'പാപങ്ങളിൽ ഏറ്റവും വലിയത് ഞാൻ നിങ്ങൾക്ക് അറിയിച്ചുതരട്ടയോ?' അവർ പറഞ്ഞു: 'അതെ, അല്ലാഹുവിന്റ ദൂതരേ'. നബി(സ്വ) പറഞ്ഞു: 'അല്ലാഹുവിൽ പങ്കു ചേർക്കുക, മാതാപിതാക്കളെ ധിക്കരിക്കുക, കളളസാക്ഷ്യം പറയുക' (തിർമിദി).

മാതാപിതാക്കളോട് ധിക്കാരം കാണിക്കുന്നവരെ അന്ത്യദിനത്തിൽ അല്ലാഹു നോക്കുകയില്ല എന്നും ഹദീസുകളിൽ വന്നിട്ടുണ്ട്. മാതാപിതാക്കളോട് അനുസരണക്കേട് കാണിക്കുന്നത് വൻപാപമായി എണ്ണിയ പ്രവാചകൻ വൻപാപങ്ങൾക്കുള്ള പരിഹാരമായി നിർദേശിച്ചത് മാതാപിതാക്കളോട് പുണ്യം ചെയ്യാനാണ്.

ഇബ്നു ഉമറി(റ)ൽനിന്നും നിവേദനം: "ഒരാൾ നബി (സ്വ)യുടെ അടുക്കൽ വന്നു, എന്നിട്ട് പറഞ്ഞു: 'അല്ലാഹുവിന്റെ ദൂതരേ, ഞാൻ ഒരു ഭയങ്കര തെറ്റുചെയ്തു, എനിക്ക് തൗബയുണ്ടോ?' അപ്പോൾ തിരുമേനി ചോദിച്ചു: 'നിനക്ക് മതാവുണ്ടോ?' അദ്ദേഹം പറഞ്ഞു: 'ഇല്ല.' 'നിനക്ക് മാതൃസഹോദരിയുണ്ടോ?' അദ്ദേഹം പറഞ്ഞു: 'അതെ.' നബി(സ്വ) പറഞ്ഞു: 'എങ്കിൽ നീ അവർക്ക് പുണ്യം ചെയ്യുക' (അഹ്മദ്).

മാതാപിതാക്കളെ ചീത്തവിളിക്കുന്ന എത്രയോ ആളുകളെ നമുക്ക് കാണാൻ സാധിക്കും. എന്നാൽ ഇത് പൂർവികരായ മുസ്‌ലിംകൾക്ക് സങ്കൽപിക്കാൻ പോലും പറ്റാത്തതായിരുന്നു. മാതാപിതാക്കളെ ചീത്തപറയുന്നത് വൻപാപമാണ് എന്ന് പ്രവാചകൻ (സ്വ) പറഞ്ഞപ്പോൾ അനുചരന്മാർ ചോദിച്ചു: 'അല്ലാഹുവിന്റെ ദൂതരേ, ഒരാൾ മാതാപിതാക്കളെ ചീത്തപറയുമോ?' നബി(സ്വ) പറഞ്ഞു: 'അതെ, ഒരാൾ അപരന്റെ പിതാവിനെ ചീത്തവിളിക്കുന്നു, അപ്പോൾ അവൻ ഇവന്റെയും പിതാവിനെ ചീത്തവിളിക്കും. ഒരാൾ അപരന്റെ ഉമ്മയെ ചീത്ത വിളിക്കുമ്പോൾ അവൻ ഇവന്റെ ഉമ്മയെയും ചീത്തവിളിക്കും' (മുസ്‌ലിം).

മാതാപിതാക്കളോട് നന്നായി പെരുമാറുന്ന പലരും അവരുടെ സമ്പാദ്യം അവർക്ക് നൽകാൻ വൈമനസ്യം കാണിക്കുന്നവരാണ്. എന്നാൽ നമ്മളും നമ്മുടെ സമ്പത്തും മാതാപിതാക്കൾക്ക് അർഹതപ്പെട്ടാതാണ് എന്നാണ് പ്രവാചകൻ പഠിപ്പിച്ചിട്ടുള്ളത്. ഒരാൾ തന്റെ സമ്പത്ത് പിതാവ് ചോദിക്കുന്നു എന്ന് തിരുസന്നിധിയിൽ ആവലാതി പറഞ്ഞു. അപ്പോൾ നബി(സ്വ) പറഞ്ഞത് നീയും നിന്റെ സമ്പത്തും പിതാവിനർഹതപ്പെട്ടതാണെന്നാണ്.

നബി(സ്വ) പറഞ്ഞു: "നീയും നിന്റെ സമ്പത്തും നിന്റെ പിതാവിനാണ്. നിശ്ചയം, നിങ്ങളുടെ മക്കൾ നിങ്ങളുടെ നല്ല സമ്പാദ്യമാണ് അതുകൊണ്ട് നിങ്ങൾ നിങ്ങളുടെ മക്കളുടെ സമ്പാദ്യത്തിൽനിന്നും ഭക്ഷിക്കുക."

ഈ ഹദീസിന്റെ പശ്ചാത്തലമായി ഇമാം സമഖ്ശരി പറയുന്നത് ഇപ്രകാരമാണ്: 'ഒരാൾ നബി (സ്വ)യോട് തന്റെ പിതാവ് തന്റെ സമ്പത്ത് എടുക്കുന്നുണ്ട് എന്ന് പറഞ്ഞു. അപ്പോൾ ആ പിതാവിനെ വിളിപ്പിച്ചു, അദ്ദേഹം വടിയിൽ ഊന്നുന്ന ഒരു വൃദ്ധനായിരുന്നു. പിതാവ് പറഞ്ഞു: 'ഒരു കാലത്ത് അവൻ ദുർബലനായിരുന്നു. ഞാൻ ശക്തനായിരുന്നു. അവൻ ദരിദ്രനായിരുന്നു. ഞാൻ സമ്പന്നനായിരുന്നു. എന്റെ സമ്പത്തിൽനിന്നും യാതൊന്നും ഞാൻ അവന് തടഞ്ഞിരുന്നില്ല. ഇന്ന് ഞാൻ ദുർബലനാണ്; അവൻ ശക്തനാണ്. ഞാൻ ദരിദ്രനാണ്; അവൻ സമ്പന്നനാണ്. അവൻ അവന്റെ സമ്പത്തുകൊണ്ട് എന്റെമേൽ പിശുക്ക് കാണിക്കുന്നു.' അപ്പോൾ നബി (സ്വ) കരഞ്ഞു. അത് കേട്ട കല്ലും മണ്ണും കരഞ്ഞു. എന്നിട്ട് മകനോട് പറഞ്ഞു: 'നീയും നിന്റെ സമ്പത്തും നിന്റെ പിതാവിന്റെതാണ്.'

അബ്ദുർറഹ്മാനുബ്നു നാസിറുസ്സഅ്ദി
വിവർത്തനം: ഹാരിസ് ബിൻ സലീം
:95444 92089

അധ്യായം: 47

# മുഹമ്മദ്

(മദീനയിൽ അവതരിച്ചത്)

أَفَلَمْ يَسِيرُوا۟ فِى ٱلْأَرْضِ فَيَنظُرُوا۟ كَيْفَ كَانَ عَـٰقِبَةُ
ٱلَّذِينَ مِن قَبْلِهِمْ ۚ دَمَّرَ ٱللَّهُ عَلَيْهِمْ ۖ وَلِلْكَـٰفِرِينَ أَمْثَـٰلُهَا
﴿١٠﴾ ذَٰلِكَ بِأَنَّ ٱللَّهَ مَوْلَى ٱلَّذِينَ ءَامَنُوا۟ وَأَنَّ
ٱلْكَـٰفِرِينَ لَا مَوْلَىٰ لَهُمْ ﴿١١﴾

إِنَّ ٱللَّهَ يُدْخِلُ ٱلَّذِينَ ءَامَنُوا۟ وَعَمِلُوا۟ ٱلصَّـٰلِحَـٰتِ
جَنَّـٰتٍ تَجْرِى مِن تَحْتِهَا ٱلْأَنْهَـٰرُ ۖ وَٱلَّذِينَ كَفَرُوا۟
يَتَمَتَّعُونَ وَيَأْكُلُونَ كَمَا تَأْكُلُ ٱلْأَنْعَـٰمُ وَٱلنَّارُ
مَثْوًى لَّهُمْ ﴿١٢﴾

وَكَأَيِّن مِّن قَرْيَةٍ هِىَ أَشَدُّ قُوَّةً مِّن قَرْيَتِكَ ٱلَّتِىٓ
أَخْرَجَتْكَ أَهْلَكْنَـٰهُمْ فَلَا نَاصِرَ لَهُمْ ﴿١٣﴾

10. അവർ ഭൂമിയിൽകൂടി സഞ്ചരിച്ചിട്ടില്ലേ? എങ്കിൽ തങ്ങളുടെ മുൻഗാമികളുടെ പര്യവസാനം എങ്ങനെയായിരുന്നു എന്നവർക്ക് നോക്കിക്കാണാമായിരുന്നു. അല്ലാഹു അവരെ തകർത്തുകളഞ്ഞു. ഈ സത്യനിഷേധികൾക്കുമുണ്ട് അതു പോലെയുള്ളവ (ശിക്ഷകൾ).

11. അതിന്റെ കാരണമെന്തെന്നാൽ അല്ലാഹു സത്യവിശ്വാസികളുടെ രക്ഷാധികാരിയാണ്. സത്യനിഷേധികൾക്കാകട്ടെ ഒരു രക്ഷാധികാരിയും ഇല്ല.

12. വിശ്വസിക്കുകയും സൽകർമങ്ങൾ പ്രവർത്തിക്കുകയും ചെയ്തവരെ താഴ്ഭാഗത്തുകൂടി നദികൾ ഒഴുകുന്ന സ്വർഗത്തോപ്പുകളിൽ അല്ലാഹു പ്രവേശിപ്പിക്കുന്നതാണ്; തീർച്ച. സത്യനിഷേധികളാകട്ടെ (ഇഹലോകത്ത്) സുഖമനുഭവിക്കുകയും നാൽക്കാലികൾ തിന്നുന്നതുപോലെ തിന്നുകൊണ്ടിരിക്കുകയും ചെയ്യുന്നു. നരകമാണ് അവർക്കുള്ള വാസസ്ഥലം.

13. നിന്നെ പുറത്താക്കിയ നിന്റെ രാജ്യത്തെക്കാൾ ശക്തിയേറിയ എത്രയെത്ര രാജ്യങ്ങൾ! അവരെ നാം നശിപ്പിച്ചു. അപ്പോൾ അവർക്കൊരു സഹായിയുമുണ്ടായിരുന്നില്ല.

أَفَمَن كَانَ عَلَىٰ بَيِّنَةٍ مِّن رَّبِّهِۦ كَمَن زُيِّنَ لَهُۥ
سُوٓءُ عَمَلِهِۦ وَٱتَّبَعُوٓا۟ أَهْوَآءَهُم ﴿١٤﴾

مَّثَلُ ٱلْجَنَّةِ ٱلَّتِى وُعِدَ ٱلْمُتَّقُونَ ۖ فِيهَآ أَنْهَٰرٌ مِّن مَّآءٍ
غَيْرِ ءَاسِنٍ وَأَنْهَٰرٌ مِّن لَّبَنٍ لَّمْ يَتَغَيَّرْ طَعْمُهُۥ
وَأَنْهَٰرٌ مِّنْ خَمْرٍ لَّذَّةٍ لِّلشَّٰرِبِينَ وَأَنْهَٰرٌ مِّنْ عَسَلٍ
مُّصَفًّى ۖ وَلَهُمْ فِيهَا مِن كُلِّ ٱلثَّمَرَٰتِ وَمَغْفِرَةٌ مِّن
رَّبِّهِمْ ۖ كَمَنْ هُوَ خَٰلِدٌ فِى ٱلنَّارِ وَسُقُوا۟ مَآءً
حَمِيمًا فَقَطَّعَ أَمْعَآءَهُمْ ﴿١٥﴾

14. തന്റെ രക്ഷിതാവിങ്കൽനിന്നുള്ള സ്പഷ്ടമായ തെളിവനുസരിച്ച് നിലകൊള്ളുന്ന ഒരാൾ സ്വന്തം ദുഷ്പ്രവൃത്തി അലംകൃതമായി തോന്നുകയും തന്നിഷ്ടങ്ങളെ പിന്തുടരുകയും ചെയ്ത ഒരുവനെ പോലെയാണോ?

15. സൂക്ഷ്മതയുള്ളവർക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള സ്വർഗത്തിന്റെ അവസ്ഥ എങ്ങനെയെന്നാൽ, അതിൽ പകർച്ച വരാത്ത വെള്ളത്തിന്റെ അരുവികളുണ്ട്. രുചിഭേദം വരാത്ത പാലിന്റെ അരുവികളും കുടിക്കുന്നവർക്ക് ആസ്വാദ്യമായ മദ്യത്തിന്റെ അരുവികളും ശുദ്ധീകരിക്കപ്പെട്ട തേനിന്റെ അരുവികളുമുണ്ട്. അവർക്കതിൽ എല്ലാതരം കായ്കനികളുമുണ്ട്. തങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള പാപമോചനവുമുണ്ട്. (ഈ സ്വർഗവാസികളുടെ അവസ്ഥ) നരകത്തിൽ നിത്യവാസിയായിട്ടുള്ളവനെപ്പോലെ ആയിരിക്കുമോ? അത്തരക്കാർക്കാകട്ടെ കൊടും ചൂടുള്ള വെള്ളമായിരിക്കും കുടിക്കാൻ നൽകപ്പെടുക. അങ്ങനെ അത് അവരുടെ കുടലുകളെ ഛിന്നഭിന്നമാക്കിക്കളയും.

10) പ്രവാചകനെ കളവാക്കുന്ന ഇവർ സഞ്ചരിച്ചിട്ടില്ലേ (എങ്കിൽ നിങ്ങളുടെ മുൻഗാമികളുടെ പര്യവസാനം എങ്ങനെയായിരുന്നു എന്നവർക്ക് നോക്കാമായിരുന്നു). ചീത്ത പര്യവസാനം മാത്രമാണവർക്ക് ഉണ്ടായതെന്ന് അവർക്ക് കാണാൻ കഴിയും. അവർ ഇടത്തോട്ടോ വലത്തോട്ടോ ഒക്കെ തിരിഞ്ഞുനോക്കിയാലും നിഷേധവും കളവാക്കലും അവരുടെ മുൻഗാമികളെ നാമാവശേഷമാക്കുകയും നശിപ്പിക്കുകയുമാണുണ്ടായതെന്ന് അവർ കണ്ടെത്തും. അങ്ങനെ അവർ കെട്ടടങ്ങി. വീടും സ്വത്തുമെല്ലാം അല്ലാഹു തകർത്തുകളഞ്ഞു; അവരുടെ ചെയ്തികളെയും കുതന്ത്രങ്ങളെയും അവൻ തകർത്തെറിഞ്ഞു. സത്യനിഷേധികൾക്ക് എല്ലാകാലത്തും ദേശത്തും ഇങ്ങനെ നിന്ദ്യമായ ശിക്ഷയും ദുഷിച്ച പര്യവസാനവും തന്നെയാണുള്ളത്. എന്നാൽ സത്യവിശ്വാസികൾ അവരെ അല്ലാഹു ശിക്ഷയിൽനിന്ന് രക്ഷപ്പെടുത്തുകയും ധാരാളം പ്രതിഫലം നൽകുകയും ചെയ്യും.

11) (അതിന്റെ കാരണമെന്തെന്നാൽ അല്ലാഹു സത്യവിശ്വാസികളുടെ രക്ഷാധികാരിയാണ്) അതിനാൽ അവന്റെ കാരുണ്യത്താൽ അവൻ അവരെ ഏറ്റെടുത്തു. ഇരുട്ടിൽനിന്നും വെളിച്ചത്തിലേക്ക് കൊണ്ടുവന്നു. അവർക്ക് സഹായവും പ്രതിഫലവും നൽകി. (സത്യനിഷേധികൾക്കാകട്ടെ) അല്ലാഹു അവരുടെ സംരക്ഷ ണത്തെ എടുത്തുകളഞ്ഞു. അവരുടെ മേൽ കാരുണ്യത്തെ അടച്ചുകളയുകയും ചെയ്തു (ഒരു രക്ഷാധികാരിയും ഇല്ല) സമാധാനത്തിന്റെ വഴിയിലേക്ക് അവരെ നയിക്കാനോ അവന്റെ ശിക്ഷയിൽ നിന്ന് അവരെ രക്ഷപ്പെടുത്താനോ അവർക്കാരുമില്ല. മറിച്ച്, അവരുടെ രക്ഷാധികാരികൾ അല്ലാഹുവല്ലാതെ ആരാധിക്കപ്പെടുന്ന (താഗൂത്ത്)വരാണ്. അവർ അവരെ വെളിച്ചത്തിൽ നിന്ന് ഇരുട്ടിലേക്ക് നയിക്കുന്നു. അവർ നരകാവകാശികളാണ്. അതിൽ അവർ ശാശ്വതരായിരിക്കും.

12) സത്യവിശ്വാസികളുടെ രക്ഷാധികാരിയാണ് അല്ലാഹു എന്ന് പറഞ്ഞതിനൊപ്പം പരലോകത്ത് അവരെ സ്വർഗത്തിൽ പ്രവേശിപ്പിക്കുന്നതിനെക്കുറിച്ചും പറയുന്നു. താഴ്ഭാഗത്തുകൂടി നദികളൊഴുകുന്ന സ്വർഗം, പുഷ്പിച്ചു നിൽക്കുന്ന ഉദ്യാനങ്ങളെയും ഫലം കായ്ക്കുന്ന പ്രശോഭിതമായ മരങ്ങളെയും കൗതുകമുള്ള എല്ലാ സസ്യവർഗങ്ങളെയും രുചികരമായ എല്ലാ പഴങ്ങളെയും അത് നനക്കുന്നു. സത്യനിഷേധികൾക്ക് രക്ഷാധികാരിയില്ലെന്ന് പറഞ്ഞപ്പോൾ അതിനൊപ്പം പറഞ്ഞത് അവർ അവരിൽത്തന്നെ ഭരമേൽപിക്കുന്നവരും മാനുഷിക ഗുണങ്ങളോ മനുഷ്യത്വമോ ഇല്ലാത്തവരുമാണെന്നാണ്. മാത്രവുമല്ല, അവർ അധഃപതനങ്ങളിലേക്ക് ഇറങ്ങിപ്പോകും. അവർ നാൽക്കാലികളെപ്പോലെ ബുദ്ധിയോ മഹത്ത്വമോ ഇല്ലാത്തവരായിരിക്കുന്നു. അവരുടെ ഉദ്ദേശ്യവും ലക്ഷ്യവും ഭൗതിക സുഖങ്ങളും ആഗ്രഹങ്ങളും ആസ്വദിക്കുക എന്നത് മാത്രമാകു

**തന്റെ മതത്തിൽ അറിവും ഉൾക്കാഴ്ചയുമുള്ള അറിഞ്ഞ സത്യത്തെ പിൻപറ്റുകയും പ്രവർത്തക്കുകയും ചെയ്ത്, സത്യത്തിന്റെ ആളുകൾക്ക് അല്ലാഹു വാഗ്ദത്തം ചെയ്തതിനെ പ്രതീക്ഷിച്ച് ജീവിക്കുന്നവൻ ഹൃദയത്തിന് അന്ധത ബാധിച്ചവനെപ്പോലെ യല്ല. അവൻ സത്യത്തെ നിരാകരിച്ചു, അതിനെ പാഴാക്കിക്കളഞ്ഞു. അല്ലാഹുവിൽ നിന്നുള്ള യാതൊരു മാർഗദർശനവുമില്ലാതെ തന്റെ ദേഹേച്ഛയെ പിൻപറ്റി. അതോടൊപ്പം താൻ സത്യത്തിലാണെന്ന് ധരിക്കുകയും ചെയ്തു. ഈ രണ്ട് വിഭാഗവും തമ്മിൽ എന്തൊരന്തരം! ഈ രണ്ട് വിഭാഗങ്ങളും തമ്മിൽ എത്ര വലിയ വ്യത്യാസം. സത്യത്തിന്റെയും അസത്യത്തിന്റെയും ആളുകൾക്കിടയിൽ എത്ര വ്യത്യാസം**

ന്നു. അതുകൊണ്ടുതന്നെ അവരുടെ പ്രത്യക്ഷവും പരോക്ഷവുമായ ചലനങ്ങളെല്ലാം നന്മയിലേക്കോ സൗഭാഗ്യത്തിലേക്കോ കടന്നെത്താതെ കേവല ഭൗതികതക്ക് ചുറ്റും കറങ്ങിക്കൊണ്ടിരിക്കുന്നതായി നിനക്ക് കാണാം. അതുകൊണ്ടുതന്നെ അവരുടെ വാസസ്ഥലം നരകമാണ്. അതായത്, ശിക്ഷ നിന്നുപോവുകയോ പുറത്തുപോകാൻ കഴിയുകയോ ചെയ്യാത്തവിധം സജ്ജമാക്കപ്പെട്ട ഭവനങ്ങളിൽ.

13) നിഷേധികളുടെ ഗ്രാമങ്ങളിൽ എത്രയെത്ര ഗ്രാമങ്ങൾ, നിന്റെ ഗ്രാമത്തെക്കാൾ സമ്പത്തും കെട്ടിടങ്ങളും ഉപകരണങ്ങളുമെല്ലാം ഉണ്ടായിരുന്ന ശക്തരായവർ. (എന്നിട്ടും അവരെ നാം നശിപ്പിച്ചു). നമ്മുടെ ദൂതന്മാരെ കളവാക്കിയപ്പോൾ, ഉപദേശങ്ങൾ അവർക്ക് പ്രയോജനപ്പെട്ടില്ല. അവരൊരു സഹായിയെയും കണ്ടെത്തിയതുമില്ല. അല്ലാഹുവിന്റെ ശിക്ഷയെ തടുക്കാൻ അവരുടെ ശക്തിക്കായതുമില്ല. അങ്ങനെയെങ്കിൽ നിന്നെ ഗ്രാമത്തിൽനിന്ന് പുറത്താക്കിയ ദുർബലരായ ഒരു നാട്ടുകാരുടെ അവസ്ഥ എന്തായിരിക്കും? അവർ നിന്നെ കളിയാക്കി, നിന്നോട് ശത്രുത കാണിച്ചു, നീയോ ആദ്യകാലക്കാരിലും പിൽകാലക്കാരിലും പ്രവാചകന്മാരിലും ശ്രേഷ്ഠനുമല്ലേ? അവരോ നശിപ്പിക്കപ്പെടാത്ത, ശിക്ഷിക്കപ്പെടാത്ത ഇവരെക്കാളും അർഹരല്ലേ? കാരുണ്യത്തിന്റെയും അവധാനതയുടെയും ഒരു ദൂതനെ അല്ലാഹു നിയോഗിച്ചില്ലായിരുന്നുവെങ്കിൽ എല്ലാ നിഷേധിയും അവിശ്വാസിയും ശിക്ഷിക്കപ്പെടുമായിരുന്നില്ലേ?

14) തന്റെ മതത്തിൽ അറിവും ഉൾക്കാഴ്ചയുമുള്ള, അറിഞ്ഞ സത്യത്തെ പിൻപറ്റുകയും പ്രവർത്തിക്കുകയും ചെയ്ത്, സത്യത്തിന്റെ ആളുകൾക്ക് അല്ലാഹു വാഗ്ദത്തം ചെയ്തതിനെ പ്രതീക്ഷിച്ച് ജീവിക്കുന്നവൻ ഹൃദയത്തിന് അന്ധത ബാധിച്ചവനെപ്പോലെയല്ല. അവൻ സത്യത്തെ നിരാകരിച്ചു, അതിനെ പാഴാക്കിക്കളഞ്ഞു. അല്ലാഹുവിൽനിന്നുള്ള യാതൊരു മാർഗദർശനവുമില്ലാതെ തന്റെ ദേഹേച്ഛയെ പിൻപറ്റി. അതോടൊപ്പം താൻ സത്യത്തിലാണെന്ന് ധരിക്കുകയും ചെയ്തു. ഈ രണ്ട് വിഭാഗവും തമ്മിൽ എന്തൊരന്തരം! ഈ രണ്ട് വിഭാഗങ്ങളും തമ്മിൽ എത്രവലിയ വ്യത്യാസം! സത്യത്തിന്റെയും അസത്യത്തിന്റെയും ആളുകൾക്കിടയിൽ എത്ര വ്യത്യാസം!

15) (സൂക്ഷ്മതയുള്ളവർക്ക് വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ള സ്വർഗത്തിന്റെ അവസ്ഥ എങ്ങനെയെന്നാൽ) തന്റെ കോപത്തെ സൂക്ഷിച്ച അടിമക്ക് അവൻ തയ്യാറാക്കിയത്, അവന്റെ തൃപ്തിയെ പിൻപറ്റിയവർക്ക്, അതിന്റെ സുന്ദരമായ സവിശേഷതകൾ. (അതിൽ പകർച്ച വരാത്ത വെള്ളത്തിന്റെ നദികളുണ്ട്) അതായത് മാറ്റംവരാത്ത, കേടുവരാത്ത, ദുർഗന്ധമില്ലാത്ത, കൈപ്പില്ലാത്ത, കലക്കമില്ലാത്ത; വെള്ളത്തിൽ ഏറെ രുചികരവും തെളിമയും സുഗന്ധവും കുടിക്കാൻ ആസ്വാദ്യകരവുമായത്. (രുചിഭേദം വരാത്ത പാലിന്റെ നദികളും) നാവിന് പുളിപ്പോ മറ്റോ ഇല്ലാത്ത. (കുടിക്കുന്നവർക്ക് ആസ്വാദകരമായ മദ്യത്തിന്റെ നദികളും) അതായത് കുടിക്കുന്നവൻ വലിയ ആസ്വാദനങ്ങളനുഭവിക്കുന്നു. അരോചകരമായ രുചിയുള്ളതും തലവേദയുണ്ടാക്കുന്നതും ബുദ്ധി തകരാറിലാകുന്നതുമായ ഇഹലോക മദ്യമല്ല. (ശുദ്ധീകരിക്കപ്പെട്ട തേനിന്റെ നദികളുമുണ്ട്) അതിന്റെ മെഴുകിൽനിന്നും (അവർക്കതിൽ എല്ലാതരം കായ്കനികളുമുണ്ട്) ഈന്തപ്പന, മുന്തിരി, ആപ്പിൾ, ഉറുമാൻ, ഓറഞ്ച്, അത്തി എന്നിവയെല്ലാം. അതൊന്നും ഇവിടെയുള്ളതുപോലെയല്ല. ഇഷ്ടപ്പെട്ടതും താൽപര്യമുള്ളതുമായതെല്ലാം അവർക്ക് ലഭിക്കും. തുടർന്ന് പറയുന്നു: (തങ്ങളുടെ രക്ഷിതാവിങ്കൽനിന്നുള്ള പാപമോചനവും ഉണ്ട്) അത് ലഭിച്ചാൽ പിന്നീട് ഭയപ്പെടാനൊന്നുമില്ല. ഇതാണോ ഏറ്റവും നല്ലത് അതോ (നരകത്തിൽ നിത്യവാസിയായിട്ടുള്ളവനെപ്പോലെ ആയിരിക്കുമോ?). കഠിന ചൂടുള്ളതും ശിക്ഷ ഇരട്ടിച്ചുകൊണ്ടിരിക്കുന്നതും (കുടിക്കാൻ നൽകപ്പെടുക). അതിൽ (കൊടും ചൂടുള്ളവെള്ളം) കഠിന ചൂടുള്ളത്. (അങ്ങനെ അത് അവരുടെ കുടലുകളെ ഛിന്നഭിന്നമാക്കിക്കളയും) രണ്ട് ഭവനങ്ങൾക്കും രണ്ട് പ്രതിഫലങ്ങൾക്കും രണ്ട് പ്രവൃത്തി ചെയ്യുന്നവർക്കും രണ്ട് പ്രവർത്തനങ്ങൾക്കും ഇടയിൽ ഇത്രമാത്രം അന്തരമുണ്ടാക്കിയവൻ എത്ര പരിശുദ്ധൻ! ■





# പ്രവാചകന്റെ വിവാഹങ്ങൾ

ഹുസൈൻ സലഫി
: +971 50 634 6963



നബി(സ്വ)യോട് മഹതി ആഇശ(റ) കാര്യങ്ങൾ ചോദിച്ചറിഞ്ഞതിനുള്ള ഉദാഹരണങ്ങൾ ഹദീസ് ഗ്രന്ഥങ്ങളിൽ ധാരാളം നമുക്ക് കാണാൻ സാധിക്കും. ഒരിക്കൽ നബി(സ്വ) പറഞ്ഞു: "വിവാഹത്തിന് മുമ്പ് വധുവിനോട് സമ്മതം ചോദിക്കേണ്ടതാണ്." ഇത് കേട്ടപ്പോൾ മഹതി ചോദിച്ചു: "നബിയേ, വിധവയായ ഒരു സ്ത്രീയോട് വിവാഹം ആലോചിക്കുമ്പോൾ ഒരുപക്ഷേ, അവൾ സമ്മതം നൽകിയേക്കാം. എന്നാൽ കന്യകയായ ഒരു സ്ത്രീ നാണം കാരണത്താൽ സമ്മതം പറയില്ലല്ലോ." അപ്പോൾ നബി(സ്വ) പറഞ്ഞു: "അവളുടെ സമ്മതം അവളുടെ മൗനമാകുന്നു."

ഇവിടെ ആഇശ(റ)യുടെ യുക്തിസഹവും അർഥവത്തുമായ ചോദ്യം ശ്രദ്ധിക്കുക. കാര്യങ്ങൾ ചോദിച്ചറിയുന്നതിൽ ആഇശ(റ)ക്ക് തീരെ മടിയില്ലായിരുന്നു എന്നാണ് ഇതെല്ലാം നമ്മെ അറിയിക്കുന്നത്. മറ്റൊരു ഉദാഹരണവും കൂടി കാണുക:

ഒരിക്കൽ നബി(സ്വ) പരലോക സംബന്ധമായി ഇപ്രകാരം പറഞ്ഞു: "മഹ്ശറയിൽ നിങ്ങൾ നഗ്നരായി, ചെരുപ്പില്ലാതെ, ചേലാകർമം ചെയ്യാത്തവരായിട്ടായിരിക്കും ഉയർത്തെഴുന്നേറ്റു വരിക." ഇതു കേട്ട ആഇശ(റ) ചോദിച്ചു: "പ്രവാചകരേ, മഹ്ശറയിൽ സ്ത്രീകളും പുരുഷന്മാരുമെല്ലാം ഉണ്ടാകുമല്ലോ. അപ്പോൾ അവർ പരസ്പരം അവരുടെ നഗ്നത കാണില്ലേ?" നബി(സ്വ) പറഞ്ഞു: "ആഇശാ, അത് വെപ്രാളത്തിന്റെയും പേടിയുടെയും സന്ദർഭമായിരിക്കും. ആരും പരസ്പരം നോക്കുന്ന സമയമല്ല."

ആഇശ(റ)യെ പോലെ വിജ്ഞാനമുള്ള, അറിവിന്റെ രംഗത്ത് ശോഭിച്ചുനിന്ന മറ്റൊരു ഭാര്യ നബി(സ്വ)ക്ക് ഉണ്ടായിരുന്നില്ല. ഇസ്‌ലാമിക വിജ്ഞാനത്തിന്റെ എല്ലാ മേഖലകളിലും തന്റേതായ പ്രാഗത്ഭ്യം തെളിയിച്ച മഹതിയായിരുന്നു അവർ.

പ്രഗത്ഭരായ പല സ്വഹാബിമാർക്കും ക്വുർആനിന്റെ വിശദീകരണം ആഇശ(റ) പറഞ്ഞുകൊടുത്തിട്ടുണ്ടായിരുന്നു. അതുപോലെ തർക്കമുള്ള പല വിഷയങ്ങളിലും അവർ ഇടപെടുകയും വിശദീകരിക്കുകയും ചെയ്തിട്ടുണ്ട്. നബി(സ്വ) ആഇശ(റ)യെ വിവാഹം ചെയ്തതിലൂടെ

ലോകത്തിന് വിജ്ഞാനത്തിന്റെ ഒരു കവാടം തുറന്നുകൊടുക്കുകകൂടിയാണ് ചെയ്തത് എന്ന് നമുക്ക് മനസ്സിലാക്കാം.

നബി(സ്വ)യുടെ ഭാര്യമാരിൽ സയ്നബ്(റ), ജുവയ്രിയ(റ), സ്വഫിയ്യ(റ) തുടങ്ങിയവർ ആഇശ(റ)യെക്കാൾ സൗന്ദര്യമുള്ളവരായിരുന്നു. എന്നിട്ടും നബി(സ്വ)ക്ക് ആഇശ(റ)യോട് പ്രത്യേകമായ ഒരു ഇഷ്ടമുണ്ടായിരുന്നു. അതിനു കാരണം മഹതിയുടെ പിതാവായ, നബി(സ്വ)യിൽ ഒന്നാമതായി വിശ്വസിച്ച, നബി(സ്വ)ക്ക് എപ്പോഴും താങ്ങും തണലുമായി മാറിയ അബൂബക്ർ(റ)നോടുള്ള അടുപ്പമായിരുന്നു.

ആഇശ(റ)യോട് നബി(സ്വ)ക്ക് ഉണ്ടായിരുന്ന ഈ ഇഷ്ടം മറ്റു ഭാര്യമാർക്കിടയിൽ പലപ്പോഴും ചർച്ചക്ക് വിഷയമായിരുന്നു. പലപ്പോഴും അവർ നബി(സ്വ)യോട് ഈ കാര്യത്തിൽ പരാതിപ്പെടുകയും ചെയ്തിരുന്നു. നബി(സ്വ)യുടെ പുത്രി ഫാത്വിമ(റ)യെ ഈ കാര്യത്തിൽ പരാതി നൽകാനായി നബി(സ്വ)യുടെ മറ്റു ഭാര്യമാർ പറഞ്ഞയക്കുക പോലും ചെയ്തിരുന്നു.

നബി(സ്വ)ക്ക് ആഇശ(റ)യോടുള്ള സ്നേഹം സ്വഹാബിമാർക്കും അറിയാമായിരുന്നു. അതിനാൽതന്നെ നബി(സ്വ) ആഇശ(റ)യുടെ വീട്ടിലായിരിക്കുന്ന വേളയിലായിരുന്നു നബി(സ്വ)ക്ക് അവർ സമ്മാനം നൽകിയിരുന്നത്. ഇതിലും മറ്റു ഭാര്യമാർക്ക് പരാതിയുണ്ടായിരുന്നു. ആ പരാതി നബി(സ്വ)ക്ക് എത്തിക്കാനായിട്ട് ഉമ്മുസലമ(റ)യെ ആയിരുന്നു അവർ നിശ്ചയിച്ചിരുന്നത്. അങ്ങനെ ഉമ്മുസലമ(റ) നബി(സ്വ)യോട് പറഞ്ഞു: "നബിയേ, അങ്ങ് ആഇശയുടെ അടുത്തായിരിക്കുമ്പോഴാണ് ആളുകൾ അങ്ങേക്ക് സമ്മാനവും സ്വദക്വയുമെല്ലാം നൽകുന്നത്. അതിൽനിന്ന് ആളുകളെ മാറ്റണം." ഉമ്മുസലമ(റ) പല തവണ ഈ കാര്യം പറഞ്ഞപ്പോൾ നബി(സ്വ) പറഞ്ഞു: "ആഇശയുടെ കാര്യത്തിൽ നിങ്ങൾ എന്നെ പ്രയാസപ്പെടുത്തരുത്. അവൾ എന്റെ മടിത്തട്ടിൽ ആയിരിക്കുമ്പോൾ അല്ലാഹു എനിക്ക് വഹ്‌യ് എത്തിച്ചിട്ടുണ്ട്."

ആഇശ(റ) കൂടെയുള്ളപ്പോൾ അല്ലാഹു വഹ്‌യ് നൽകുകപോലും ചെയ്തിട്ടുണ്ടെന്നും അതിനാൽ ഞാൻ ആഇശയുടെ കൂടെയുള്ളപ്പോൾ ആളുകൾ എനിക്ക് സമ്മാനം നൽകുന്നതിനെ നിങ്ങൾ എതിർക്കരുത് എന്നുമാകാം നബി(സ്വ) ഈ പറഞ്ഞതിലൂടെ ഉദ്ദേശിച്ചത്. ഈ സംഭവം ഇമാം ബുഖാരി(റ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ഖദീജ(റ)യോട് ജിബ്‌രീൽ(അ) സലാം പറഞ്ഞത് നാം മനസ്സിലാക്കിയല്ലോ. അതിനുശേഷം ജിബ്‌രീൽ(അ) സലാം പറഞ്ഞ നബി(സ്വ)യുടെ മറ്റൊരു ഭാര്യ ആഇശ(റ)യാണ് എന്നതും അവരുടെ മഹത്ത്വമാണ് അറിയിക്കുന്നത്. ഇതും ബുഖാരിയിൽ കാണാം.

നബി(സ്വ)യുടെ കൂടെയുള്ള ജീവിതം ദാരിദ്ര്യത്തിലായിരുന്നെങ്കിലും ആ ജീവിതം സന്തോഷകരമായിരുന്നു. ആഇശ(റ)യുടെ കൂടെ അനുവദനീയമായ വിനോദങ്ങളിൽ ഏർപ്പെട്ട് അവരെ കൂടുതൽ സന്തോഷിപ്പിക്കുവാൻ നബി(സ്വ) പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഒരിക്കൽ മദീനാപള്ളിയിൽ സുഡാനിൽനിന്നുള്ള ചിലർ വന്ന് ആയുധാഭ്യാസങ്ങളും മറ്റും ചെയ്യുന്നത് കണ്ടപ്പോൾ നബി(സ്വ) ആഇശ(റ)യെ അത് കാണിക്കാനായി വിളിച്ചതും, അവർക്ക് മതിയാകുന്നതുവരെ അത് കാണിച്ചുകൊടുത്തതും പ്രസിദ്ധമാണ്.

പട്ടിണിയും പ്രയാസങ്ങളും നിറഞ്ഞതായിരുന്നു ആ ദമ്പതികളുടെ ജീവിതം. ഈത്തപ്പനയോലകളാൽ ചുറ്റും മറച്ച ചെറിയ ഒരു റൂമായിരുന്നു നബി(സ്വ)യുടെ വീട്. വിശപ്പോടെ രാവും പകലും തള്ളി നീക്കിയ ദിനങ്ങൾ അവർക്കുണ്ടായിരുന്നു. എങ്കിലും വീടകം സന്തോഷം നിറഞ്ഞതായിരുന്നു.

മനുഷ്യരായ ദമ്പതികൾ എന്ന നിലയിൽ ഇണങ്ങിയും പിണങ്ങിയും

**നബി(സ്വ)യുടെ കൂടെയുള്ള ജീവിതം ദാരിദ്ര്യത്തിലായിരുന്നെങ്കിലും ആ ജീവിതം സന്തോഷകരമായിരുന്നു. ആഇശ(റ)യുടെ കൂടെ അനുവദനീയമായ വിനോദങ്ങളിൽ ഏർപ്പെട്ട് അവരെ കൂടുതൽ സന്തോഷിപ്പിക്കുവാൻ നബി(സ്വ) പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഒരിക്കൽ മദീനാപള്ളിയിൽ സുഡാനിൽനിന്നുള്ള ചിലർ വന്ന് ആയുധാഭ്യാസങ്ങളും മറ്റും ചെയ്യുന്നത് കണ്ടപ്പോൾ നബി(സ്വ) ആഇശ(റ)യെ അത് കാണിക്കാനായി വിളിച്ചതും, അവർക്ക് മതിയാകുന്നതുവരെ അത് കാണിച്ചുകൊടുത്തതും പ്രസിദ്ധമാണ്. പട്ടിണിയും പ്രയാസങ്ങളും നിറഞ്ഞതായിരുന്നു ആ ദമ്പതികളുടെ ജീവിതം. ഈത്തപ്പനയോലകളാൽ ചുറ്റും മറച്ച ചെറിയ ഒരു റൂമായിരുന്നു നബി(സ്വ)യുടെ വീട്. വിശപ്പോടെ രാവും പകലും തള്ളി നീക്കിയ ദിനങ്ങൾ അവർക്കുണ്ടായിരുന്നു. എങ്കിലും വീടകം സന്തോഷം നിറഞ്ഞതായിരുന്നു.**



**എല്ലാവരും ആഇശ (റ)യുടെ നഷ്ടപ്പെട്ട മാല തിരയുകയാണ്. കൂട്ടത്തിൽ അമ്പിയാക്കളിലെ നേതാവുണ്ട്. മഹാന്മാരായ ഔലിയാഅ് ഉണ്ട്. ബീവി ആഇശ(റ)യുണ്ട്. ആർക്കും അത് കണ്ടെത്താൻ കഴിഞ്ഞില്ല! അവർക്കാർക്കും അത് മറഞ്ഞ മാർഗത്തിലൂടെ കണ്ടെത്താൻ സാധിച്ചില്ല. മാല കിട്ടില്ലെന്നു കണ്ട അവർ യാത്ര തുടരാൻ വേണ്ടി തയ്യാറെടുത്തു. അങ്ങനെ ആഇശ(റ)യുടെ ഒട്ടകത്തെ എഴുന്നേൽപിച്ചു. അപ്പോൾ അതിന്റെ താഴെ തന്നെ മാല കിടക്കുന്നുണ്ടായിരുന്നു! ഈ സംഭവത്തിൽനിന്ന് നബിമാർക്കും ഔലിയാഇനും മഹതികൾക്കും മറഞ്ഞ കാര്യങ്ങൾ അറിയാൻ കഴിയില്ലെന്നു വ്യക്തമാണ്.**

അവർ കഴിച്ചുകൂട്ടി. പിണക്കങ്ങളും അസ്വാരസ്യങ്ങളും ദമ്പതികൾക്കിടയിൽ സ്വാഭാവികം. എന്നാൽ അതൊന്നും പരിധിവിടാതിരിക്കാൻ നബി(സ്വ) ശ്രദ്ധിച്ചിരുന്നു. ഒരിക്കൽ നബി(സ്വ) മഹതിയോട് പറഞ്ഞു: "ആഇശാ, നിനക്ക് എന്നോട് ഏറ്റവും കൂടുതൽ സ്നേഹമുള്ള സമയവും എന്നോട് പിണക്കമുള്ള സമയവും നിന്നിൽനിന്നും ഞാൻ മനസ്സിലാക്കാറുണ്ട്." നിങ്ങൾ എങ്ങനെയാണ് അത് മനസ്സിലാക്കുക എന്ന് മഹതി തിരിച്ചു ചോദിച്ചു. നബി(സ്വ) പറഞ്ഞു: "ആഇശാ, നീ എന്നോട് ഇണക്കത്തിലും തൃപ്തിയിലുമാകുമ്പോൾ 'മുഹമ്മദിന്റെ റബ്ബ് തന്നെയാണ് സത്യം' എന്നാണ് നീ പറയുക. നീ എന്നോട് കോപത്തിലോ പിണക്കത്തിലോ ആണെങ്കിൽ 'ഇബ്റാഹീമിന്റെ റബ്ബ് തന്നെയാണ് സത്യം' എന്നാണ് പറയാറുള്ളത്. അപ്പോൾ ആഇശ(റ) പറഞ്ഞു: 'നബിയേ, ശരിയാണ്. അത്തരം സന്ദർഭങ്ങളിൽ അങ്ങയുടെ പേര് ഞാൻ പറയുന്നില്ലെങ്കിലും അങ്ങയോട് എനിക്ക് സ്നേഹം തന്നെയായിരിക്കും."

ആഇശ(റ)യുമായി ബന്ധപ്പെട്ട കാര്യത്തിൽ ഖുർആൻ വചനങ്ങൾ ഇറക്കപ്പെട്ടിട്ടുണ്ട് എന്നതും മഹതിയുടെ സ്ഥാനവും മഹത്ത്വവും വെളിപ്പെടുത്തുന്നുണ്ട്. മഹതിയുമായി ബന്ധപ്പെട്ട അപവാദപ്രചരണം നാം നേരത്തെ വിവരിച്ചത് ഓർക്കുന്നുണ്ടാകുമല്ലോ. ആഇശ(റ)യുടെ ഈ വിഷയത്തിലെ നിരപരാധിത്വം അറിയിച്ച് അല്ലാഹു ആയത്തുകൾ ഇറക്കിയിട്ടുണ്ട്. സൂറതുന്നിസാഇലെയും മാഇദയിലെയും തയമ്മുമായി ബന്ധപ്പെട്ട സൂക്തങ്ങൾ ഇറങ്ങാനുള്ള പശ്ചാത്തലം ആഇശ(റ) പറയുന്നു: "ഞങ്ങൾ ഒരിക്കൽ നബി(സ്വ)യുടെ കൂടെ യാത്ര പുറപ്പെട്ടു. അങ്ങനെ ബയ്ദാഅ് എന്ന സ്ഥലെത്തത്തിയപ്പോൾ എന്റെ മാല നഷ്ടപ്പെടുകയുണ്ടായി. ഉറപ്പില്ലാത്ത ഒരു മാലയായിരുന്നു അത്. ഒരു നൂലിനാൽ കെട്ടിയുണ്ടാക്കിയതായിരുന്നു അത്. അതാകട്ടെ സഹോദരി അസ്മാഇന്റെ അടുത്തു നിന്ന് കടം വാങ്ങിയതും."

നേരത്തെ മാല നഷ്ടപ്പെട്ടുണ്ടായ അനുഭവം മഹതിയെ ഓർമ

യിലുള്ളതിനാൽ നബി(സ്വ)യുടെ അടുത്തു ചെന്ന് മാല നഷ്ടപ്പെട്ട വിവരം അറിയിച്ചു. അപ്പോൾ നബി(സ്വ) സ്വഹാബിമാരോട് അത് അന്വേഷിക്കാനായി നിർദേശം നൽകി. വെള്ളമില്ലാത്ത പ്രദേശമായിരുന്നു അത്. അന്നേരം അവരുടെ കൈവശവും വെള്ളമില്ലായിരുന്നു. എല്ലാവരും പ്രയാസത്തിലായി. ആഇശ(റ)യുടെ മാല നഷ്ടപ്പെട്ടതിനാലാണല്ലോ അവർക്ക് ആ പ്രദേശത്ത് നിൽക്കേണ്ടി വന്നത്. അതിനാൽ മഹതിയുടെ പിതാവ് അബൂബക്റി(റ)നോട് ആളുകൾ പരാതി പറയാൻ തുടങ്ങി. ആഇശ(റ) പറയുകയാണ്: "ഉപ്പാക്ക് ദേഷ്യമായി. എന്റെ അടുത്തേക്ക് ഓടിവന്നു. ആ സമയത്ത് നബി(സ്വ) എന്റെ മടിത്തട്ടിൽ തല വെച്ച് വിശ്രമിച്ച് ഉറങ്ങുകയായിരുന്നു. ഉപ്പ വന്ന് എന്നോട് പറഞ്ഞു: 'വെള്ളമില്ലാത്ത ഈ സ്ഥലത്ത് നീ എല്ലാവരെയും കെട്ടിയിട്ടല്ലോ.' അങ്ങനെ ഉപ്പ എന്നോട് ദേഷ്യപ്പെടുകയും എന്റെ ഊരക്ക് ഒരു ഇടി തരികയും ചെയ്തു. നബി(സ്വ) ഉണരുമോ എന്ന് വിചാരിച്ച് ഞാൻ അനങ്ങാതെ വേദന അടക്കിപ്പിടിച്ചു. പിന്നീട് നബി(സ്വ) ഉണർന്നു. നേരം പുലർന്നപ്പോൾ ആരുടെ അടുക്കലും വെള്ളമില്ല. നമസ്കാരത്തിന് വുദൂഅ് ചെയ്യണമല്ലോ. ആ സമയത്ത് ജിബ്‌രീൽ(അ) വഹ്‌യുമായി വന്നു.

"നിങ്ങൾ ജനാബത്ത് (വലിയ അശുദ്ധി) ബാധിച്ചവരായാൽ (കുളിച്ച്) ശുദ്ധിയാകുക. നിങ്ങൾ രോഗികളാകുകയോ യാത്രയിലാകുകയോ ചെയ്താൽ, അല്ലെങ്കിൽ നിങ്ങളിലൊരാൾ മലമൂത്രവിസർജനം കഴിഞ്ഞ് വരികയോ, സ്ത്രീകളുമായിസംസർഗംനടത്തുകയോ ചെയ്തിട്ട് നിങ്ങൾക്ക് വെള്ളം കിട്ടിയില്ലെങ്കിൽ ശുദ്ധമായ ഭൂമുഖം തേടിക്കൊള്ളുക. എന്നിട്ട് അതുകൊണ്ട് നിങ്ങളുടെ മുഖവും കൈകളും തടവുക."

ഈ നിയമം ഇറങ്ങിയപ്പോൾ ഉസയ്ദ്(റ) ഉടനെ പറയുകയുണ്ടായി: 'അബൂബക്റിന്റെ കുടുംബം കൊണ്ട് ഇസ്‌ലാമിന് ഇത് ആദ്യത്തെ ബറകത്തല്ല.' ഈ നിയമവും ആഇശ(റ)യുമായി ബന്ധപ്പെട്ടാണ് ഇറക്കപ്പെട്ടത്.

എല്ലാവരും മാല തിരയുകയാണ്. കൂട്ടത്തിൽ അമ്പിയാക്കളിലെ നേതാവുണ്ട്. മഹാന്മാരായ ഔലിയാഅ് ഉണ്ട്. ബീവി ആഇശ(റ) യുണ്ട്. ആർക്കും അത് കണ്ടെത്താൻ കഴിഞ്ഞില്ല! അവർക്കാർക്കും അത് മറഞ്ഞ മാർഗത്തിലൂടെ കണ്ടെത്താൻ സാധിച്ചില്ല. മാല കിട്ടില്ലെന്നു കണ്ട അവർ യാത്ര തുടരാൻ വേണ്ടി തയ്യാറെടുത്തു. അങ്ങനെ ആഇശ(റ)യുടെ ഒട്ടകത്തെ എഴുന്നേൽപിച്ചു. അപ്പോൾ അതിന്റെ താഴെ തന്നെ മാല കിടക്കുന്നുണ്ടായിരുന്നു! ഈ സംഭവത്തിൽനിന്ന് നബിമാർക്കും ഔലിയാഇനും മഹതികൾക്കും മറഞ്ഞകാര്യങ്ങൾ അറിയാൻ കഴിയില്ലെന്നു വ്യക്തമാണ്.

നബി(സ്വ) മരണപ്പെടുന്ന നേരത്ത് ആഇശ(റ)ക്ക് പതിനെട്ട് വയസ്സായിരുന്നു പ്രായം. ഏതാണ്ട് പത്ത് വർഷമാണ് നബി(സ്വ)യുടെ കൂടെ മഹതി ജീവിക്കുന്നത്. ആഇശ(റ)യുടെ അടുത്തായിരുന്നല്ലോ പ്രവാചകന്റെ അവസാന നിമിഷങ്ങൾ. അന്നേരത്തെ അവിടുത്തെ ഓരോ വാക്കും ചലനങ്ങളും മഹതി നന്നായി മനസ്സിലാക്കുകയും നമുക്കത് അറിയിച്ചു തരികയും ചെയ്തിട്ടുണ്ട്. നബി(സ്വ)യുടെ വഫാത്തുമായി ബന്ധപ്പെട്ട വിശദീകരണത്തിൽ നമുക്ക് അത് വിവരിക്കാം.

രണ്ട് വർഷം കഴിഞ്ഞപ്പോൾ പ്രിയപിതാവ് അബൂബക്റും(റ) മരണപ്പെട്ടു. ഉപ്പ മരണപ്പെടുന്ന നേരത്തും മകളായ ആഇശ(റ) സമീപത്തുണ്ടായിരുന്നു എന്ന് ചരിത്രത്തിൽ കാണാം. നബി(സ്വ)യെ മറവുചെയ്ത ആഇശ(റ)യുടെ വീട്ടിൽതന്നെ ഉപ്പയെയും മറമാടി. ഉപ്പയുടെ മരണശേഷം ഉമർ(റ) ആയിരുന്നല്ലോ ഖലീഫ. അമീറുൽ മുഅ്മിനീൻ ആഇശ(റ)യോട് ഇടക്കിടെ നബി(സ്വ)യുടെയും അബൂബക്റി(റ)ന്റെയും സമീപത്ത് തന്നെയും മറമാടാൻ സ്ഥലം ആവശ്യപ്പെടാറുണ്ടായിരുന്നു. ഉമർ(റ) ശത്രുവിന്റെ കുത്തേറ്റ് കിടക്കുന്ന സമയത്തും അതിനായി ആഇശ(റ) യുടെ അടുത്തേക്ക് ആളെ അയച്ചിരുന്നു. അങ്ങനെ ആഇശ(റ) തന്നെ മറമാടാനായി കണ്ട ആ സ്ഥലം ഖലീഫയുടെ ആഗ്രഹത്തിന് വിട്ടുകൊടുക്കാൻ തീരുമാനിച്ചു. ഉമർ(റ) കൂടെയുള്ളവരോട് മരണത്തിന്റെ തൊട്ടുമുമ്പും ഇപ്രകാരം പറഞ്ഞിരുന്നു: 'എന്നെ മറവു ചെയ്യാനായി ആഇശ(റ)യുടെ വീട്ടിലേക്ക് കൊണ്ടുപോകുന്നതിന് മുമ്പായി അവരോട് നിങ്ങൾ അനുവാദം ചോദിക്കണം.' ഉമർ(റ) മരണപ്പെട്ടപ്പോൾ ആഇശ(റ)യോട് അപ്രകാരം ചോദിക്കുകയും മഹതി സന്തോഷത്തോടെ അത് സമ്മതിക്കുകയും ചെയ്തു. അങ്ങനെ നബി(സ്വ)യുടെയും അബൂബക്റി(റ)ന്റെയും അരികിൽ ഉമർ(റ) വിനെയും മറമാടി.

നാല് ഖലീഫമാരുടെയും കാലത്ത് മഹതി ജീവിച്ചിരുന്നു എന്നതും മഹതിയുടെ പ്രത്യേകതയാണ്. അലി(റ)യുടെ കാലത്ത് നടന്ന ദുഃഖകരമായ ഒരു സംഭവമായിരുന്നല്ലോ ജമൽയുദ്ധം. അതിൽ ആഇശ(റ) പങ്കെടുത്തിരുന്നു എന്നതും ചരിത്ര വസ്തുതയാണ്. യുദ്ധരംഗത്ത് പോലും സ്ത്രീകൾ പങ്കെടുക്കുന്നത് അനുവദിക്കപ്പെട്ടതാണെന്ന് അതിൽനിന്ന് നമുക്ക് മനസ്സിലാക്കാനും സാധിക്കും.

സ്വഹാബിമാർക്ക് ഏതെങ്കിലും ഹദീസുകളെ സംബന്ധിച്ച് അറിയാനുണ്ടെങ്കിൽ ആഇശ(റ)യോട് അതിനെ പറ്റി ചോദിച്ചാൽ അത് അവർ വ്യക്തമാക്കിക്കൊടുക്കാറുണ്ടായിരുന്നു എന്ന് അബൂമൂസൽ അശ്അരി(റ) പറയുന്നത് നമുക്ക് കാണാം. സ്വഹാബിമാരിൽ വലിയ മഹാന്മാർ ഉള്ളപ്പോൾതന്നെ മതപരമായ വിജ്ഞാനത്തിൽ മഹതി അവർക്കെല്ലാം ഒരു വഴികാട്ടിയായിരുന്നു. ഇസ്‌ലാമിക കർമശാസ്ത്രത്തിലും മഹതിക്ക് വ്യക്തമായ കാഴ്ചപ്പാടുണ്ടായിരുന്നു.

2210 ഓളം ഹദീസുകൾ ആഇശ



(റ) റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഇമാം ബുഖാരി(റ) 228 ഉം ഇമാം മുസ്‌ലിം 232 ഉം ഹദീസുകൾ മഹതിയിൽ നിന്നും നിവേദനം ചെയ്തിട്ടുണ്ട്. ഇതിൽനിന്ന് ഹദീസുകളുടെ വിഷയത്തിൽ മഹതിയുടെ സ്ഥാനം എത്ര വലുതാണെന്നത് നമുക്ക് മനസ്സിലാക്കാം.

ഏതെങ്കിലും വിഷയത്തിൽ അഭിപ്രായവ്യത്യാസമുണ്ടെങ്കിൽ തന്റേതായ അഭിപ്രായം തുറന്ന് പറയുന്ന പ്രകൃതക്കാരിയായിരുന്ന ആഇശ(റ). ബദ്ർ യുദ്ധാനന്തരം കൊല്ലപ്പെട്ട ശത്രുക്കളോട് നബി(സ്വ) സംസാരിച്ച സന്ദർഭത്തെ പറ്റി നാം വിവരിച്ചത് ഓർക്കുന്നുണ്ടാകുമല്ലോ. അതിനെ സംബന്ധിച്ച് മഹതിയുടെ വിശദീകരണവും നാം മനസ്സിലാക്കിയിട്ടുണ്ട്. അതുപോലെ നബി(സ്വ)ക്ക് മറഞ്ഞകാര്യങ്ങൾ അറിയാം എന്ന് ആരൊക്കെയോ പറയുന്നത് മഹതി കേട്ടപ്പോൾ ഇപ്രകാരം തുറന്നടിച്ചു: "ആരെങ്കിലും നബി(സ്വ)ക്ക് മറഞ്ഞ കാര്യം അറിയുമെന്ന് വാദിച്ചാൽ അവൻ അല്ലാഹുവിന്റെ പേരിൽ കള്ളം ചമച്ചിരിക്കുന്നു. കാരണം, ആകാശഭൂമികളിൽ അല്ലാഹുവല്ലാതെ മറഞ്ഞ കാര്യങ്ങൾ അറിയുകയില്ലെന്ന് അല്ലാഹു പറഞ്ഞിട്ടുണ്ടല്ലോ." ഇങ്ങനെ നിരവധി സന്ദർഭങ്ങൾ ചരിത്രത്തിൽ നമുക്ക് കാണാം.

അലി(റ)യുടെ കാലശേഷം മുആവിയ(റ)യുടെ ഭരണകാലം വന്നു. അമവീ ഖലീഫമാരിലെ ഒന്നാമത്തെ ഖലീഫയായിരുന്നു മുആവിയ(റ). അദ്ദേഹം ഇരുപത് കൊല്ലം ഭരണം നടത്തിയിരുന്നു. അതിൽ പതിനെട്ടുവർഷംവരെ ആഇശ(റ) ജീവിച്ചിരിപ്പുണ്ടായിരുന്നു. ഹിജ്റ 58ലായിരുന്നു മഹതിയുടെ വഫാത്ത്.

ഒരു റമദാനിൽ മഹതി രോഗബാധിതയായി. തന്നെ കാണാൻ വരുന്നവരോട് തനിക്ക് സുഖമാണെന്ന് അവർ പറയുമായിരുന്നു. കൂടുതലൊന്നും പറയുമായിരുന്നില്ല. അഥവാ, അല്ലാഹുവിനോടുള്ള പ്രാർഥനയാലും ദിക്റുകളാലും മരണത്തെ സ്വീകരിക്കാൻ തയ്യാറെടുക്കുകയായിരുന്നു മഹതി. ഹിജ്റ 58, റമദ്വാൻ 17ന് രാത്രി വിത്ർ നമസ്കാരശേഷമായിരുന്നു ആഇശ(റ) ഇഹലോകവാസം വെടിഞ്ഞത്. മദീനാ പള്ളിയുടെ സമീപത്തെ പൊതു ക്വബ്ർസ്ഥാനമായ ബക്വീഇലാണ് അവരെ മറവുചെയ്തത്. അന്ന് മഹതിക്ക് 66 വയസ്സായിരുന്നു പ്രായം.

വിജ്ഞാനത്തിന്റെ നിറകുടമായ, വളരെയേറെ ദാനശീലയായ, ഭക്തയായ, ലോലഹൃദയക്കാരിയായ, ഇബാദത്തുകളുടെ കാര്യത്തിൽ കണിശതയുള്ള, ധാരാളം സുന്നത്ത് നോമ്പുകൾ എടുത്തിരുന്ന, ഇഅ്തികാഫ് ഇരുന്നിരുന്ന, പാവങ്ങളോട് ദയയും കാരുണ്യവും കാണിച്ചിരുന്ന, എല്ലാ വർഷവും ഹജ്ജ് ചെയ്തിരുന്ന, ഇസ്‌ലാമികമായ വസ്ത്ര ധാരണത്തിൽ കണിശത കാണിച്ച മാതൃകാ മഹതിയായിരുന്നു ആഇശ(റ) എന്നത് അവരുടെ ചരിത്രം നമുക്ക് പറഞ്ഞുതരുന്നുണ്ട്. ഈ വിധത്തിലുള്ള സ്ഥാനങ്ങളും മഹത്ത്വങ്ങളും പ്രത്യേകതകളും ഉള്ള ആഇശ(റ)ക്ക് മറ്റു സ്ത്രീകളെക്കാൾ സ്ഥാനം ഉണ്ടെന്നത് നബി(സ്വ) തന്നെ അറിയിച്ചത് ഇമാം ബുഖാരിയും മുസ്‌ലിമും റിപ്പോർട്ട് ചെയ്ത ഹദീസിൽ കാണാവുന്നതാണ്.

**ഏതെങ്കിലും വിഷയത്തിൽ അഭിപ്രായ വ്യത്യാസമുണ്ടെങ്കിൽ തന്റേതായ അഭിപ്രായം തുറന്ന് പറയുന്ന പ്രകൃതക്കാരിയായിരുന്ന ആഇശ(റ) നബി(സ്വ)ക്ക് മറഞ്ഞകാര്യങ്ങൾ അറിയാം എന്ന് ആരൊക്കെയോ പറയുന്നത് മഹതി കേട്ടപ്പോൾ ഇപ്രകാരം തുറന്നടിച്ചു: "ആരെങ്കിലും നബി(സ്വ)ക്ക് മറഞ്ഞ കാര്യം അറിയുമെന്ന് വാദിച്ചാൽ അവൻ അല്ലാഹുവിന്റെ പേരിൽ കള്ളം ചമച്ചിരിക്കുന്നു. കാരണം, ആകാശഭൂമികളിൽ അല്ലാഹുവല്ലാതെ മറഞ്ഞ കാര്യങ്ങൾ അറിയുകയില്ലെന്ന് അല്ലാഹു പറഞ്ഞിട്ടുണ്ടല്ലോ.'' വിജ്ഞാനത്തിന്റെ നിറകുടമായ, വളരെയേറെ ദാനശീലയായ, ഭക്തയായ, ലോലഹൃദയക്കാരിയായ, ഇബാദത്തുകളുടെ കാര്യത്തിൽ കണിശതയുള്ള, ധാരാളം സുന്നത്ത് നോമ്പുകൾ എടുത്തിരുന്ന, ഇഅ്തികാഫ് ഇരുന്നിരുന്ന, പാവങ്ങളോട് ദയയും കാരുണ്യവും കാണിച്ചിരുന്ന, എല്ലാ വർഷവും ഹജ്ജ് ചെയ്തിരുന്ന, ഇസ്‌ലാമികമായ വസ്ത്ര ധാരണത്തിൽ കണിശത കാണിച്ച മാതൃകാ മഹതിയായിരുന്നു ആഇശ(റ) എന്നത് അവരുടെ ചരിത്രം നമുക്ക് പറഞ്ഞുതരുന്നുണ്ട്.**





# തശഹ്ഹുദിലെ പ്രാർഥന; നാം അറിയേണ്ടത്

ദുൽക്കർഷാൻ അലനല്ലൂർ

: 9447745299

**1. നരകശിക്ഷയിൽനിന്നുള്ള കാവൽ**

നരകവും സ്വർഗവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു. അല്ലാഹു പറയുന്നു: "നിങ്ങളുടെ രക്ഷിതാവിങ്കൽ നിന്നുള്ള പാപമോചനവും ആകാശഭൂമികളോളം വിശാലമായ സ്വർഗവും നേടിയെടുക്കാൻ നിങ്ങൾ ധൃതിപ്പെട്ട് മുന്നേറുക. ധർനിഷ്ഠ പാലിക്കുന്നവർക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതത്രെ അത്" (ക്വുർആൻ 3:133).

"...മനുഷ്യരും കല്ലുകളും ഇന്ധനമായി കത്തിക്കപ്പെടുന്ന നരകാഗ്നിയെ നിങ്ങൾ കാത്തുസൂക്ഷിച്ചുകൊള്ളുക. സത്യനിഷേധികൾക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതാകുന്നു അത്" (ക്വുർആൻ 2:24).

ഈ സൂക്തങ്ങൾ അറിയിക്കുന്നത് സ്വർഗവും നരകവും സൃഷ്ടിക്കപ്പെട്ടിരിക്കുന്നു എന്നുള്ളതാണ്. ഹദീസിലും നമുക്കതിന് തെളിവു കാണാം.

അബ്ദുല്ലാഹ് ഇബ്നു ഉമറി(റ)ൽനിന്ന് നിവേദനം, നബി(സ്വ) പറഞ്ഞു: "നിങ്ങളിൽ ഒരാൾ മരണപ്പെട്ടാൽ പ്രഭാതത്തിലും പ്രദോഷത്തിലും അവന്റെ ഇരിപ്പിടം അവനുമുന്നിൽ പ്രദർശിക്കപ്പെടും. അവൻ സ്വർഗവാസികളിൽ പെട്ടവനാണെങ്കിൽ സ്വർഗവാസികളിലെ ഇരിപ്പിടം കാണിക്കപ്പെടും. അവൻ നരകവാസികളിൽ പെട്ടവനാണെങ്കിൽ നരകവാസികളിലെ ഇരിപ്പിടം കാണിക്കപ്പെടും. (അവനോട്) പറയപ്പെടും: ഇതാണ് നിന്റെ ഇരിപ്പിടം; അന്ത്യനാളിൽ അല്ലാഹു നിന്നെ ഉയിർത്തെഴുന്നേൽപിക്കുന്നതുവരെ (നീ ഇതിൽ ഇരിക്കുവാൻ എത്തുകയില്ല)" (ബുഖാരി, മുസ്‌ലിം).

എന്നാൽ അഹ്‌ലുസ്സുന്നത്തിവൽജമാഅയുടെ മാർഗത്തിൽനിന്നും വ്യതിചലിച്ച കക്ഷികൾ ഈ വിഷയത്തിൽ നിഷേധികളാണ്.

ഇമാം ഇബ്നുഅബിൽഇസ്സിൽ ഹനഫി(റഹി) പറയുന്നു: "സ്വർഗവും നരകവും സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. അവരണ്ടും ഇന്ന് ഉൺമയുടെ ലോകത്ത് ഉള്ളതാണ്. ഈ വിഷയത്തിൽ അഹ്‌ലുസ്സുന്നത്തിവൽജമാഅയുടെ ഏകാഭിപ്രായം ഉണ്ട്. അവർ ഈ വിശ്വാസത്തിലാണ് ഇന്നും. മുഅ്തസിലിയത്തും ക്വദ്‌രിയ്യത്തുമാണ് ഈ വിശ്വാസത്തെ നിഷേധിച്ചത്. അവർ പറഞ്ഞു: അന്ത്യനാളിലാണ് അല്ലാഹു അവയെ സൃഷ്ടിക്കുക" (ശറഹു അക്വീദതുത്ത്വഹാവിയ്യ).

നരകം കഠിനശിക്ഷയുടെ സങ്കേതമാണ്. അതിലെ ചൂട് സഹിക്കാൻ കഴിയാത്തതാണ്. ഇഹലോകത്തിലെ തീയിനെക്കാൾ അറുപത്തൊമ്പത് ഇരട്ടി ചൂടുണ്ട് നരകത്തിലെ തീയിന്. അതിലെ ഇന്ധനമാകട്ടെ കല്ലും മനുഷ്യരുമാണ്.

അല്ലാഹു പറയുന്നു: "...മനുഷ്യരും കല്ലുകളും ഇന്ധനമായി കത്തിക്കപ്പെടുന്ന നരകാഗ്നിയെ നിങ്ങൾ കാത്തുസൂക്ഷിച്ചുകൊള്ളുക. സത്യനിഷേധികൾക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതാകുന്നു

**നരകം കഠിനശിക്ഷയുടെ സങ്കേതമാണ്. അതിലെ ചൂട് സഹിക്കാൻ കഴിയാത്തതാണ്. ഇഹലോകത്തിലെ തീയിനെക്കാൾ അറുപത്തൊമ്പത് ഇരട്ടി ചൂടുണ്ട് നരകത്തിലെ തീയിന്. അതിലെ ഇന്ധനമാകട്ടെ കല്ലും മനുഷ്യരുമാണ്. അല്ലാഹു പറയുന്നു: "... മനുഷ്യരും കല്ലുകളും ഇന്ധനമായി കത്തിക്കപ്പെടുന്ന നരകാഗ്നിയെ നിങ്ങൾ കാത്തുസൂക്ഷിച്ചുകൊള്ളുക. സത്യനിഷേധികൾക്കുവേണ്ടി ഒരുക്കിവെക്കപ്പെട്ടതാകുന്നു അത്'' (ക്വുർആൻ 2:24). "സത്യവിശ്വാസികളേ, സ്വദേഹങ്ങളെയും നിങ്ങളുടെ ബന്ധുക്കളെയും മനുഷ്യരും കല്ലുകളും ഇന്ധനമായിട്ടുള്ള നരകാഗ്നിയിൽനിന്ന് നിങ്ങൾ കാത്തുരക്ഷിക്കുക. അതിന്റെ മേൽനോട്ടത്തിന് പരുഷസ്വഭാവമുള്ളവരും അതിശക്തന്മാരുമായ മലക്കുകളുണ്ടായിരിക്കും. അല്ലാഹു അവരോട് കൽപിച്ച കാര്യത്തിൽ അവനോടവർ അനുസരണക്കേട് കാണിക്കുകയില്ല. അവരോട് കൽപിക്കപ്പെടുന്നത് എന്തും അവർ പ്രവർത്തിക്കുകയും ചെയ്യും'' (ക്വുർആൻ 66:6).**

അത്" (ക്വുർആൻ 2:24).

"സത്യവിശ്വാസികളേ, സ്വദേഹങ്ങളെയും നിങ്ങളുടെ ബന്ധുക്കളെയും മനുഷ്യരും കല്ലുകളും ഇന്ധനമായിട്ടുള്ള നരകാഗ്നിയിൽനിന്ന് നിങ്ങൾ കാത്തുരക്ഷിക്കുക. അതിന്റെ മേൽനോട്ടത്തിന് പരുഷസ്വഭാവമുള്ളവരും അതിശക്തന്മാരുമായ മലക്കുകളുണ്ടായിരിക്കും. അല്ലാഹു അവരോട് കൽപിച്ച കാര്യത്തിൽ അവനോടവർ അനുസരണക്കേട് കാണിക്കുകയില്ല. അവരോട് കൽപിക്കപ്പെടുന്നത് എന്തും അവർ പ്രവർത്തിക്കുകയും ചെയ്യും" (ക്വുർആൻ 66:6).

നരകത്തിലെ തീയിന്റെ ചൂടിനെ കുറിച്ച് നബി(സ്വ) പറഞ്ഞത് ശ്രദ്ധിക്കുക; അനസി(റ)ൽനിന്ന് നിവേദനം, നബി(സ്വ) പറഞ്ഞു: "നിശ്ചയം, നരകം എന്നോട് അടുത്തു; നരകച്ചൂട് ഞാൻ എന്റെ മുഖത്തുനിന്ന് ഊതി മാറ്റുവോളം" (അഹ്മദ്).

പ്രവിശാലമായ നരകത്തിന്റെ ഭയാനകതയും ആഴവും അതിൽ പ്രവേശിക്കപ്പെടുന്ന ദൗർഭാഗ്യവാന്മാരുടെ ഭീകരരൂപവും പ്രവാചകൻ(സ്വ) നമ്മെ പഠിപ്പിക്കുന്നുണ്ട്.

അബൂഹുറയ്റ(റ) നിവേദനം, അദ്ദേഹം പറഞ്ഞു: "ഞങ്ങൾ അല്ലാഹുവിന്റെ റസൂലിനോടൊപ്പം ഇരിക്കുകയായിരുന്നു. തിരുമേനി(സ്വ) ഒരു വീഴ്ചയുടെ ശബ്ദം കേട്ടു. തിരുമേനി(സ്വ) പറഞ്ഞു: 'ഇത് എന്തെന്ന് നിങ്ങൾക്കറിയുമോ?' ഞങ്ങൾ പറഞ്ഞു: 'അല്ലാഹുവിനും അവന്റെ തിരുദൂതർക്കുമാണ് കൂടുതൽ അറിയുന്നത്.' തിരുമേനി(സ്വ) പറഞ്ഞു: 'ഇതൊരു കല്ലാണ്, നരകത്തിൽ എഴുപത് വർഷങ്ങളായി അത് എറിയപ്പെട്ടിട്ട്. അത് ഇതുവരെയും നരകത്തിൽ വീണുകൊണ്ടിരിക്കുകയായിരുന്നു. അങ്ങനെ അത് നരകത്തിന്റെ അടിത്തട്ടിൽ എത്തി" (മുസ്‌ലിം).

നബി(സ്വ) പറഞ്ഞു: "അന്ന് നരകം കൊണ്ടുവരപ്പെടും. അതിന് എഴുപതിനായിരം കടിഞ്ഞാണുകൾ ഉണ്ടായിരിക്കും. ഓരോ കടിഞ്ഞാണിനും എഴുപതിനായിരം വീതം മലക്കുകളും ഉണ്ടായിരിക്കും. അവർ അതിനെ വലിച്ചുകൊണ്ടുവരും" (മുസ്‌ലിം).

അബൂഹുറയ്റ(റ)വിൽ നിന്നും നിവേദനം, നബി(സ്വ) പറഞ്ഞു: "നരകത്തിലുള്ള അവിശ്വാസിയുടെ രണ്ട് ചുമലുകൾക്കിടയിലെ ദൂരം അതിവേഗതയിൽ സഞ്ചരിക്കുന്ന ഒരു യാത്രികൻ മൂന്നു ദിവസം സഞ്ചരിക്കുന്ന ദൂരമായിരിക്കും" (മുസ്‌ലിം).

ഇത്രയും പറഞ്ഞത് നരകത്തിന്റെ വലുപ്പവും വ്യാപ്തിയും ആഴവും അറിയിക്കുന്നതിനും



അതിൽ നിന്ന് രക്ഷനേടേണ്ടതിന്റെ പ്രാധാന്യത്തെ അറിയിക്കാനുമാണ്. മനുഷ്യരിൽ അധികവും നരകത്തിന്റെ വിറകുകളായിത്തീരുന്നവരാണ്. നരകത്തിനാകട്ടെ എത്രതന്നെ മനുഷ്യരെ അതിലേക്ക് പ്രവേശിപ്പിച്ചാലും മതിവരുകയുമില്ല.

അല്ലാഹു പറയുന്നു: "നീ നിറഞ്ഞു കഴിഞ്ഞോ എന്ന് നാം നരകത്തോട് പറയുകയും, കൂടുതൽ എന്തെങ്കിലുമുണ്ടോ എന്ന് അത് (നരകം) പറയുകയും ചെയ്യുന്ന ദിവസത്തിലത്രെ അത്'' (ക്വുർആൻ 50:30).

മനുഷ്യർക്ക് അവരുടെ നിഷേധത്തിനും ദുഷ്കർമങ്ങൾക്കും അനുസരിച്ചായിരിക്കും നരകത്തിലെ ശിക്ഷ അനുഭവിക്കേണ്ടിവരിക.

അല്ലാഹു പറയുന്നു: "തീർച്ചയായും കപടവിശ്വാസികൾ നരകത്തിന്റെ അടിത്തട്ടിലാകുന്നു..." (ക്വുർആൻ 4:145).

**നബി(സ്വ) പറഞ്ഞു: "തീർച്ചയായും അന്ത്യനാളിൽ നരകവാസികളിൽ ഏറ്റവും നിസ്സാരമായ ശിക്ഷയർഹിക്കുന്ന വ്യക്തി തീകൊണ്ടുള്ള രണ്ട് ചെരിപ്പുകളും ചെരിപ്പിൻ വള്ളികളും ഉള്ളവനായിരിക്കും. അവരണ്ടും കാരണത്താൽ അയാളുടെ തലച്ചോർ തിളച്ചുമറിയും, ചീനച്ചട്ടി തിളക്കുന്നതുപോലെ. അയാൾ തന്നെക്കാൾ കഠിന ശിക്ഷയുള്ളവർ ആരുമുണ്ടാവില്ലെന്ന് വിചാരിക്കും. എന്നാൽ അയാളാകുന്നു ഏറ്റവും നിസ്സാരമായ ശിക്ഷയുള്ളയാൾ'' (മുസ്‌ലിം).**

"ഓരോരുത്തർക്കും അവർ പ്രവർത്തിച്ചതിന്റെ ഫലമായി പല പദവികൾ ഉണ്ട്" (ക്വുർആൻ 6:132).

നരകത്തിലെ ഏറ്റവും ചെറിയ ശിക്ഷ ഒരു ജോഡി ചെരുപ്പായിരിക്കും. അത് ധരിക്കുന്നവൻ തന്നെക്കാൾ വലിയ ശിക്ഷ അനുഭവിക്കുന്ന ആരുമില്ലെന്ന് വിചാരിക്കും. അത്രയും കഠിനമാണ് നരകത്തിലെ ഏറ്റവും ചെറിയ ശിക്ഷ!

നബി(സ്വ) പറഞ്ഞു: "തീർച്ചയായും അന്ത്യനാളിൽ നരകവാസികളിൽ ഏറ്റവും നിസ്സാരമായ ശിക്ഷയർഹിക്കുന്ന വ്യക്തി തീ കൊണ്ടുള്ള രണ്ട് ചെരിപ്പുകളും ചെരിപ്പിൻ വള്ളികളും ഉള്ളവനായിരിക്കും. അവരണ്ടും കാരണത്താൽ അയാളുടെ തലച്ചോർ തിളച്ചുമറിയും, ചീനച്ചട്ടി തിളക്കുന്നതുപോലെ. അയാൾ തന്നെക്കാൾ കഠിന ശിക്ഷയുള്ളവർ ആരുമുണ്ടാവില്ലെന്ന് വിചാരിക്കും. എന്നാൽ അയാളാകുന്നു ഏറ്റവും നിസ്സാരമായ ശിക്ഷയുള്ളയാൾ" (മുസ്‌ലിം).

ഒരു ഹദീസ്കൂടി കാണുക; അബൂസഈദിൽ ഖുദ്‌രി(റ)യ്യിൽ നിന്ന് നിവേദനം, നബി(സ്വ) പറഞ്ഞു: "തീർച്ചയായും നരകവാസികളിൽ ഏറ്റവും താഴ്ന്ന ശിക്ഷ അർഹിക്കുന്ന വ്യക്തി തീ കൊണ്ടുള്ള രണ്ടു ചെരിപ്പുകൾ ധരിക്കും. തന്റെ ചെരുപ്പുകൾ കാരണത്താൽ അയാളുടെ തലച്ചോർ തിളച്ചുമറിയും" (മുസ്‌ലിം).

കഠിനമായ ശിക്ഷയുടെ സങ്കേതത്തിൽനിന്ന് നിരന്തരം നാം രക്ഷ ചോദിക്കണം. നമസ്കാരത്തിലെ തശഹ്ഹുദിൽ നാം കാവലിനെ ചോദിക്കുന്ന ഈ പ്രാർഥനയുടെ പൊരുൾ ഉൾക്കൊള്ളണം. നസ്കാരത്തിൽ തന്നെ സലാം വീട്ടുന്നതിനുമുമ്പ് പ്രാർഥിക്കാൻ നബി(സ്വ) പഠിപ്പിച്ച ഒരു പ്രാർഥന ഇപ്രകാരം വന്നിട്ടുണ്ട്;

"അല്ലാഹുവേ, നിന്നോട് ഞാൻ സ്വർഗം ചോദിക്കുകയും നരകത്തിൽനിന്ന് രക്ഷ ചോദിക്കുകയും ചെയ്യുന്നു" (അബൂദാവൂദ്).

*(തുടരും)*




# വെറുപ്പിന്റെ തെറിപ്പാട്ട്

സുലൈമാൻ പെരുമുക്ക്

പ്രബുദ്ധത
പുഞ്ചിരിയോടെ
നടക്കുന്ന
ഈ മലയാളമണ്ണിൽ
വെറുപ്പിന്റെ
തെറിപ്പാട്ടുകൾ
കേട്ടുകേട്ടു മടുത്താണ്
ജനമിന്ന്
അറപ്പോടെ
കണ്ണും കാതും
പൊത്തി നടക്കുന്നത്!
പൊട്ടിപ്പൊളിഞ്ഞ
കണ്ണടയിലൂടെ ഇവർ
മറ്റുള്ളവരെ നോക്കി
ഇങ്ങനെ വിഷംചീറ്റി
തെറിപ്പാട്ട് പാടുമ്പോൾ
നിയമം എങ്ങനെയാണ്
മൗനത്തിലൊളിക്കുന്നത്?
പണ്ടൊക്കെ
ഒളിഞ്ഞും
മറഞ്ഞുമായിരുന്നു
പാടി നടന്നിരുന്നതെങ്കിൽ
ഇന്നത് പച്ചക്ക് പറയാൻ
മഹാസമ്മേളനങ്ങളാണ്
ഒരുക്കുന്നത്!
മതമനസ്സുകളുടെയും
മതേതരമനസ്സുകളുടെയും
ഒരുപാട്
മഹാസമ്മേളനങ്ങൾ
ഇന്നലെകളിൽ
കണ്ടതാണ് ഈ കേരളം.
അതൊക്കെ
ചിരിക്കുന്നവരെയും
ചിന്തിക്കുന്നവരെയും
വിളിച്ചുണർത്താനായിരുന്നു.
പക്ഷേ,
ഇന്ന് നടക്കുന്ന
മഹാസമ്മേളനങ്ങൾ
കലാപകാരികൾക്കുള്ള
ലഹരിയാകുന്നതായാണ്
കാണുന്നത്!
എല്ലാ വിഷവും
ഒരുപോലെയാണെന്നു
പറയുമ്പോഴും
ചിലർചീറ്റുന്ന വിഷമത്രയും
ഔഷധമാണെന്ന
ദുർവ്യാഖ്യാനത്തിൽ
ചുംബിച്ചുകൊണ്ടാണ്
അധികാരം അതു
കണ്ടില്ലെന്നു നടിക്കുന്നത്.

# പുറത്തിറങ്ങി...




WISDOM BOOKS

**PUBLISHING || DISTRIBUTION**

Wisdom Books | E.K.P Building | Calicut

Web: www.wisdomislam.org | Email: publication@wisdomislam.org

0495 4019437 9207525244



## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 01. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 4 | ഹുസൈൻ സലഫി |
| 02. സുരക്ഷിതത്വം സമൂഹം ഇസ്‌ലാം | ഉസ്മാൻ പാലക്കാഴി |
| 03. മുഹമ്മദ് നബി(സ്വ) ചരിത്ര സംഗ്രഹം | അബ്ദുല്ലത്തീഫ് സുല്ലമി മാറഞ്ചേരി |
| 04. വീക്ഷണ വ്യത്യാസങ്ങൾ നേരായ സമീപനം | കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ |
| 05. പ്രകാശം പരത്തിയ പ്രവാചകന്മാർ / ഭാഗം 3 | ഹുസൈൻ സലഫി |
| 06. ഐ.എസിന്റെ മതമേത്? | അബ്ദുൽ മാലിക് സലഫി |
| 07. പ്രവാചക കുടുംബവും സ്വഹാബത്തും | വിവർത്തനം: പി.എൻ.അബ്ദുല്ലത്തീഫ് മദനി |
| 08. ഇബാദത്ത്: അർഥവും വ്യാഖ്യാനവും | അൻവർ അബൂബക്കർ |
| 09. പൗരത്വ നിഷേധവും ഇസ്‌ലാമിക സമൂഹവും | സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി |
| 10. മഹാമാരി: 100 കർമശാസ്ത്ര വിധികൾ | ഫൈസൽ മൗലവി പുതുപ്പറമ്പ് |
| 11. പൗരത്വം, ഫാഷിസം, മതനിരപേക്ഷത | ഡോ. കെ.ഇ.എൻ / ഡോ. സി മുഹമ്മദ് റാഫി |
| 12. വിശ്വാസ കാര്യങ്ങൾ, ഭാഗം: ഒന്ന് / അല്ലാഹു | ഉമർകോയ മദീനി |
| 13. ഉത്തമ സ്വഭാവങ്ങൾ | അബ്ദുൽ ജബ്ബാർ മദീനി |
| 14. പ്രാർഥനയുടെ അത്ഭുതങ്ങൾ | സഅഫർ സ്വാദിഖ് മദീനി |

RNI NO: KERMAL/2015/64152
Registered NO:
KL/CT/225/2022-24

Nerpatham Weekly
Published on
2022 May 21

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2022-24
Price: ₹10/-




GET IT ON Google Play

Download on the App Store

**പീസ് റേഡിയോക്കുള്ള താങ്കളുടെ ഓഹരി അയക്കാൻ**

| | |
|---|---|
| A/C No. | **918010068641992** |
| A/C Name | WISDOM ISLAMIC ORGANIZATION COMMUNICATION WING |
| IFSC Code | UTIB0000136 |
| Bank | AXIS BANK LTD CALICUT BRANCH |

FOR RECEIPTS AND MORE DETAILS CONTACT:
**+91 9746 95 0006** (WHATSAPP ONLY)

UPI ID fcbiztvnx4y@freecharge

റേഡിയോ ആപ്പിന്റെ ഹോം പേജിലെ **Donate** ബട്ടൺ പ്രസ് ചെയ്താൽ ലഭിക്കുന്ന വിൻഡോയിൽ നിന്നും **DONATE VIA UPI** എന്ന ഓപ്ഷൻ വഴി നേരിട്ട് പണമയക്കാനുള്ള പ്രത്യേക സംവിധാനം

Scan with any UPI App

BHIM UPI

GooglePay Paytm